Reg No C· 101. M: 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

| പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 വൃശ്ചികം 1 | ലക്കം 13 |
|---|---|---|

## ഹേമന്തപനിനീർപ്പൂവ്

(ജോസഫ് മീനാട്ടൂർ എം. എ. എൽഎൽ. ബി.)

പൂന്തെന്നൽപോലെയാണു് വിശ്രുതി. അതിനു എവിടെയും കടന്നുചെല്ലാം. അതിനു കന്യകാലയങ്ങളിൽ പ്രവേശമുണ്ടു്, രാജകൊട്ടാരങ്ങളിലും. അതു കുടിലുകളിൽ ചെന്നുപററും, കുലടകളെ ആകർഷിക്കും. വനിതകളെ വശീകരിക്കും. പിഞ്ചുകുഞ്ഞുങ്ങളുടെ മുൻപിൽ പൂമ്പാററപോലെ പാറുന്നു കളിക്കും. വൃദ്ധ

എനിക്കു പലരേയും രക്ഷിക്കാൻ പററുമോ?"

"തീർച്ചയായും പററും. പക്ഷെ എന്റെ തങ്കം ഇപ്പോൾ തീരെ കൊച്ചല്ലേ, ഇതൊക്കെ ഓർത്തു ഈ കുഞ്ഞുതല പുകയ്ക്കണ്ടാ" രാജ്ഞി കുഞ്ഞിനെ നെഞ്ചോടുചേർത്തു പുണർന്നു. ഏതാണ്ടൊരു വിഷാദച്ഛായ കലർന്ന പുഞ്ചിരി

"ലിസിക്കുഞ്ഞേ, നമുക്കു അച്ഛന്റെ അടുത്തു പോകാം" രാജ്ഞി എലിസബത്തിനോടു പറഞ്ഞു.

നയതന്ത്രബന്ധങ്ങളുടെ ഒരു വിഭാഗമായിരുന്നു പതിമൂന്നാം ശതകത്തിൽ രാജകീയ വിവാഹബന്ധങ്ങളിൽ പലതും. എലിസബത്തിന്റെ പിതാവായ അന്ത്രയോസ് ദ്വിതീയൻ ഒരു നയതന്ത്രജ്ഞ

ജീവിതം ഹ്രസ്വമാണു്. നമ്മുടെ ആഹ്ളാദങ്ങളുടെ ഇടയ്ക്കു നാം ആ പരമാർത്ഥം പലപ്പോഴും മറന്നുപോകാറുണ്ടു്."

"നമ്മുടെ മരണശേഷം സ്വർഗ്ഗത്തിൽ ഈശോയോടൊന്നിച്ചു നാം കൂടുതൽ സൗഭാഗ്യം അനുഭവിക്കും." എലിസബത്തു് മന്ദാക്ഷസമന്വിതം അറിയിച്ചു.

രാജ്ഞി എലിസബത്തിന്റെ നിഷ്ക



പൈങ്കുളം തിരുഹൃദയമഠത്തിലെ 16 സഹോദരിമാർ നാഗപ്പുഴപ്പള്ളിയിൽവെച്ചു് സഭാവസ്ത്രം സ്വീകരിച്ചപ്പോൾ എടുത്ത ഫോട്ടോ.

ളന്റെ നെറുകയിൽ മുകർന്നു തങ്ങിനിന്നു.

ഒരു പിഞ്ചുകുഞ്ഞു അമ്മയുടെ മടിത്തട്ടിൽ കൈകളൂന്നിച്ചു്. അവരുടെ വക്ഷസ്സിൽ മുഖംചേർത്തുനിന്നുകൊണ്ടു ചോദിച്ചു,

"അമ്മച്ചി, മരണമെന്നു പറഞ്ഞാലെന്നാ?"

"അതോ എന്റെ കുഞ്ഞേ, പാപത്തിന്റെ ശിക്ഷയാ. പക്ഷെ നല്ല ജീവിതം കഴിക്കുന്നവർ മോക്ഷത്തിൽ പോയി തമ്പുരാന്റെകൂടെ ഇരിക്കും. അവർ മററുള്ളോരെയും രക്ഷിക്കും"

"തമ്പുരാന്റെ കൂടെ നമുക്കു നല്ല സൗഖ്യമായിരിക്കുമോ അമ്മേ?"

"ഭൂമിയിലേക്കാളും വളരെ വളരെ സൗഖ്യമായിരിക്കും."

ഒരു ഹംഗേറിയൻ പ്രഭു അതിലെ കടന്നുപോകുന്നതുകണ്ടു്, രാജ്ഞി ഉടയാടകൊണ്ടു തനുവാകെ നല്ലവണ്ണം മറച്ചു. അയാളുടെ സാമീപ്യം അവളുടെ കപോലങ്ങളിൽ കോപസമ്മിളിതമായ ഒരു വിഷാദച്ഛായ ചാർത്തി.

ഹംഗേറിയിലെ സമതലങ്ങൾക്കഭിമുഖമായിനില്ക്കുന്ന കൊട്ടാരത്തിന്റെ അരമതിലിൽ ചാരിയിരുന്നു വിശ്രമിക്കുന്ന രാജ്ഞിയോടു ബാലിക തുടർന്നു ചോദിച്ചു:

"ഞാൻ പാപം ചെയ്യാതിരുന്നാൽ

യോടു പറഞ്ഞു. "എന്റെ ലിസിക്കുട്ടി ഇപ്പോൾ ഹെമ്മനെപ്പററി ഓർത്താൽ മതി. അവനൊരു മിടുക്കൻ രാജകുമാരനാ. കുറേനാൾ കഴിഞ്ഞു അവൻവന്നു എന്റെ ലിസിയെ കെട്ടിക്കൊണ്ടു പോകും."

എലിസബത്തു് പറഞ്ഞു. "അങ്ങനെയാണെങ്കിൽ ഞാൻ പാപമൊന്നും ചെയ്യുകയില്ല. ചെയ്താൽതന്നെ ഞാൻ അവനുവേണ്ടി. പാപം ചെയ്യില്ലാന്നോർത്തു കരയും. അങ്ങനെ ചെയ്താൽ എനിക്കു മററുള്ളവരെ രക്ഷിക്കാൻ പററുമോ?"

"പററും. നീയൊന്നു ആ താഴേയ്ക്കു നോക്കിക്കേ അവിടെയാണു് ത്യൂറിംഗിയൻ പടയാളികൾ നില്ക്കുന്നു അവരെ കാണുമ്പോൾ ഞാൻ നാടിനെപ്പററി ഓർക്കും. വാർട്ട്ബർഗ്ഗിലെ കൊട്ടാരത്തിൽ താമസിക്കുന്നതിനായി നീ ഒരിക്കൽ അവിടെപ്പോകും."

അവരുടെ പിന്നിൽ ഒരു പദവിന്യാസം കേട്ടു. ജർത്രൂദ് രാജ്ഞി തിരിഞ്ഞുനോക്കി. ആ ഹംഗേറിയൻ പ്രഭു വീണ്ടും കടന്നുപോയി. രാജ്ഞിയുടെ കണ്ണുകൾ രോഷംകൊണ്ടു കലങ്ങി.

"ത്യൂറിംഗിയന്മാർ നല്ല മനുഷ്യരാണു്, കുഞ്ഞേ," രാജ്ഞി പറഞ്ഞു, "വളരെ നല്ല മനുഷ്യർ."

ഹംഗേറിയൻ പ്രഭു വീണ്ടും അടുത്തുവന്നു. "ജർമ്മൻകാർ!" അയാൾ പിറുപിറുത്തു.

നായിരുന്നു. പോരെങ്കിൽ അദ്ദേഹത്തിനു രാജസാധാരണമായ പ്രതാപാഭിലാഷവുമുണ്ടായിരുന്നു. അതിനാൽ ത്യൂറിംഗിയായിലെ രാജാവു് തന്റെ പുത്രനായ ഹെമ്മനെക്കൊണ്ടു എലിസബത്തിനെ കല്യാണംകഴിപ്പിക്കണമെന്നു ആവശ്യപ്പെട്ടു് ഒരു സന്ദേശമയച്ചയുടനെ, ഈ ബന്ധം ചക്രവർത്തിയെ എതിർക്കുന്നതിൽ സഹായകമാകുമെന്നു കരുതി, അന്ത്രയോസു രാജാവു് അതിനു സമ്മതിച്ചു. തൽഫലമായി കേവലം ബാലയായ എലിസബത്തിനെ അവളുടെ മാതാവിൽനിന്നു അകററി വാർട്ട്ബർഗ്ഗിലുള്ള കൊട്ടാരത്തിലേക്കു കൊണ്ടുപോയി. അവിടെ ഭാവിശ്വശ്രുവാണു് അവളെ വളർത്തിക്കൊണ്ടുപോന്നതു്.

ഒരു ദിവസം ഒരു സന്ദേശവാഹകൻ ത്യൂറിംഗിയാവനപ്രദേശങ്ങൾ കടന്നു കൊട്ടാരത്തിൽ എത്തി. അയാൾ വന്നയുടനെ രാജ്ഞി എലിസബത്തിനെ വിളിച്ചു പറഞ്ഞു. "എലിസബത്തേ, എലിസബത്തു് താമസിയാതെ രാജ്ഞിയാകും. എന്റെ മകൻ ഹെമ്മന്റെ ഭാര്യയാകും. ഒരു രാജ്ഞി ധൈര്യവതിയായിരിക്കണം. കേട്ടല്ലോ?"

"ഉവ്വ്."

മുൻപിൽ നിന്നിരുന്ന എലിസബത്തിനെ ഒരു അർദ്ധാശ്ലേഷത്തിൽ വലയം ചെയ്തുകൊണ്ടു രാജ്ഞി പറഞ്ഞു, "ഈ

ളങ്കനയനങ്ങളിലേക്കു സൂക്ഷിച്ചുനോക്കി. അവരുടെ കരം എലിസബത്തിന്റെ തോളിൽ ഒന്നുകൂടി അമർത്തിപ്പിടിച്ചു.

"എലിസബത്തിന്റെ അമ്മ ജർത്രൂദ് മരിച്ചു. അവരെ ദുഷ്ടരായ ഹംഗേറിയൻ പ്രഭുക്കന്മാർ കൊന്നുകളഞ്ഞു." ഇത്രയും പറഞ്ഞിട്ടു രാജ്ഞി അടുത്തുള്ള മേശമേൽനിന്നു ഒരു ജപമാലയെടുത്തു എലിസബത്തിന്റെ നേരെ നീട്ടി. "എന്റെ കുഞ്ഞേ, ഇതു പിടിക്കൂ"

തൽക്ഷണം ഒരു സേവകൻ അവരുടെ കക്ഷ്യയിൽ പ്രവേശിച്ചു. അയാളുടെ മുഖം പരിഭ്രാന്തമായിരുന്നു. അയാൾ രാജ്ഞിയുടെ മുൻപിൽ മുട്ടുകുത്തി.

"തിരുമനസ്സുകൊണ്ടു ക്ഷമിക്കണേ, ഇപ്പോൾ കയറിവന്നതു്. മഹാരാജാവു് തിരുമനസ്സുകൊണ്ടു കല്പിച്ചയച്ചതാണു്. തിരുമനസ്സിലെ പുത്രൻ ഹെമ്മനു് ഭയങ്കരരോഗം. പ്ലേഗാണെന്നാണു് വൈദ്യന്മാർ പറയുന്നതു്."

രാജ്ഞി മരവിച്ചുനിന്നുപോയി. അശ്രുപൂർണ്ണമിഴിയായ എലിസബത്തു് രാജ്ഞിയുടെ കൈക്കുപിടിച്ചുകൊണ്ടു പറഞ്ഞു "ഞാൻ അങ്ങേക്കുവേണ്ടി അപേക്ഷിക്കും. തപഃക്രിയകൾ ചെയ്യും."

അവളുടെ അമ്മയെയും മുൻപിൽ സ്തംഭിച്ചുനില്ക്കുന്ന രാജ്ഞിയെയും മിക്കവാറും അപരിചിതനായിരുന്ന ഹെമ്മ

(ശേഷം 12-ാം പേജിൽ)

കുടുംബപംക്തി

# മാതാക്കളോടു്

## മാർപ്പാപ്പായുടെ ഉൽബോധനം

ദൈവത്തേയും ക്രിസ്തുനാഥനേയും നമ്മുടെ മാതാവായ സഭയേയും സഭയുടെ വൈദികരേയും സ്നേഹിക്കുന്നതിനു് നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുവിൻ.

### IV

നിങ്ങളുടെ പുത്രീപുത്രന്മാരുടെ ക്രിസ്തീയവിദ്യാഭ്യാസമാകുന്ന ഈ മഹത്തായ വേലയിൽ കുടുംബത്തിലെ ശിക്ഷണം—അതു് എത്രമാത്രം ബുദ്ധിപൂർവ്വവും പരിപൂർണ്ണവും ആയിക്കൊള്ളട്ടെ—മാത്രം പോരാ എന്നു നിങ്ങൾ നന്നായി ഗ്രഹിക്കണം. മതത്തിന്റെ ശക്തിമത്തായ സഹായം അതിനെ പൂരിപ്പിക്കുകയും പൂർണ്ണമാക്കുകയും ചെയ്യണം. ജ്ഞാനസ്നാനത്തിന്റെ നിമിഷംമുതൽ നിങ്ങളുടെ കുട്ടികളുടെമേൽ ആദ്ധ്യാത്മികപിതാവിന്റെയും ഇടയന്റെയും അധികാരം വൈദികനുണ്ടു്. സമഗ്രമായ വിദ്യാഭ്യാസത്തിന്റെ ഏക അടിസ്ഥാനമായ വേദോപദേശത്തിന്റെ പ്രഥമതത്വങ്ങളും ഭക്തവിഷയങ്ങളും അവരെ പഠിപ്പിക്കുന്നതിൽ നിങ്ങൾ വൈദികനുമായി സഹകരിക്കണം. ഇവ സംബന്ധിച്ചു് ആദ്യത്തെ അദ്ധ്യാപകരായ നിങ്ങൾക്കും സ്പഷ്ടവും സന്ദിഗ്ദ്ധരഹിതവും ആയ ജ്ഞാനമുണ്ടായിരിക്കണം. നിങ്ങൾക്കു് അറിഞ്ഞുകൂടാത്തവ പഠിപ്പിക്കുവാൻ നിങ്ങൾക്കു സാദ്ധ്യമല്ലല്ലോ. ദൈവത്തെ സ്നേഹിക്കുന്നതിനു് അവരെ പഠിപ്പിക്കുവിൻ; ക്രിസ്തുനാഥനെ സ്നേഹിക്കുന്നതിനു് അവരെ പഠിപ്പിക്കുവിൻ; നമ്മുടെ മാതാവായ സഭയേയും, നിങ്ങളെ നയിക്കുന്ന സഭയുടെ വൈദികരേയും സ്നേഹിക്കുന്നതിനു് അവരെ പഠിപ്പിക്കുവിൻ. വേദോപദേശത്തെ സ്നേഹിക്കുകയും അതിനെ സ്നേഹിക്കുന്നതിനു കുട്ടികളെ പഠിപ്പിക്കുകയും ചെയ്ക. ദൈവസ്നേഹം, ദൈവഭയം, ക്രിസ്തീയവിജ്ഞാനം, നിത്യജീവൻ ഇവയെപ്പററി പ്രതിപാദിക്കുന്ന ലഘുഗ്രന്ഥമാണു് "വേദോപദേശം."

നാനാമുഖമായ നിങ്ങളുടെ അദ്ധ്യാപനവിഷയത്തിൽ മററുള്ളവരുടെ സഹായം നിങ്ങൾക്കു വേണ്ടിവരുകയും ഈ സഹായം തേടേണ്ടതിന്റെ ആവശ്യകത അനുഭവപ്പെടുകയും ചെയ്യും. നിങ്ങളെപ്പോലെ ക്രിസ്തീയത്വം ഉള്ളവരെ തിരഞ്ഞെടുക്കുക. നിങ്ങൾ അവരെ ഏല്പിക്കുന്ന നിക്ഷേപത്തിന്റെ അനർഘത ആവശ്യപ്പെടുന്നത്ര ജാഗ്രതയോടെ ഈ സഹായകരെ നിങ്ങൾ തിരഞ്ഞെടുക്കണം. നിങ്ങളുടെ കുട്ടികളുടെ മതവിശ്വാസവും ജീവിതശുദ്ധിയും ഭക്തജീവിതവും നിങ്ങൾ ഇവർക്കു് ഏല്പിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്. എന്നാൽ ഒരിക്കൽ ഇവരെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ പിന്നെ നിങ്ങളുടെ കർത്തവ്യത്തിൽനിന്നും ജാഗരൂകതയിൽനിന്നും നിങ്ങൾ വിമുക്തരായി എന്നു വിചാരിച്ചുപോകരുതു്. ഇവരുമായി നിങ്ങൾ സഹകരിക്കണം. സ്കൂൾ അദ്ധ്യാപകന്മാർ എത്ര വിദഗ്ദ്ധരായിരുന്നാലും നിങ്ങളുടെ സഹകരണം കൂടാതെ കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിൽ വലിയ വിജയം വരിക്കുവാൻ അവർക്കു സാധിക്കയില്ല. അവരുടെ യത്നങ്ങളെ നിങ്ങൾ സഹായിക്കുന്നതിനു പകരം അവയെ നിഷ്ഫലമാക്കുകയും എതിർക്കുകയും ചെയ്താൽ അവർക്കു പിന്നെ വിജയം സാദ്ധ്യമല്ലല്ലോ. കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിനും ഭക്തിവർദ്ധനവിനും വേണ്ടി വിദ്യാലയത്തിലും വേദപാഠക്ലാസിലും കത്തോലിക്കാസംഘങ്ങളിലും ചെയ്തുവരുന്ന പ്രയത്നങ്ങൾ നിങ്ങളുടെ വിവേകരാഹിത്യവും അമിതസ്നേഹജന്യമായ ബലഹീനതയുംമൂലം വ്യർത്ഥമായിപ്പോകുന്നെങ്കിൽ അതു ഏററം നിർഭാഗ്യകരംതന്നെ.

പക്ഷെ ഇക്കാലത്തു കുട്ടികളെ നിയന്ത്രിക്കുവാൻ വളരെ പ്രയാസമാണു്; എന്റെ ആ മകനെ ഒന്നും ചെയ്യാൻ നിവൃത്തിയില്ല; ആ മകളുടെ കാര്യം അസാദ്ധ്യംതന്നെ, എന്നു ചില മാതാക്കൾ പറയുമായിരിക്കാം. പന്ത്രണ്ടോ പതിനഞ്ചോ വയസ്സാകുമ്പോഴേക്കു പല കുട്ടികളും നിയന്ത്രണാതീതരായി കാണപ്പെടുമെന്നുള്ളതു വാസ്തവംതന്നെ. പക്ഷെ അതിന്റെ കാരണമെന്താണു്? രണ്ടോ മൂന്നോ വയസ്സായിരുന്നപ്പോൾ അവരെ യഥേഷ്ടം പ്രവർത്തിക്കുവാൻ അനുവദിച്ചതാണു് അതിന്റെ കാരണം. ചിലർ പ്രകൃത്യാ കൃതഘ്നരും കലഹകാരികളും ആയിരിക്കുമെന്നുള്ളതു് ശരിതന്നെ. അത്തരം പ്രകൃതമുള്ളവൻ എത്രതന്നെ നിരുത്തരവാദിയും ശാഠ്യക്കാരനും ആയിക്കൊള്ളട്ടെ. അവൻ നിങ്ങളുടെ പുത്രൻ തന്നെ ആണല്ലോ. അവൻ വികലാംഗനും രോഗിയും ആയിരുന്നാൽ അവന്റെ സഹോദരീസഹോദരന്മാരെക്കാൾ കുറവായി നിങ്ങൾ അവനെ സ്നേഹിക്കുമോ? ദൈവം അവനെ നിങ്ങൾക്കു തന്നിരിക്കുന്നു. കുടുംബഭ്രഷ്ടനായവനെപ്പോലെ അവനോടു പെരുമാറാതിരിക്കുവാൻ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. ക്ഷമയോടും സ്നേഹത്തോടുംകൂടിയ, ശ്രദ്ധാപൂർവ്വമായ, ശിക്ഷണം വഴി നേർവഴിക്കു തിരിക്കുവാൻ വയ്യാത്തവിധം വഴിപിഴച്ചകുട്ടികൾ ആരുംതന്നെ കാണുകയില്ല. ഏററം ഉദ്ധതനായവന്റെ ഹൃദയത്തിൽപ്പോലും ഗുപ്തമായിരിക്കുന്ന സന്മനസ്സിന്റെ ബീജം അവിഹിതമായ കാർക്കശ്യത്താൽ നഷ്ടപ്പെടാതിരുന്നാൽ ഏററം ഉറച്ചതും വരണ്ടതും ആയ ഭൂമിപോലും വിധേയത്വത്തിന്റെയും സൽഗുണത്തിന്റെയും ചില കുസുമങ്ങൾ അപൂർവ്വമായിട്ടേ പുറപ്പെടുവിക്കാതിരിക്കയുള്ളു. നിങ്ങളുടെ കുട്ടികളിൽ ആരുടെയെങ്കിലും നേർക്കു നിങ്ങൾക്കു പക്ഷപാതിത്വമോ, പ്രത്യേക സ്നേഹമോ അഥവാ വെറുപ്പോ ഉണ്ടെന്നു കുട്ടികൾ മനസ്സിലാക്കുന്നെങ്കിൽ—അവരുടെ നയനങ്ങൾ വളരെ സൂക്ഷ്മങ്ങളത്രേ—അവരുടെ ശിക്ഷണം മുഴുവൻ പാഴായിപ്പോകും. മിതമായ ശിക്ഷയോ പ്രോത്സാഹനമോ, സ്നേഹചുംബനമോ നിങ്ങൾ നല്കുമ്പോൾ എല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നുവെന്നു് നിങ്ങൾ വ്യക്തമാക്കേണ്ടതു് കുടുംബത്തിന്റെയും നിങ്ങളുടെതന്നെയും നന്മയ്ക്കു ആവശ്യമത്രേ. തിന്മയുടെ പരിഹാരത്തിനും നന്മയുടെ പ്രോത്സാഹനത്തിനുമല്ലാതെ ആ സ്നേഹത്തിൽ യാതൊരുവിധ പ്രത്യേകതയും ഉണ്ടാകരുതു്. എല്ലാകുട്ടികളേയും ഒരുപോലെയല്ലയോ നിങ്ങൾ ദൈവത്തിൽനിന്നും സ്വീകരിച്ചിട്ടുള്ളതു്.

ക്രിസ്തീയമാതാക്കളേ, നമ്മുടെ വാക്കുകൾ പ്രധാനമായി നിങ്ങളെ ഉദ്ദേശിച്ചുള്ളതാണു്. എന്നാൽ നിങ്ങളോടുകൂടെ നമ്മുടെ ചുററും കന്യാസ്ത്രീകളുടേയും അദ്ധ്യാപികമാരുടേയും ക്രിസ്തീയവിദ്യാഭ്യസനത്തിൽ ഏർപ്പെട്ടിരിക്കുന്ന മററുള്ളവരുടേയും ഒരു സമൂഹത്തെ നാം കാണുന്നു. അവരും മാതാക്കളാണു്; പ്രകൃത്യാതന്നെയോ രക്തത്താലോ അല്ല; പ്രത്യുത ക്രിസ്തുവിന്റെയും അവിടുത്തെ വധുവായ സഭയുടേയും സ്നേഹഭാജനങ്ങളായ കുട്ടികളുടെ നേർക്കു് അവർക്കുള്ള സ്നേഹത്താലത്രേ. അതേ, നിങ്ങളും മാതാക്കളത്രേ; ക്രിസ്തീയമാതാക്കളോടു് തോളോടുതോൾ ചേർന്നു് വിദ്യാഭ്യസനത്തിൽ പ്രവർത്തിക്കുന്നു നിങ്ങൾ. എന്തുകൊണ്ടെന്നാൽ പരിശുദ്ധാരൂപി നിങ്ങളിലേക്കു പകർന്നിരിക്കുന്ന ദിവ്യസ്നേഹത്താൽ ഉജ്ജ്വലിക്കുന്ന ഒരു മാതൃഹൃദയം നിങ്ങൾക്കുണ്ടു്. നന്മ പ്രവർത്തിക്കുന്നതിനു് നിങ്ങളെ നിർബന്ധിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുവിന്റെ സ്നേഹമാകുന്ന ഈ സ്നേഹത്തിൽ പ്രകാശവും ആശ്വാസവും, മാതാക്കളിലേക്കും പിതാക്കളിലേക്കും കുട്ടികളിലേക്കും നിങ്ങളെ അതിവം അടുപ്പിക്കുന്ന ആ പ്രവർത്തനവും നിങ്ങൾ കണ്ടെത്തുന്നു. സമുദായത്തിന്റെ സജീവശാഖകളും അവരുടെ മാതാപിതാക്കന്മാരുടേയും സഭയുടേയും പ്രത്യാശയും ആയ ഈ കുട്ടികളെ നിങ്ങൾ ഒരുമിച്ചുശേഖരിച്ചു് ആയിരക്കണക്കിനു് ചെറുകുഞ്ഞുങ്ങളുടെ ഒരു വിപുല കുടുംബമാക്കിത്തീർക്കുന്നു. അവരുടെ മനസ്സിന്റെയും സ്വഭാവത്തിന്റെയും ഹൃദയത്തിന്റെയും ശിക്ഷണത്തെ നിങ്ങൾ വികസിപ്പിക്കുന്നു; ആദ്ധ്യാത്മികവും ധാർമ്മികവും ആയ അന്തരീക്ഷത്തിൽ നിങ്ങൾ അവരെ വളർത്തുന്നു. ഈ അന്തരീക്ഷത്തിൽ ദൈവത്തിലുള്ള വിശ്വാസത്തിനും വിശുദ്ധവസ്തുക്കളോടുള്ള ആദരവിനും മാതാപിതാക്കന്മാരുടേയും രാഷ്ട്രത്തിന്റെയും നേർക്കുള്ള ചുമതലാബോധത്തിനും പുറമേ നിഷ്കളങ്കതയുടെ ആനന്ദവും പ്രകാശിതമാകുന്നു. സർവ്വമാതാക്കളുടേയും കൃതജ്ഞതയോടൊരുമിച്ചു് നമ്മുടെ പ്രശംസയും നന്ദിപ്രകടനവും ധാരാളമായി നിങ്ങൾ സ്വീകരിച്ചാലും. നിങ്ങളുടെ സ്കൂളുകളിലും സ്ഥാപനങ്ങളിലും കോളേജുകളിലും സംഘങ്ങളിലും മാതാക്കളുടെ ശിക്ഷണജോലിയെ നിങ്ങൾ അനുകരിക്കയും തുടരുകയും ചെയ്യുന്നു. നിങ്ങൾ തികച്ചും ആദ്ധ്യാത്മികമാതാക്കളുടെ ഒരു സഹോദരീസംഘമാണു്. യുവത്വത്തിന്റെ നിർമ്മലകുസുമങ്ങളാണു നിങ്ങളുടെ സന്താനങ്ങൾ.

ക്രിസ്തീയ മാതാക്കളേ, പ്രിയ പുത്രിമാരേ, ഇക്കാലത്തു് അനവധി വിഷമങ്ങളും പ്രതിബന്ധങ്ങളും നിറഞ്ഞിരിക്കുന്ന നിങ്ങളുടെ അതുല്യമായ വേലയുടെ മഹത്വത്തെപ്പററി ചുരുക്കമായി നാം പ്രതിപാദിച്ചുകഴിഞ്ഞിരിക്കുന്നു. കുടുംബത്തിൽ തൊട്ടിലിനരികെനിന്നു തന്റെ കർത്തവ്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന മാതാവു്, സ്വന്തം കുഞ്ഞുങ്ങളുടെ ധാത്രിയും അദ്ധ്യാപികയും—എത്ര മഹനീയമായ രൂപമാണതു്! അവളുടെ കർത്തവ്യം ക്ലേശകരമായതുതന്നെ. അവളുടെ അനുദിനജീവിതത്തിലെ അദ്ധ്വാനത്തിലും ഉൽക്കണ്ഠകളിലും അവൾക്കു നിരന്തരം പ്രകാശം നല്കുകയും അവളെ നയിക്കുകയും താങ്ങുകയും ചെയ്യുന്ന ദൈവാനുഗ്രഹത്തിന്റെയും, യുവഹൃദയങ്ങളുടെ സ്വഭാവരൂപവൽക്കരണത്തിൽ അവൾ സഹായം അർത്ഥിക്കുന്ന മാതൃതുല്യമായ അരൂപിയോടും ചൈതന്യത്തോടുംകൂടിയ മററു അദ്ധ്യാപികകളുടേയും സഹായമില്ലായിരുന്നുവെങ്കിൽ ഈ കർത്തവ്യനിർവ്വഹണത്തിനു് അവൾ അപ്രാപ്തയായിത്തീരുമായിരുന്നുവെന്നു നാം വിചാരിക്കേണ്ടിയിരിക്കുന്നു. അവിടുത്തെ അനുഗ്രഹങ്ങൾ സമൃദ്ധിയായി നിങ്ങളുടേമേൽ വർഷിക്കുന്നതിനും നിങ്ങളെ ഭരമേൽപിച്ചിരിക്കുന്ന സന്താനങ്ങളുടെ പ്രവർത്തനങ്ങൾ വികസിപ്പിക്കുന്നതിനും ദൈവത്തെ പ്രാർത്ഥിക്കുന്നു. സ്വർഗ്ഗീയാനുഗ്രഹലബ്ധിയുടെ ഒരുറപ്പു് എന്ന നിലയിൽ നമ്മുടെ പൈതൃകമായ അപ്പസ്തോലികാശീർവ്വാദം ഹൃദയപൂർവ്വം നിങ്ങൾക്കു നാം നൽകുകയും ചെയ്യുന്നു.

(സമാപ്തം)

(എ. വി. തോമസ്സു്, ബോംബെ)

ക്രിസ്തുസ് കാർഡുകൾ
കാർഡുബോർഡ് ക്രിബ്ബുകൾ
ചൈനാവിളക്കുകൾ
മുതലായവ പല തരത്തിലും പല വിലനിരക്കിലുമുള്ളതു;
ആകാശവിളക്കു നിർമ്മിക്കുന്നതിനു്
ഉപയുക്തമായതും, പലതരത്തിലും വർണ്ണത്തിലും, ചൈനാപേപ്പറിൽ അടിച്ചതുമായ പിറവിപടങ്ങൾക്കു് 1-നു് 8 പൈ. 100 ക്കു 3 ക. 8 ണ. 500 ക്കു 15 ക. പോസ്റ്റേജ് പുറമെ.
മാനേജർ
ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ A. O. & P. O.

പുസ്തകാഭിപ്രായം

## സുവിശേഷങ്ങൾ

(എസ്. എച്ച്. ലീഗ്, അപ്പസ്തോലിക്ക സെമ്മിനരി, ആലുവാ. വില 2ക. 10ണ.)

മംഗലപ്പുഴ സെമ്മിനരിയിലെ ഇക്കൊല്ലത്തെ നവവൈദികർ പരിഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു ഗ്രന്ഥമാണു സുവിശേഷങ്ങൾ. മോൺസിഞ്ഞോർ നോക്സു് അവർകളുടെ പ്രസിദ്ധമായ ആംഗ്ലേയപരിഭാഷയാണു് വിവർത്തകർ മൂലമായി സ്വീകരിച്ചിട്ടുള്ളതു്. വൈദികവിദ്യാർത്ഥികൾക്കു കൈകാര്യംചെയ്യത്തക്ക ഒരു ജോലിയാണോ വേദപുസ്തകവിവർത്തനമെന്നു പലരും ചോദിച്ചേക്കാം. സമർത്ഥമായ നേതൃത്വത്തിൽ ഏററു് ഉപകരണങ്ങളും ഉൽകൃഷ്ടതപ്രാപിക്കുന്നുണ്ടെന്നു് അനുഭവവേദ്യമാകയാൽ ഫാദർ മാത്യു വടക്കേൽ അവർകളുടെ മേൽനോട്ടത്തിൽ നടത്തിയിരിക്കുന്ന ഈ പരിഭാഷ ഹൃദ്യമായിട്ടുണ്ടെന്നു് പ്രസ്താവിക്കുന്നതിൽ സന്തോഷമുണ്ടു്. ശ്രീ മയ്യനാടിന്റെ തർജ്ജിമയ്ക്കുള്ള സാരള്യം ഈ പരിഭാഷയ്ക്കില്ല; എന്നാൽ അദ്ദേഹത്തിന്റെ പരിഭാഷയെ സംബന്ധിച്ചുണ്ടായ നിരൂപണങ്ങൾ ഈ വിവർത്തകർ കൺമുമ്പിൽ വച്ചിട്ടുണ്ടെന്നു് ആക്കു വായിച്ചാലും മനസ്സിലാകുന്നതാണു്. സംജ്ഞാനാമങ്ങൾ മിക്കതും നമ്മൾ പരിചയപ്പെട്ടിരിക്കുന്ന വിധം പ്രയോഗിച്ചിട്ടുണ്ടു്. മത്തേവൂസു തുടങ്ങിയ തനി ലത്തീൻശൈലിയോ, സന്തക്കായർ തുടങ്ങിയ തനി സുറിയാനിശൈലിയോ, സെയിന്റു മാത്യു തുടങ്ങിയ തനി ഇംഗ്ലീഷുശൈലിയോ ഈ പരിഭാഷയിൽ സ്വീകരിച്ചിട്ടില്ലെന്നു കാണുന്നതു് ഏററവും ആശ്വാസകരമാണു്. ഭാഷ ലളിതവുമാണു്.

വിവിധവിവർത്തനങ്ങൾ തമ്മിലുള്ള അന്തരം ഒരുദാഹരണംകൊണ്ടു വിശദമാക്കാം. വി. മത്തായിയുടെ സുവിശേഷം മൂന്നാം അദ്ധ്യായം ഒന്നുംരണ്ടും വാക്യങ്ങൾ ഈ വിവർത്തനത്തിൽ കൊടുത്തിട്ടുള്ളതു് ഇപ്രകാരമാണു്: "അക്കാലത്തു യൂദയായിലെ മരുഭൂമിയിൽ പ്രസംഗിച്ചുകൊണ്ടു സ്നാപകയോഹന്നാൻ പ്രത്യക്ഷനായി. "അനുതപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." എന്നു അവൻ പറഞ്ഞു കർത്താവിന്റെ വഴിയെ ഒരുക്കുവിൻ." ശ്രീ മയ്യനാടിന്റെ പരിഭാഷ: "അക്കാലത്തു യോഹന്നാൻസ്നാപകൻ പ്രത്യക്ഷപ്പെട്ടു യൂദയായിലെ മരുഭൂമിയിൽ ധർമ്മോപദേശം ചെയ്യുകയായിരുന്നു. "പശ്ചാത്തപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." എന്നു പറഞ്ഞു. ഭഗവാന്റെ മാർഗ്ഗത്തെ സജ്ജീകരിക്കുവിൻ." എൽ. എം. തോമസിന്റെ വിവർത്തനം: "ആ ദിനങ്ങളിൽ സ്നാപകയോഹന്നാൻ യൂദയായിലെ അരണ്യപ്രാന്തങ്ങളിൽ വന്നു പ്രസംഗിച്ചുകൊണ്ടു "നിങ്ങൾ പശ്ചാത്തപിക്കുവിൻ. കാരണം സ്വർഗ്ഗരാജ്യം സമീപഗതമായിരിക്കുന്നു"വെന്നു പറഞ്ഞു. കർത്താവിന്റെ

(ശേഷം 11-ാം പേജിൽ)

കുർബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾ
സൂർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്കു്, ബ്രോഡ്വെ-എറണാകുളം.

# മി. കെ. എൻ. ദാനിയേലിൻെറ പിഴമൂളൽ

(വന്ദ്യ ദിവ്യശ്രീ ചേപ്പാട്ടു പീലിപ്പോസ് റമ്പാൻ)

ഈ കഴിഞ്ഞ കന്നി-വൃശ്ചികം "മലങ്കരസഭാതാരക"യിൽ, മി. കെ. എൻ. ദാനിയേൽ നടത്തിയ അപകീർത്തിക്കേസിനെപ്പററി അദ്ദേഹംതന്നെ ഒരു ലേഖനം പ്രസിദ്ധംചെയ്തുകാണുന്നു. ആ കേസിൽ താൻ കൊടുത്ത സാക്ഷിപ്പട്ടികയിൽ കത്തോലിക്കാസഭയിലെ മാന്യന്മാരായ പട്ടക്കാരിൽ മൂന്നുപേരെക്കൂടെ ഉൾപ്പെടുത്തിയിരുന്നു. അങ്ങനെ അവരെ സാക്ഷിക്കൂട്ടിൽ കയററി വിസ്തരിപ്പാൻ സാധിച്ചതിലുള്ള സന്തോഷവും സംതൃപ്തിയും പ്രകടിപ്പിച്ച് ചാരിതാർത്ഥ്യം അടഞ്ഞുകൊണ്ടു് അദ്ദേഹം ഇങ്ങനെ എഴുതുന്നു.

"മി. ചാക്കോയെ ശിക്ഷിക്കണമെന്നുള്ളതു് എൻെറ ഉദ്ദേശമായിരുന്നില്ല. ഈ വാദവിഷയത്തെപ്പററി രണ്ടുഭാഗവും വരുന്ന ഒരു പുസ്തകം ഇരുകക്ഷിയും ചേർന്നു പ്രസിദ്ധപ്പെടുത്തുന്നതു് സമ്മതമാണെങ്കിൽ കേസ് രാജിയാകാമെന്നു ഞാൻ പലപ്രാവശ്യം പറഞ്ഞതാണു്. കേസിൽ ഞാൻ തോററു എങ്കിലും ഉദ്ദേശം സാധിച്ചു. മൂന്നച്ചന്മാർ സാക്ഷിക്കൂട്ടിൽ വന്നു. മൂന്നുപേരും പിഴമൂളിയേച്ചു പോയി. സാക്ഷിക്കൂട്ടിൽ വന്നില്ലായിരുന്നെങ്കിൽ അവർ ആ ചോദ്യത്തിനു് ഉത്തരം പറകയില്ല. ഇങ്ങനെ റോമ്മാസഭയിലെ പ്രമുഖന്മാരായ മൂന്നച്ചന്മാർ ലജ്ജാകരമാംവണ്ണം പിഴമൂളിയ റിക്കാർഡിരിക്കുമ്പോൾ ദാനിയേലിൻെറ വാദങ്ങൾ കേവലം ശിഥിലങ്ങളാണു്, മറുപടി അർഹിക്കുന്നവയല്ല, എന്നിങ്ങനെ അഭിമാനമുള്ള റോമൻ കത്തോലിക്കർക്കു് പറയാൻ സാധിക്കുകയില്ല എന്നായി. മള്ളൂർ ഗോവിന്ദപ്പിള്ളയെപ്പോലെ അതിസമർത്ഥനായ ഒരു വക്കീൽ എന്നെ അനേകദിവസം വിസ്തരിച്ചിട്ടും എന്നെക്കൊണ്ടൊരു പിഴമൂളിക്കാൻ സാധിച്ചില്ലെന്നുള്ളതും റിക്കാർഡായി. വിവാദഗ്രന്ഥത്തിൽ ഞാൻ ഒട്ടുവളരെ ഗ്രന്ഥങ്ങൾ ഉദ്ധരിച്ചിട്ടുണ്ടല്ലോ ഞാൻ ഏതെങ്കിലും ഒരുദ്ധരണം പിഴക്കുകയോ തർജ്ജിമപിഴക്കുകയോ ചെയ്തിട്ടുണ്ടായിരുന്നെങ്കിൽ ആ പുസ്തകം എടുത്തുകാണിച്ചുകൊണ്ടു് എന്നെ വിസ്തരിച്ചാൽ ഞാൻ എളുതമിട്ടു പോകുമെന്നു് ആർക്കാണറിഞ്ഞുകൂടാത്തതു്. അങ്ങനെ യാതൊന്നും അവർ കണ്ടില്ലെന്നു് എൻെറ മൊഴിപ്പകർപ്പു് അനിഷേധ്യമായ ഒരു രേഖയാണു്. ഇങ്ങനെ ഒരു രേഖയുണ്ടായതു് കൊച്ചു സംഗതിയോ. സാക്ഷിക്കൂട്ടിൽ വന്ന മൂന്നച്ചന്മാരെക്കൊണ്ടും പിഴമൂളിച്ചതുപോലെ എന്നെക്കൊണ്ടു പിഴമൂളിച്ചിട്ടുണ്ടെങ്കിൽ ആ ഭാഗം ഒന്നുദ്ധരിക്കണമെന്നു് കൗശലപദ്ധതിയിൽ ഞാൻ ആവശ്യപ്പെട്ടിരുന്നല്ലോ. (പുറം 126—128) ആ അഹ്വാനം ഞാൻ വീണ്ടും ആവർത്തിക്കുന്നു." അങ്ങനെ പോകുന്നു ആ ലേഖനം.

ജയിക്കണമെന്നു് ഉദ്ദേശമില്ലാതെയാണു് താൻ കേസുകൊടുത്തതെന്നു് മി. ദാനിയേൽ പറയുന്നു. ജയിക്കണമെന്നു ആഗ്രഹം ഇല്ലായിരുന്നു എങ്കിൽ അദ്ദേഹത്തിൻെറ ഉദ്ദേശം തെററായിരുന്നു എന്നു വരുന്നു. പിന്നീടു് അദ്ദേഹം പറയുന്നതു് രണ്ടുഭാഗവും വരുന്ന ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തി കേസ് അവസാനിപ്പിക്കാമെന്നു് പലപ്രാവശ്യം മി. ചാക്കോയോടു താൻ പറഞ്ഞു എന്നാണു്. പാവം. ഇത്രനാൾ ഇവർ തമ്മിൽ പരിചയപ്പെട്ടിരുന്നിട്ടും മി. ചാക്കോയെ കക്ഷിക്കു മനസ്സിലാകാതെപോവാനും ഇങ്ങനെയൊരു അപകടത്തിൽ ചെന്നുചാടാനും ഇടയായതു പരിതാപകരംതന്നെ. "രണ്ടുഭാഗവും വരുന്ന"—എന്നുവച്ചാൽ മാർപ്പാപ്പാക്കു് അപ്രമാദിത്വം ഉണ്ടെന്നും ഇല്ലെന്നും—അങ്ങനെ ഉണ്ടെന്നും ഇല്ലെന്നും പറയുന്ന ഒരു ഗ്രന്ഥം എഴുതുവാൻ മി. ചാക്കോയെ കിട്ടുമെന്നു് മി. ദാനിയേൽ വ്യാമോഹിച്ചതു് കുറെ കടപ്പമായിപ്പോയി. സാക്ഷിപ്പട്ടികയിൽ ചേർത്തു നോട്ടീസയച്ചു് ഒരു സാധാരണക്കാരനെ കച്ചേരികയററാൻ ആർക്കും സാധിക്കും. അതൊരു സാമർത്ഥ്യമായി ആർക്കും തോന്നുന്നതുമല്ല. എന്നാൽ തനിക്കു ജയം ലഭിക്കയില്ലെന്നു മുൻകൂട്ടി അറിയാമായിരുന്നൊരു അപകീർത്തിക്കേസുകൊടുത്തു് അതിൻെറ തെളിവിലേക്കാണെന്നുള്ള ഭാവത്തിൽ മാന്യന്മാരായ ചില പട്ടക്കാരുടെ പേരുകൂടെ തൻെറ സാക്ഷിപ്പട്ടികയിൽ ചേർത്തു് നോട്ടീസയച്ചുവരുത്തി അവരെ കച്ചേരി കയററിയതു് അഭിമാനമായി കരുതുന്ന ഒരു ക്രിസ്ത്യാനിയുടെ ക്രിസ്ത്യാനിത്വത്തെപ്പററി പരിതപിക്കാതെ ഗത്യന്തരമില്ല; എന്നാൽ ഇതൊരു ചെറിയ കാര്യമാണോ എന്നു് അയാൾ വമ്പുപറകയുംകൂടെ ചെയ്താൽ അതിനെപ്പററി എന്താണു പറവാനുള്ളതു്. തന്നെയല്ല, ആ മൂന്നച്ചന്മാർ പിഴമൂളിയത്രേ! അവരുടെ മൊഴികൾ വായിച്ചിട്ടുള്ളവർക്കു് ആർക്കും അങ്ങനെ പറയാൻ ധൈര്യം തോന്നുകയില്ല. മി. ദാനിയേലിൻെറ ഈ പ്രഖ്യാപനത്തിൽ അവർ മൗനം ദീക്ഷിക്കുന്നതും കുററമല്ല. യോഗ്യന്മാർ അങ്ങനെ ചെയ്കയേയുള്ളു എന്നു് ആർക്കാണറിവാൻ പാടില്ലാത്തതു്? ഒരു ഗുസ്തിപീടത്തത്തിൽ മൂന്നുപ്രാവശ്യം മലത്തിയടിച്ചു് പുറംപാത്തിയിൽ മണ്ണും പുരട്ടി വിട്ടിട്ടു് വളരെ നേരം ബോധരഹിതനായി മയങ്ങിക്കിടന്നശേഷം വീണ്ടും ബോധം വീണെണീററു താൻ വിചാരിച്ചകാര്യം സാധിച്ചെന്നും തോററതായി താൻ സമ്മതിക്കുന്നില്ലെന്നും വേണമെങ്കിൽ ഒന്നുകൂടെ നോക്കാമെന്നും പുറകിൽനിന്നു വിളിച്ചുപറഞ്ഞാൽ ആ ആഹ്വാനത്തിനു് ചെവികൊടുക്കുന്നതാരാണു്? അതു ഗൗനിക്കാതിരിക്കുന്നതു അവഹിതമോ?

ആ കേസിൽ ഞാൻ ഒരു പിഴയും മൂളുകയാകട്ടെ എന്നെക്കൊണ്ടു് ആരെങ്കിലും പിഴമൂളിക്കുകയാകട്ടെ ചെയ്തില്ലെന്നു് മി. ദാനിയേൽ പറയുന്നു. എന്നാൽ "പാപ്പായുടെ ആധിപത്യം" എന്നപേരിൽ മി. ദാനിയേൽ എഴുതിട്ടുള്ളതും അപകീർത്തിക്കേസിൽ ബി. അക്കപ്രമാണമായി മി. ദാനിയേൽ ഹാജരാക്കിയിട്ടുള്ളതുമായ പുസ്തകത്തിൽ താൻ എഴുതിവച്ചിരിക്കുന്നതുപലതും തെററാണെന്നദ്ദേഹം പലപ്രാവശ്യം തൻെറ മൊഴിയിൽ പിഴമൂളിയിട്ടുണ്ടു്. മി. ദാനിയേൽ ആവർത്തിച്ചുചോദിക്കുന്നതുകൊണ്ടാണു് അതു ഞങ്ങൾ ഇവിടെ ഉദ്ധരിക്കുന്നതു്. വായനക്കാർ ക്ഷമിക്കണം.

1106 കന്നി 9-ാംതീയതി മി. മള്ളൂർ ഗോവിന്ദപ്പിള്ളയും തുലാം 28-ാംതീയതി പ്രതിഭാഗംവക്കീൽ മി. ജോസഫ് പഞ്ഞിക്കാരനും വാദിയായ മി. ദാനിയേലിനെ ചെങ്ങന്നൂർ കോർട്ടിൽവച്ചു് "ക്രോസു" വിസ്താരം നടത്തിയപ്പോൾ അദ്ദേഹം കൊടുത്ത മൊഴിയിൽനിന്നു ചിലഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

### മി. കെ. എൻ. ദാനിയേലിൻെറ പിഴമൂളൽ നമ്പർ 1

"ബി. അക്കത്തിൽ 245-ാം പുറത്തു റോമൻ കത്തോലിക്കർ പ്രതിരൂപാരാധന ചെയ്യുന്നവരാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്. അതിനെപ്പററി 247-ാം പുറത്തു് വേദപുസ്തകത്തിൽ വിഗ്രഹാരാധനയെപ്പററി പറഞ്ഞിട്ടുള്ളതു് കത്തോലിക്കർ മറച്ചുകളഞ്ഞിരിക്കയാണെന്നും അതു് അവർ ജനങ്ങളെ പഠിപ്പിക്കുന്നില്ലെന്നും ഞാൻ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ എന്നെ കാണിച്ച വേദോപദേശം നോക്കി. (വലിയ വേദോപദേശം 1910-ൽ അച്ചടിച്ചതു്. ഇതിനു് 31- എന്നക്കമിട്ടു) അതിൽ 98-ാം പുറത്തു് കൊടുത്തിരിക്കുന്ന 359-ാം ചോദ്യം നോക്കി. (ഇതിനു് 31 A. എന്നക്കമിട്ടു.) മറച്ചുകളഞ്ഞതായി ഞാൻ മുകളിൽ പറഞ്ഞിരിക്കുന്നതു ഈ പുസ്തകത്തിലെ 359-ാം ചോദ്യത്തിൽ നിന്നു് അങ്ങനെ മറച്ചുകളഞ്ഞിട്ടില്ലെന്നു കാണുന്നു.

### മി. കെ. എൻ. ദാനിയേലിൻെറ പിഴമൂളൽനമ്പർ 2

"ഇപ്പോൾ എന്നെ കാണിച്ച വേദോപദേശപുസ്തകത്തിൽ (1859-ൽ തിരുവിതാംകൂർ ഗവൺമെൻറു പ്രസ്സിൽ അച്ചടിച്ചതു) നോക്കിയതിലും അങ്ങനെ ആ ഭാഗം വിട്ടുകളഞ്ഞിട്ടില്ലെന്നു കാണുന്നു. (ഈ പുസ്തകത്തിനു് 32 A. എന്നക്കമിട്ടു.) ഈ പുസ്തകത്തിൻെറ 128-ാം പുറത്തു നിന്നും അതു കാണാവുന്നതാണു് (ഈ പുറത്തിനു് 32 A. എന്നക്കമിട്ടു.)

### മി. കെ എൻ ദാനിയേലിൻെറ പിഴമൂളൽനമ്പർ 3

B. അക്കം 142-ാം പുറം നോക്കി "ബവറിഡ്ജ്", അറിസ്റ്റേനസ് എന്ന രണ്ടുപേരും റോമൻകത്തോലിക്കർതന്നെ ആണെന്നോർക്കണം." എന്നു ഞാൻ അവിടെ പറഞ്ഞിട്ടുണ്ടു്.

ചോദ്യം: ബവറിഡ്ജ് ഒരു ആംഗ്ലിക്കനല്ലയോ?

ഉത്തരം: റോമൻകത്തോലിക്കനാണെന്നാണു് എൻെറ വിചാരം.

ഇപ്പോൾ എന്നെ കാണിച്ചതു ഹെഫലെയുടെ പുസ്തകം ഒന്നാം വാല്യമാണു്. (ഇതിനു 33 എന്നക്കമിട്ടു). ഈ പുസ്തകം 864-ാം പുറത്തു് ബവറിഡ്ജ് ആംഗ്ലിക്കനാണെന്നു പറയുന്നുണ്ടു്. B. അക്കം 142-ാം പുറത്തു് പറയുന്ന ബവറിഡ്ജ് ആയിരിക്കണം ഹെഫലേ പറയുന്നതു്."

### മി. കെ എൻ. ദാനിയേലിൻെറ പിഴമൂളൽ നമ്പർ 4

ചോദ്യം:- അറിസ്റ്റേനസ് ഗ്രീക്കുസഭയിൽപെട്ടയാളാണോ?

ഉത്തരം:- റോമൻ കത്തോലിക്കനാണെന്നാണു് എൻെറ ധാരണ. 33 അക്കം 375-ാം പുറത്തു അറിസ്റ്റേനസ് ഗ്രീക്കുകാരനാണെന്നു പറയുന്നുണ്ടു്.

### മി കെ എൻ ദാനിയേലിൻെറ പിഴമൂളൽ നമ്പർ 5

B. അക്കം 32-ാം പുറത്തു ലിയോ പാപ്പായും ഫെലിക്സ് പാപ്പായും കള്ളക്കാനോനുകളുണ്ടാക്കി തങ്ങളുടെ അധികാരം സ്ഥാപിപ്പാൻ ശ്രമിച്ചു എന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. അതിനാസ്പദം എൻെറ സ്വന്താഭിപ്രായമല്ല. ഈ പുസ്തകത്തിൽതന്നെ അതിനടിസ്ഥാനമുണ്ടു്.

ചോദ്യം:- മുൻപറഞ്ഞതുപോലെ കള്ളക്കാനോനുണ്ടാക്കിയെന്നു് ഏതെങ്കിലും പുസ്തകത്തിൽ പറഞ്ഞിട്ടുണ്ടോ?

ഉത്തരം:- ഉണ്ടാക്കി എന്നു ഞാൻ B. അക്കത്തിൽ പറഞ്ഞിട്ടില്ല. ഇങ്ങനെ കാനോനുണ്ടാക്കി എന്നു ഞാൻ പറഞ്ഞിട്ടില്ല."

### മി. കെ. എൻ. ദാനിയേലിൻെറ പിഴമൂളൽ നമ്പർ 6

"216-ാം പുറത്തു് പാപ്പായുടെ കല്പനകളെല്ലാം സാക്ഷാൽ ദൈവവചനങ്ങളാണെന്നു് "കർദിനാൾ പത്രിസി എഴുതിയിട്ടുള്ളതായി" ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ഇതിനു് ആധാരമായി Dublin Review April, 1865 Page 440 ഞാൻ ഉദ്ധരിച്ചിട്ടുണ്ടു്. അതു ഡോ. ഗോർ കൊടുത്തിരിക്കുന്ന ആധാരമാണു്. ഞാൻ ഡോ. ഗോറിനെയാണു് ആധാരമാക്കി കൊടുത്തിരിക്കുന്നതു്. ഇപ്പോൾ എന്നെ കാണിച്ച 1865 April Dublin Review Page 440 നോക്കി. അവിടെ അങ്ങനെ പറഞ്ഞിട്ടില്ല. (ഈ പുസ്തകത്തിനു് 26 എന്നും അതിൻെറ 44-ാം പുറത്തിനു 26 A എന്നും അക്കങ്ങളിട്ടു) Dublin Review ഞാൻ വായിച്ചുനോക്കിട്ടില്ല."

### മി. കെ. എൻ. ദാനിയേലിൻെറ പിഴമൂളൽ നമ്പർ 7

"B അക്കം 37-ാം പുറത്തു പറയുന്ന ഫക്സ് റോമൻ കത്തോലിക്കനാണെന്നു പറഞ്ഞിട്ടുള്ളതിനു് ആധാരമെന്താണെന്നു് ഇപ്പോൾ അറിഞ്ഞുകൂടാ. നോക്കി പറയാം. ഹെഫലെയുടെ പുസ്തകം മൂന്നാം വാല്യം 38-ാം പുറത്തു് ഫക്സ് പ്രോട്ടസ്റ്റൻറു പണ്ഡിതനാണെന്നു പറയുന്ന ആ ഫക്സ് ആയിരിക്കണം ഞാൻ പറഞ്ഞ ഫക്സ്."

### മി കെ. എൻ. ദാനിയേലിൻെറ പിഴമൂളൽ നമ്പർ 8

Q അക്കം 125-ാം പുറം നോക്കി. ആ പുറത്തു് ഏതാനും ഭാഗം വിട്ട എന്നു സൂചിപ്പിക്കുന്നതായി ഒരിടത്തു കുത്തുകളും ഇട്ടിട്ടുണ്ടു്. കുത്തിട്ടിട്ടില്ലെന്നു് H അക്കം 190, K അക്കം 95, 101, ഈ പുറങ്ങളിൽ ഞാൻ പറഞ്ഞിട്ടുണ്ടു്."

(തുടരും)

## മലങ്കര യാക്കോബായസഭാ സമാധാനസമ്മേളനം

(ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

യാക്കോബായ സഭയിൽ സമാധാനം പുനഃസ്ഥാപിക്കുന്നതിനു് ഇക്കഴിഞ്ഞ "കോട്ടയം സമ്മേളനം" എത്രമാത്രം സഹായകമായി ഭവിക്കുമെന്നുള്ളതിനെ പുരസ്കരിച്ചു് മദ്രാസിൽനിന്നും ഓർത്തഡോക്സു സഭാംഗമായ ഒരു മാന്യൻ എഴുതിയ ഒരു ലേഖനം കോട്ടയത്തുനിന്നും പുറപ്പെടുന്ന "പത്രിക" എന്ന പ്രതിവാരപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അനേകവർഷങ്ങൾ "പൗരപ്രഭ"യുടെ പത്രാധിപരായിരുന്നുകൊണ്ടു് യാക്കോബായസഭാസമാധാനത്തിനു വേണ്ടി നിസ്സ്വാർത്ഥം പരിശ്രമിച്ചുകൊണ്ടിരുന്ന ശ്രീമാൻ ഇ. സ്ഡ്. എം. പാറട്ടു് അവർകളാണു് "പത്രിക"യുടെ പത്രാധിപരെന്നുള്ള വാസ്തവവും ഈ അവസരത്തിൽ പ്രസ്താവ്യമത്രേ. പ്രസ്തുത ലേഖനത്തിലെ ഒരു ഭാഗം ചുവടെ ചേർത്തുകൊള്ളുന്നു:—

"ഈ ഞായറാഴ്ച കോട്ടയത്തുവെച്ചു് ഗ്രീസിലെ പീററർ രാജകുമാരൻെറ അദ്ധ്യക്ഷതയിൽ ഒരു സമാധാനപ്രചരണയോഗം നടക്കുമെന്നു് മലയാളപ്പത്രങ്ങളിൽ വായിച്ചു. ഈ വാർത്ത കണ്ടപ്പോൾ മദ്രാസിലെ സ്ഥിരതാമസക്കാരായ ഞങ്ങൾക്കു് അറിയാതെതന്നെ പുഞ്ചിരി വന്നുപോയി. ഈ സമാധാനദൂതന്മാരിൽ ഒരാൾക്കെങ്കിലും ഈ പ്രസ്ഥാനത്തിൽ വിശ്വാസമുണ്ടോ എന്നാണു് ഓരോരുത്തരും ചോദിക്കുന്നതു്. ഏതു മഹൽക്കാര്യവും സാധിക്കണമെങ്കിൽ അതിൻെറ പ്രവർത്തകരിൽ ചുരുക്കം പേർക്കെങ്കിലും അതിൻെറ വിജയത്തിലും ശുഭപര്യവസാനത്തിലും വിശ്വാസം അത്യന്താപേക്ഷിതമാണു്..........

കാര്യങ്ങൾ നടത്താൻ പുറപ്പെടുന്നവർക്കുതന്നെ അതിൽ വിശ്വാസം വേണം. ഈ സമാധാനശ്രമക്കാരായ യുവക്കന്മാരുടെ പിമ്പിൽ നില്ക്കുന്നവരിൽ ആരെങ്കിലും ഈവിധത്തിൽ വിശ്വസിക്കുന്നുവെന്നു പരസ്യമായി പറയുവാൻ ധൈര്യപ്പെടുമോ?

ഇൻഡ്യാ വൈസ്രോയി ആയിരുന്ന ഇർവിൻപ്രഭു, ഇൻഡ്യയുടെ മെത്രാപ്പോലീത്താ ആയിരുന്ന ഡോക്ടർ വെസ്ററുകോർട്ടു് മുതലായ മഹാരഥന്മാർ ശ്രമിച്ചിട്ടും സാധിക്കാതിരുന്ന കാര്യമാണോ ഈ സാധു പീററർ രാജകുമാരൻ സാധിക്കാൻ പോകുന്നതെന്നു് ചോദിക്കുന്നെങ്കിൽ ക്ഷമിക്കണം.

ആകപ്പാടെ കോട്ടയം പുത്തനങ്ങാടിയിലേ ഈ "സെൻറു തോമ്മസു നഗർ" സൃഷ്ടിപ്പും, പതാകയുയർത്തലും, പീററർരാജകുമാരൻെറ വരവും മദിരാശിയിലുള്ള നമ്മുടെ ആളുകൾക്കു് വളരെ തമാശായി തോന്നുന്നു. സുറിയാനി ക്രിസ്ത്യാനികളുടെ ഈ "കമ്പം" എന്നു തീരും? ഓരോകാലത്തു് ഓരോ കമ്പം. മാത്യൂസ് മാർ അത്താനാസ്യോസിൻെറ കാലത്തു തുടങ്ങിയതാണു് ഈ കമ്പം. അദ്ദേഹത്തെ കുറെനാൾ പൊക്കിക്കൊണ്ടു നടന്നു. ഒടുവിൽ അദ്ദേഹത്തെ താഴെയിട്ടു. പിന്നീടു അബ്ദുള്ളാ പാത്രിയർക്കീസു തിരുമേനിയെ പൊക്കി. അധികം താമസിയാതെ അദ്ദേഹത്തേയും താഴെയിട്ടു. പിന്നീടു കാതോലിക്കാവാഴ്ചയായിരുന്നു. അതിൻെറ കമ്പം കഴിഞ്ഞപ്പോൾ രാഷ്ട്രീയ ആലോചനാകമ്പമായി. ഇതിനിടയ്ക്കു് അല്ലടികമ്പവും, രാമസ്വാമിഅയ്യർ കമ്പവും, വെങ്കിട്ടരാമശാസ്ത്രികമ്പവും, രാജസ്ഥർ കമ്പവും, ബ്രാഡ്ഡെവൻകമ്പവും, സഹോദരീകമ്പവും, അമീൻകമ്പവും, മുൻഷികമ്പവും വേറൊരുവശത്തു്. ഇങ്ങനെ കമ്പം കണ്ടു നീലാത്തിരിയും കത്തിച്ചു നടന്നാൽ

(ശേഷം 10-ാം പേജിൽ)

"പരിസേവ്യനീശതനയൻ മറുനാൾ
പരിഷത്തിലുൾത്തെളിവൊടാഗത
നായ്.
അരിശം തിളച്ചു യഹൂദമൊടാ-
ഫരിസേയ സംഘവുമടുത്തുതദാ."

പ്രിയ കുഞ്ഞുങ്ങളേ,

യൂദജനത്തിനു ഏകദൈവാലയം മാത്രമാണല്ലോ ഉണ്ടായിരുന്നതു്. അതു ഓറെശ്ലത്തുമായിരുന്നു. ആണ്ടുവട്ടത്തിൽ ചില ദിവസങ്ങളിൽമാത്രമാണു് ഓറെശ്ലേം പള്ളിയിൽ യൂദന്മാരെല്ലാവരും വന്നുകൂടേണ്ടിയിരുന്നതു്. മററുകാലങ്ങളിൽ പ്രാർത്ഥനയ്ക്കായിട്ടുംമററും ഒന്നിച്ചുകൂടുന്നതിനു് ഓരോ ഗ്രാമങ്ങളിലും നഗരങ്ങളിലും തനിച്ചുതനിച്ചു് പ്രാർത്ഥനാലയങ്ങൾ പണികഴിച്ചിരുന്നു. സിനഗോഗുകളെന്നാണു് അവയ്ക്കു പേരുപറഞ്ഞുവന്നിരുന്നതു്. ഗ്രീക്കുഭാഷയിൽനിന്നുത്ഭവിച്ച ഈ വാക്കിനു സംഘം, സമ്മേളനം, പരിഷത്തു് എന്നൊക്കെയാണർത്ഥം. സുവിശേഷത്തിൽ ഈദൃശപ്രാർത്ഥനാമന്ദിരങ്ങളെപ്പററി പലപ്പോഴും പ്രസ്താവിച്ചുകാണും. ആകയാൽ അവയുടെ സ്ഥിതിഗതികളെപ്പററി ചിലതെല്ലാം നിങ്ങൾ മനസ്സിലാക്കിയിരിക്കണം.

മോശയുടെകാലംമുതലേ ഇതു നടപ്പിൽ വന്നിട്ടുള്ളതാണെന്നു അഭിപ്രായമുണ്ടു്. എങ്കിലും ബാബിലോൺ അടിമക്കാലത്തു് ഇസ്രായേൽജനം ഓറെശ്ലത്തുനിന്നും വിദൂരത്തിൽ പാർത്തിരുന്നകാലങ്ങളിലാണു് പ്രാർത്ഥനാലയങ്ങളുടെ ആവശ്യകത കൂടുതൽ അനുഭവപ്പെട്ടതു്. നമ്മുടെ കർത്താവിന്റെ കാലത്തു പലസ്തീനായിൽ ഇവ ധാരാളമുണ്ടായിരുന്നു. വി. പൗലോസിന്റെ യാത്രാവിവരണങ്ങളിൽ കാണുന്നതുപോലെ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ യൂദന്മാർ താമസിച്ചിരുന്ന സ്ഥലങ്ങളിലെല്ലാം പ്രാർത്ഥനാലയങ്ങളും സ്ഥലംപിടിച്ചിരുന്നു. പത്തു കുടുംബങ്ങളെങ്കിലും ഉള്ളിടത്തു ഒരു സിനഗോഗ് സ്ഥാപിക്കാമെന്നായിരുന്നു നടപ്പു്.

പ്രാർത്ഥനാലയങ്ങളുടെ മുഴുപ്പും സംവിധാനങ്ങളുംമററും അവയിൽ സംബന്ധിക്കുന്നവരുടെ പണക്കൊഴുപ്പിനു അനുസരിച്ചു വ്യത്യാസപ്പെട്ടിരുന്നു. ഗലീലായിലുണ്ടായിരുന്ന ചില സിനഗോഗുകൾ വലിയ ബസ്സിലിക്കാപള്ളികൾക്കു തുല്യമായിരുന്നെന്നു പറയപ്പെടുന്നു. അവയിൽ ചിലതിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാനുണ്ടു്. അവശ്യം വേണ്ടിയിരുന്ന സാധനങ്ങൾ വേദപുസ്തകച്ചുരുളുകളും, അവ സ്ഥാപിക്കാനുള്ള ഒരു പ്ലാററുഫോറവും, അതിന്മേൽ ഒരു മേശയും, ഏതാനും മെഴുകുതിരിക്കാലുകളും മാത്രമായിരുന്നു.

ചുരുക്കത്തിൽ നമ്മുടെ ഒരു ഇടവകപ്പള്ളിയുടെ സ്ഥാനമാണു ഒരു സിനഗോഗിനുണ്ടായിരുന്നതു്. വികാരിയുടെയും അദേസ്തിയുടെയും കപ്യാരുടെയും നിലയിലുള്ള ഓരോ ഭാരവാഹികളും നിയമിക്കപ്പെട്ടിരുന്നു. ശനിയാഴ്ചകളിലും മററുചില പ്രധാനദിവസങ്ങളിലും ജനങ്ങൾ അവിടെ സമ്മേളിക്കുന്നു. "ഇസ്രായേലേ നീ കേൾക്കുക" എന്നാരംഭിക്കുന്ന പ്രാർത്ഥനയോടെ സംഘനടപടികൾ തുടങ്ങും. അതേത്തുടർന്നു ആചാര്യന്റെ ആശീർവ്വാദകർമ്മമാണു്. അനന്തരം തിരുപ്പുസ്തകങ്ങളുടെ വായന നടക്കുന്നു. അവസാനമായി ഒരു പ്രസംഗമുണ്ടാകും. മാന്യാതിഥികൾ ആരെങ്കിലും സന്നിഹിതരായിട്ടുള്ള പക്ഷം സംഘാദ്ധ്യക്ഷൻ അവരെ പ്രസംഗത്തിനായി ക്ഷണിക്ക പതിവാണു്. നമ്മുടെ കർത്താവിന്റെ പ്രസംഗപര്യടനവേളയിൽ പലസ്തീനായിലെ പല സിനഗോഗുകളിലും ഇപ്രകാരം താൻ പ്രസംഗിച്ചിട്ടുള്ളതായിക്കാണാം.

"അനന്തരം ഈശോ ഗലീലായിലെങ്ങും ചുററിസഞ്ചരിച്ചുകൊണ്ടു് അവരുടെ സംഘങ്ങളിൽ പഠിപ്പിക്കയും, രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കുകയും, ജനങ്ങളിലെ സകല വ്യാധികളും രോഗങ്ങളും സുഖപ്പെടുത്തുകയും ചെയ്തിരുന്നു." (മത്തായി IV. 23)

"പിന്നെ ഈശോ കപ്പർനാഹോമിൽ പ്രവേശിച്ചു് ഉടനെ ശാബതനാളുകളിൽ അവരുടെ സംഘങ്ങളിൽ ഉപദേശിച്ചിരുന്നു." (മർക്കോസു I, 21)

"ഈശോ അവരുടെ സംഘങ്ങളിൽ ഉപദേശിച്ചിരുന്നു. സകലരാലും അവൻ പുകഴ്ത്തപ്പെട്ടുമിരുന്നു." (ലൂക്കാ IV. 15).




## Bosco Children's Club (ബി. സി. സി.)

# 7. യഹൂദപ്രാർത്ഥനാലയങ്ങൾ

വി. പൗലോസും ബർന്നബാസും അന്തിയോക്കിയായിലെത്തിയപ്പോൾ അവിടത്തെ സിനഗോഗിൽ പ്രസംഗിപ്പാൻ ക്ഷണിക്കപ്പെട്ടതു ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇങ്ങനെ വിവരിക്കുന്നു: "പിന്നെ നിയമവും പ്രവാചകന്മാരും വായിക്കപ്പെട്ടശേഷം സംഘത്തിലെ മൂപ്പന്മാർ അവരുടെ പക്കൽ ആളയച്ചു ഞങ്ങളുടെ സഹോദരന്മാരായ മനുഷ്യരേ, നിങ്ങൾക്കു ആശ്വാസവചനം വല്ലതും ഉണ്ടെങ്കിൽ ജനത്തോടു സംസാരിക്കുവിൻ എന്നു പറഞ്ഞു. അപ്പോൾ പൗലോസു എഴുന്നേററു തന്റെ കൈകൊണ്ടു ആംഗ്യം കാണിച്ചിട്ടു പറഞ്ഞു: ഇസ്രായേൽ മക്കളായ പുരുഷന്മാരേ, ദൈവത്തെ ഭയപ്പെടുന്നവരേ കേൾപ്പിൻ......" (നടപടി XIII. 15. 16)

ബലി ഒഴിച്ചുള്ള ആരാധനാകർമ്മങ്ങളെല്ലാം ഇങ്ങനെ ഈ പ്രാർത്ഥനാമന്ദിരങ്ങളിൽ നടത്തപ്പെട്ടിരുന്നു. അതിനുള്ളിൽവച്ചു തിന്നുകയോ കുടിക്കുകയോ ഉറങ്ങുകയോ ചെയ്യുന്നതിനു അനുവദിക്കപ്പെട്ടിരുന്നില്ല. കുററക്കാരെ ശിക്ഷിക്കുന്നതിനുള്ള അധികാരവും സംഘാദ്ധ്യക്ഷനുണ്ടായിരുന്നു. പ്രായശ്ചിത്തം, ബഹിഷ്കരണം, അടിശിക്ഷ മുതലായവ ഇങ്ങനെ നല്കപ്പെട്ടുവന്നു. കുടുംബവഴക്കുകളെല്ലാം അവിടെയാണു തീർത്തിരുന്നതു്.

പ്രിയ കുഞ്ഞുങ്ങളേ, യഹൂദന്മാരുടെ ഈ പ്രാർത്ഥനാലയങ്ങളെക്കാൾ എത്ര മഹത്തായ സ്ഥാനമാണു നമ്മുടെ ഇടവകപ്പള്ളികൾക്കുള്ളതെന്നു നിങ്ങൾ ഓർക്കണം. പ്രതിദിനം അവിടെ ദിവ്യബലി അർപ്പിക്കപ്പെടുന്നു; ദിവ്യരക്ഷകൻ അവിടെ രാപകൽ സന്നിഹിതനായിരിക്കുന്നു. ഇടവകയുടെ ജീവനും ശക്തികേന്ദ്രവുമാണു ഇടവകപ്പള്ളി. അതുപോലെതന്നെ ഇടവകജനങ്ങളുടെ ന്യായാസനവും കച്ചേരിയും അതായിരിക്കണം. യൂദന്മാരുടെ കേസുകളും വഴക്കുകളുമെല്ലാം അവരുടെ പ്രാർത്ഥനാലയങ്ങളിൽ വച്ചു തീർത്തിരുന്നു. ഈ മുറ നാമും അനുകരിച്ചിരുന്നെങ്കിൽ സമുദായത്തിന്റെ എത്രമാത്രം പണവും കീർത്തിയും പരിരക്ഷിക്കാൻ കഴിഞ്ഞേനേ! മുൻകാലങ്ങളിൽ മിക്കവാറും അങ്ങനെയായിരുന്നു. എന്നാൽ കാലത്തിന്റെ മറിച്ചിലുകൊണ്ടു അതെല്ലാം തലകീഴ്മറിഞ്ഞുവരികയാണു്. കുഞ്ഞുങ്ങളായ നിങ്ങളുടെ തലമുറയിലെങ്കിലും അതു പൂർവ്വസ്ഥിതിയിലാക്കാൻ ശ്രമിക്കുമോ? ഇടവകപ്പള്ളിയെ സ്നേഹിക്കണം, ബഹുമാനിക്കണം. അവിടെ നാം ജ്ഞാനസ്നാനത്താൽ ദൈവരാജ്യത്തിന്റെ അവകാശികളായിത്തീരുന്നു. അവിടെ നാം നിത്യവിശ്രാന്തിക്കായി ചെന്നുചേരേണ്ടതുമാണു്. ഇതെല്ലാം ഇടയ്ക്കിടെ ഓർക്കണം. അപ്പോൾ ഇടവകപ്പള്ളിയിലേക്കു കൂടുതൽ ആകർഷിക്കപ്പെടും. അതിന്റെ അഭ്യുന്നതിക്കായി ശ്രമിക്കാൻ താല്പര്യപ്പെടും. എന്റെ കർത്താവേ! നിന്റെ വിശുദ്ധഭവനത്തെക്കുറിച്ചുള്ള ശുഷ്കാന്തിയാൽ ഞാൻ എരിയട്ടെ! അതു പ്രാർത്ഥനയുടെ ഭവനമായി കാത്തുകൊള്ളാമെന്നു ഞാനിതാ പ്രതിജ്ഞചെയ്യുന്നു. എന്നെ നീ സഹായിക്കണമേ!

### പദ്യപ്രദർശനം

130- കെ. ററി. തോമസ് ബി. സി. സി. പാലാ. ഒരു ക്രിസ്തുചരിതം ഇന്ദ്രവജ്രാവൃത്തത്തിൽ എഴുതി അയച്ചിരിക്കുന്നു! എട്ടു പദ്യങ്ങളേയുള്ളു. അതിൽ മൂന്നാണു താഴെ ചേർക്കുന്നതു്.

മുപ്പാരു പാലിച്ചുവരുന്ന നാഥൻ
ഇപ്പാരിടംതന്നിലുദിച്ചമോദാൽ
സൃഷ്ടീശ്വരൻ മുപ്പതു വത്സരങ്ങൾ
സൃഷ്ടിക്കു കീഴ്പെട്ടു വസിച്ചുകൊണ്ടാൻ.

സ്ലീവാ ചുമപ്പിച്ചു വലിച്ചിഴച്ചു്
കാൽവാരിയാകും ഗിരിതന്നിലേററി
മോഷ്ടാക്കളാം രണ്ടു നരക്കു മദ്ധ്യേ
സ്രഷ്ടാവിനെ ക്രൂശിലഹോ തറച്ചാർ.

ക്രൂശിൽക്കിടന്നാശു മരിച്ചനാഥാ
ക്രൂശിച്ചു പൂമേനി വണങ്ങിടുന്നേൻ
പാദങ്ങളാം പങ്കജതാരിലെന്റെ
പദ്യങ്ങളർപ്പിച്ചു നമിച്ചിടുന്നു.

നമ്മുടെ തോമസിന്റെ ഉത്സാഹശീലത്തിന്റെ ആദ്യഫലമാണു് കുരിശിൻചുവട്ടിൽ സമർപ്പിച്ചിരിക്കുന്നതു്. കൂടുതൽ ഫലങ്ങൾ പുറപ്പെടുവാൻ കർത്താവു അനുഗ്രഹിക്കട്ടെ! വേറൊരു കുഞ്ഞുകവിയെ അടുത്ത ലക്കത്തിൽ പ്രദർശിപ്പിക്കുന്നതാണു്.

### റിക്രൂട്ടിങ്ങ് കഴിഞ്ഞാൽ

പട്ടാളത്തിൽ ആളെടുത്തുകഴിഞ്ഞാൽ അവരെല്ലാം വീട്ടിൽപോയി ഇരുന്നുകൊള്ളാൻ അയക്കുകയാണോ ചെയ്യുന്നതു്? ഒരിക്കലുമല്ല. അവർക്കു ഓരോ നമ്പരും നൽകി പട്ടാളത്തിന്റെ ഓരോ യൂണിററിലേക്കു അവരെ അയക്കുന്നു. പരിശീലനംകഴിഞ്ഞു് ആവശ്യപ്പെടുമ്പോൾ പടയ്ക്കിറങ്ങുന്നു. അതുപോലെ നമ്മുടെ ബാലസൈന്യവും, വെറുതെയിരിക്കാനുള്ളതല്ല. ഉണ്ണാർകുഞ്ഞും തന്നാലായതു ചെയ്യണം. നരകസൈന്യങ്ങൾ പെരുകിവരുന്ന കാലമാണു്. നാമും പടയ്ക്കിറങ്ങാതെ ഗത്യന്തരമില്ല. മീററിംഗിനും പ്രസംഗത്തിനുമുള്ള കാലമെല്ലാം കഴിഞ്ഞുപോയി. പ്രവർത്തനത്തിനുള്ള കാലമാണിതെന്നു കുഞ്ഞുങ്ങൾ നല്ലപോലെ ഓർത്തുകൊള്ളണം.

ബോസ്കോ ക്ലബ്ബിനു അഞ്ചു യൂണിററുകളാണുള്ളതു്—മിഷൻ ഡിപ്പാർട്ടുമെന്റ്, ആൾട്ടർ ബോഡിഗാർഡ്സ്, സൺഡേസ്കൂൾ സെന്റിനൽസ്, സേർവിസ് റെജിമെന്റു്, ബുക്ക്സ്റ്റാൾ ബെററാലിയൻ. അവയെപ്പററി ചുരുക്കിപ്പറയാം.

### No. 1 മിഷൻ ഡിപ്പാർട്ടുമെന്റ്

കുഞ്ഞുങ്ങളുടെ അപേക്ഷാനുസരണം നിങ്ങൾക്കായുള്ള മിഷൻരംഗം തിരഞ്ഞെടുത്തുകഴിഞ്ഞിരിക്കുന്നു — പടിഞ്ഞാറെ പാകിസ്ഥാനോടു തൊട്ടു് രാജപുത്താനായിൽ കിടക്കുന്ന ആജ്മീർ രൂപത. കപ്പൂച്ചിൻ സന്യാസികളുടെ ഭരണത്തിലിരിക്കുന്നതാണു് ഈ വിസ്തൃതരൂപത. ഒരു കോടി മുപ്പത്താറുലക്ഷത്തോളം ജനങ്ങൾ അതിന്റെ അതിർത്തിക്കുള്ളിലുണ്ടു്. എന്നാൽ കത്തോലിക്കരോ 7300! പ്രൊട്ടസ്റ്റൻറുകാർ 8700 ഉണ്ടുതാനും. ബാക്കി ഒരുകോടി മുപ്പതേമുക്കാൽ ലക്ഷവും അജ്ഞാനികൾ! 30-ഓളം മിഷൻസ്ഥാപനങ്ങളിലായി 54 വൈദികരും 190 കന്യാസ്ത്രീകളും അവിടെ വേലചെയ്യുന്നുണ്ടു്. അതിൽ രണ്ടു സ്റ്റേഷനാണു് ഇക്കൊല്ലം നമുക്കായി പിടിച്ചിരിക്കുന്നതു്—ലാഡപുരവും ഗാരിയും. ലാഡപുരം ആൺകുട്ടികളെയും ഗാരി പെൺകുട്ടികളെയും ഏല്പിച്ചിരിക്കുന്നു. കേരളീയരായ വൈദികരും കന്യാസ്ത്രീകളുമാണു് രണ്ടു സ്ഥലങ്ങളിലും ജോലിചെയ്യുന്നതെന്നറിയുമ്പോൾ നിങ്ങൾക്കു കൂടുതൽ ഉന്മേഷമുണ്ടാകുന്നതാണല്ലോ. ആകയാൽ നിങ്ങളുടെ പ്രാർത്ഥനകളാലും പരിത്യാഗപ്രവൃത്തികളാലും പ്രസ്തുതമിഷനെ സഹായിപ്പിൻ.

### No. 2. ആൾട്ടർ ബോഡിഗാർഡ്സ്

അൾത്താരയിലെ നമ്മുടെ കർത്താവിന്റെ അംഗരക്ഷകന്മാരായി സേവനമനുഷ്ഠിക്കുന്ന സൈന്യവിഭാഗമാണിതു്. അൾത്താരയുടെ അലങ്കാരത്തിനും, തിരുനാളാഘോഷങ്ങൾക്കും ബ. വികാരിയച്ചനെ സഹായിക്കുക, വാഴ്വു്, പാട്ടുകുർബാന മുതലായവയ്ക്കു പള്ളിപ്പാട്ടുകളിൽ സഹകരിക്കുക, ആദ്യവെള്ളിയാഴ്ചകളിലുംമററും ദിവ്യകാരുണ്യസ്വീകരണത്തിനും ഒരു മണിയാരാധന മുതലായവയ്ക്കും മുന്നിട്ടുനിന്നു പ്രവർത്തിക്കുക ആദിയായവയാണു ആൾട്ടർ ബോഡിഗാർഡ്സിന്റെ പ്രധാനജോലികൾ.

### No. 3. സൺഡേസ്കൂൾ സെന്റിനൽസ്

സൺഡേസ്കൂളിൽ കൃത്യമായി പോകുക, പോകാത്തവരെ തിരഞ്ഞുപിടിച്ചുകൊണ്ടുപോകുക, ക്ലാസുകൾ നടത്തുന്നതിലും, ആദ്യകുമ്പസാരം, കുർബാനകൈക്കൊള്ളൽ മുതലായവയ്ക്കു കുട്ടികളെ ഒരുക്കുന്നതിലും വികാരിയച്ചനെ സഹായിക്കുക, ആദിയായവയാകുന്നു ഈ വിഭാഗത്തിന്റെ ചുമതലകൾ.

### No. 4. സേർവിസ് റെജിമെന്റു്

അയൽപക്കങ്ങളിലുള്ള രോഗികളെ ചെന്നുകണ്ടു ആശ്വസിപ്പിക്കുക, അന്ത്യകൂദാശകൾ നൽകുവാൻ വേണ്ടുന്ന സഹകരണങ്ങൾ ചെയ്യുക, നിസ്സഹായരായവർക്കു വല്ല ധനസഹായവും ചെയ്തുകൊടുക്കുക എന്നിങ്ങനെയുള്ള സേവനങ്ങളിൽ സേർവിസ് റെജിമെന്റു് ഏർപ്പെട്ടു പ്രവർത്തിക്കുന്നു.

### No. 5 ബുക്ക്സ്റ്റാൾ ബെററാലിയൻ

കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ വായിക്കുക, വായിപ്പിക്കുക, വരുത്തി വിതരണംചെയ്യുക, ബുക്കുസ്റ്റോളുകൾ നടത്തുക, അസഭ്യസാഹിത്യത്തെ തടയുക എന്നിത്യാദിവേലകൾ ഈ ബെററാലിയൻ നടത്തുന്നു.

ഇങ്ങനെ അഞ്ചു യൂണിററുകളിലായി പതിനഞ്ചുപേരടങ്ങിയതാണു് പൂർണ്ണമായ ഒരു ബോസ്കോ ക്ലബ്ബ്. ഓരോ യൂണിററിലും മൂന്നുപേരേയുള്ളു—ഒരു ക്യാപ്ററൻ, ഒരു ലെഫ്ററനൻറു്, ഒരു വോളണ്ടിയർ. ഓരോ യൂണിററിന്റെയും കാര്യങ്ങൾ ഈ മൂന്നുപേർ ചുമതലപ്പെട്ടു നടത്തുന്നു. മററു പന്ത്രണ്ടുപേരും വോളൻറിയറന്മാർ എന്ന നിലയിൽ ആ യൂണിററിനെ സഹായിക്കും. ഇങ്ങനെ എല്ലാക്ലബ്ബിലും എല്ലാവരും ഓരോ യൂണിററു സംബന്ധിച്ച അധികാരികളും, മററു യൂണിററുകളുടെ അധീനന്മാരുമാണു്. ക്യാപ്ററന്റെ നിർദ്ദേശങ്ങൾ ക്ലബ്ബ് അംഗീകരിക്കുന്നതു്, ലെഫ്ററനൻറും വോളണ്ടിയറുംകൂടി നടപ്പിൽവരുത്താൻ ശ്രമിക്കുന്നു. പണമെടപാടുകൾ ലെഫ്ററനൻറും, എഴുത്തുകുത്തുകൾ വോളൻറിയറുമാണു നടത്തുന്നതു്.

നമുക്കിപ്പോൾ ഒരേസ്ഥലത്തു 15 പേർ എവിടെയെല്ലാം ഉണ്ടെന്നു അറിഞ്ഞുകൂടാ. നിവൃത്തിയുള്ളവർ സംപൂർണ്ണക്ലബ്ബുതന്നെ രൂപീകരിച്ചാൽ കൊള്ളാം. അല്ലാത്തവർ പാടുള്ള യൂണിററുകൾ തുടങ്ങുക. ഒന്നാമത്തേതു മിഷൻയൂണിററു്, പിന്നത്തേതു മേല്പറഞ്ഞ നമ്പർ മുറയ്ക്കുമായിരിക്കണം.

കഴിയുന്നവൻ കഴിയുന്നതു ചെയ്യുക എന്നല്ലാതെ ഇതൊന്നും നിർബന്ധമുള്ളതല്ലെന്നു പറയേണ്ടതില്ലല്ലോ. പാടുള്ള പരിശീലനങ്ങൾ ഇപ്പോൾ സിദ്ധിച്ചിരുന്നാൽ മേലിലേക്കു നല്ല പടയാളികളായിത്തീരും.

ക്ലബ്ബുകൾ രൂപീകരിക്കുന്നിടത്തുനിന്നു ഓരോ യൂണിററിന്റെയും ഭാരവാഹികളുടെ പേരുവിവരങ്ങളും, അപ്പഴപ്പോഴുള്ള പ്രവർത്തനറിപ്പോർട്ടുകളും വോളണ്ടിയറന്മാർ എഴുതി അയച്ചാൽ (അതു അവരുടെ ജോലിയാണു്) ബാലരംഗത്തിൽ ഇടയ്ക്കിടെ പ്രസിദ്ധപ്പെടുത്തിക്കൊള്ളാം.

ക്രിസ്തുരാജൻ തന്റെ കുഞ്ഞുസൈന്യത്തെ അനുഗ്രഹിക്കട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

# * ഫാത്തിമായിലെ കുട്ടികൾ

അദ്ധ്യായം 1

## സമാധാനത്തിന്റെ ദൈവദൂതൻ

1916-ലെ വസന്തകാലത്തെ ശാന്തശീതളമായ ഒരു പ്രഭാതം. പോർട്ടുഗൽ രാജ്യത്തു് ഫാത്തിമാ എന്ന ഗ്രാമത്തിൽ വസിച്ചിരുന്ന മൂന്നു കുട്ടികൾ അതിരാവിലെ ഉണർന്നു പ്രാതഭക്ഷണവും കഴിച്ചു് പതിവുപോലെ ആടുകളെ മേക്കുന്നതിനായി മേച്ചിൽസ്ഥലത്തേക്കു പുറപ്പെട്ടു. ലൂസി, ജസീന്ത, ഫ്രാൻസിസ് എന്നായിരുന്നു അവരുടെ പേരുകൾ. ലൂസിക്കു് ഒമ്പതുവയസ്സും, ജസീന്തക്കു് ആറുവയസ്സും, അവളുടെ സഹോദരനായ ഫ്രാൻസിസിനു് എട്ടുവയസ്സും പ്രായമുണ്ടായിരുന്നു. ലൂസിയുടെ പിതാവിന്റെ സഹോദരീപുത്രരായിരുന്നു മറു രണ്ടു കുട്ടികളും.



ആട്ടിൻപററത്തെ മേച്ചിൽസ്ഥലത്താക്കിക്കഴിഞ്ഞു നടത്തേണ്ട കളികളെപ്പററിയും മററും വഴിനീളെ സംസാരിച്ചുകൊണ്ടു് അവർ നടന്നുപോയി. അപ്പോൾ മഴ കുറേശ്ശെ ചാറുന്നുമുണ്ടായിരുന്നു.

"നമുക്കു മഴ നനയാതെ ആ ഗുഹയിൽ പോയിരിക്കണം." ജസീന്ത അഭിപ്രായപ്പെട്ടു.

"അങ്ങനെതന്നെ. അവിടെയിരുന്നാൽ ആടുകളെ നോക്കാനും എളുപ്പമാണു്." ഫ്രാൻസിസ് പറഞ്ഞു.

ലൂസിക്കും അതു സമ്മതമായി.

അവർ ആടുകളെ തെളിച്ചുകൊണ്ടു വേഗം നടന്നു. മേച്ചിൽസ്ഥലം കണ്ടുതുടങ്ങി. അതിന്റെ അററത്തു് അവിടവിടെയായി ഒലിവുമരങ്ങൾ വളർന്നുനിന്നിരുന്ന മറുവശത്തുള്ള ഒരു ചെറുകുന്നിന്റെ ചരിവിലായിരുന്നു ഗുഹ.

കുട്ടികൾ ഗുഹയിൽ പ്രവേശിച്ചു. അതു് ഇരുളടഞ്ഞതും ഇടുങ്ങിയതുമായിരുന്നെങ്കിലും നമ്മുടെ കൊച്ചിടയർക്കു് അവിടം നല്ലവണ്ണം പരിചിതമായിരുന്നതിനാൽ അതിനുള്ളിലിരിക്കുന്നതിനു അവർക്കു് ഒട്ടും പേടി തോന്നിയില്ല.

കുട്ടികൾ കുറേനേരത്തേക്കു പല വിനോദങ്ങളും പറഞ്ഞു രസിച്ചു. മഴ മാറാഞ്ഞതിൽ അവർ കുണ്ഠിതപ്പെട്ടു. വെയിൽ തെളിഞ്ഞിട്ടു് മലമുകളിൽ കയറിനിന്നു് ഉച്ചത്തിൽ കൂവി ആ ശബ്ദത്തിന്റെ പ്രതിധ്വനി കേട്ടു രസിക്കുവാൻ അവർ കൗതുകം പ്രകടിപ്പിച്ചു. പക്ഷേ ഫ്രാൻസിസിനു് അതിനേക്കാൾ രസം പുരയുണ്ടാക്കിക്കളിക്കുന്നതിലായിരുന്നു.

"മഴ മാറിയാൽ കല്ലു പെറുക്കിക്കൊണ്ടു വന്നു് ഞാൻ ഒരു പുരപണിയും. ഒന്നാന്തരം ഒരു വീടു്! അത്രയും വലിയൊരു വീടു നിങ്ങൾ കണ്ടിട്ടുണ്ടായിരിക്കയില്ല." ആ ബാലൻ കൗതുകത്തോടെ പറഞ്ഞു.

ഇതു കേട്ടു് ലൂസി പൊട്ടിച്ചിരിച്ചുപോയി.

"അതൊക്കെ നമുക്കു പിന്നീടു നിശ്ചയിക്കാം. ഇപ്പോൾ വിശപ്പടക്കാനുള്ള വഴി നോക്കണം." അവൾ നിർദ്ദേശിച്ചു.

വീട്ടിൽനിന്നു പൊതിഞ്ഞുകെട്ടിക്കൊണ്ടുപോന്നിരുന്ന അപ്പവും പഴങ്ങളും മററും അവർ എടുത്തുഭക്ഷിച്ചു. അപ്പോഴേക്കു മഴയും ഒട്ടു ശമിച്ചിരുന്നു. പുറത്തുപോയി കളിക്കാൻ ഫ്രാൻസിസ് തിടുക്കം കൂട്ടി. പക്ഷേ ലൂസി അതു ശ്രദ്ധിച്ചില്ല. നേരം അപ്പോൾ ഉച്ചയായിരുന്നു —ഗ്രാമവാസികൾ പതിവായി കൊന്തനമസ്കാരം ചൊല്ലുന്ന സമയം— ആ പതിവനുസരിച്ചു് അവരും കൊന്തയെത്തിക്കയാണു വേണ്ടതെന്നു ലൂസി തീരുമാനിച്ചു.

ഫ്രാൻസിസ് ഒന്നു നെടുവീർപ്പിട്ടു. കൊന്തജപിക്കുന്നതല്ല, പള്ളിയിൽ പോകുന്നതിലും മററും അവൻ അത്രവലിയ താല്പര്യമുള്ളവനായിരുന്നില്ല. കിഴവികൾക്കും പെൺകുട്ടികൾക്കുമുള്ള ജോലികളാണവയൊക്കെയെന്നായിരുന്നു അവന്റെ വിചാരം. എങ്കിലും അതെപ്പററി ലൂസിയോടു തർക്കിച്ചിട്ടുകൊണ്ടു ഫലമില്ല. അവളാണു് അവരുടെ നേതൃത്വം വഹിച്ചിരുന്നതു്. വെളിയിലായിരിക്കുമ്പോൾ അവളെ അനുസരിക്കണമെന്നു മാതാപിതാക്കന്മാരും ചട്ടംകെട്ടിയിട്ടുണ്ടു്. അവൾക്കല്ലേ പ്രായക്കൂടുതലും? മാത്രമല്ല, അക്കൂട്ടത്തിൽ ആദ്യകുർബാന കൈക്കൊണ്ടിട്ടുള്ളതും അവൾ മാത്രമായിരുന്നു.

ഫ്രാൻസിസ് പോക്കററിൽ തപ്പി ഒരു കൊന്ത കൈയിലെടുത്തു.

"എന്നാൽ വേഗമാകട്ടെ; പ്രാർത്ഥന കഴിഞ്ഞാലുടനെ എനിക്കു പുരപണിയാൻ പോകണം. അതു് എത്ര വലുതും ഭംഗിയുള്ളതുമായിരിക്കുമെന്നു് അല്പം കഴിഞ്ഞു നിങ്ങൾ കണ്ടോളിൻ."

കുട്ടികൾ ജപമാലയിൽ നിരതരായി. ആ കൊച്ചിടയർ ദൈവജനനിയെ വന്ദിക്കുന്ന രീതി കണ്ടാൽ ആർക്കും അതൊരു നേരംപോക്കായിത്തന്നെ തോന്നും. ജപമാലയിലെ ഓരോ വലിയ മണിയും ഉരുട്ടുന്നതോടൊപ്പം, "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ," എന്നും, ചെറിയ മണികൾ ഉരുട്ടുന്നതോടൊന്നിച്ചു് "നന്മനിറഞ്ഞമറിയമേ," എന്നും മാത്രം ചൊല്ലി അവർ ഞൊടിയിടയിൽ ജപമാല മുഴുവൻ തീർത്തു.

പ്രാർത്ഥന അവസാനിച്ചപ്പോൾ, "നമുക്കിനി പുറത്തുപോയി കളിക്കാം" എന്നു് ലൂസിയെ ആശാപൂർവ്വം നോക്കിക്കൊണ്ടു ഫ്രാൻസിസ് പറഞ്ഞു.

ലൂസി:- "ഇല്ല ഇപ്പോഴും മഴയുണ്ടു്."

ഫ്രാൻ:- "അതു സാരമില്ല."

ജസീന്ത പുറത്തേക്കു നോക്കിയിട്ടു പറഞ്ഞു: "ലൂസി, അതൊരു മൂടൽമഞ്ഞാണെന്നു തോന്നുന്നു."

"എന്റെ പുര! എനിക്കു കല്ലു പെറുക്കാൻ പോകാൻ സമയമായി." ഫ്രാൻസിസ് അക്ഷമനായി.

"വരട്ടെ; നിങ്ങൾ രണ്ടുപേരും ഇവിടെ ഇരിക്കു. നമുക്കു് ഇവിടെയിരുന്നു് ഒരു കളി തുടങ്ങാം." ലൂസി പറഞ്ഞു.

കുട്ടികൾ രണ്ടും മനസ്സില്ലാമനസ്സോടെ തറയിലിരുന്നു. അവർ ഓരോ കഥകൾ പറഞ്ഞു രസിച്ചു.

പെട്ടെന്നു് ഒരു കൊടുങ്കാററുണ്ടായതുപോലെ അവർക്കു തോന്നി. അതിനിടയിൽ സംഭ്രമജനകമായ ഒരു കാഴ്ച! ഗുഹയ്ക്കു മുൻവശത്തെ പറമ്പിന്റെ അററത്തുള്ള ഒലിവുവൃക്ഷങ്ങളുടെ മുകളിൽ മനോഹരമായ ഒരു വെളുത്ത പ്രഭ കണ്ടു. അതു വെണ്മഞ്ഞുപോലെയും അച്ഛസ്ഫടികതുല്യമായും ശോഭിച്ചു. ആ പ്രഭ ഗുഹാമുഖത്തേക്കു നീങ്ങി. കുട്ടികൾ മൂവരും ഭയംകൊണ്ടു മിണ്ടാൻ പാടില്ലാതെ നിന്നുപോയി. ആ പ്രകാശത്തിന്റെ നടുക്കുനില്ക്കുന്ന ഒരു യുവാവു് അവരുടെ ഇടവകപ്പള്ളിയിൽ മാലാഖമാരുടെയും പുണ്യവാന്മാരുടെയും പടങ്ങളിൽ കണ്ടിട്ടുള്ളതുപോലെയാണു് അയാൾ വസ്ത്രം ധരിച്ചിരുന്നതു്. എന്നാൽ ഇതു പള്ളിയിൽ കണ്ടതുപോലെയുള്ള ഒരു പടമല്ല, ആൾതന്നെയായിരുന്നു.



"ഭയപ്പെടേണ്ട." പുഞ്ചിരി പൊഴിച്ചുകൊണ്ടു് ആഗതൻ പറഞ്ഞു. "ഞാൻ സമാധാനത്തിന്റെ മാലാഖയാകുന്നു." അനന്തരം മുട്ടുകുത്തി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് "എന്നോടുകൂടി പ്രാർത്ഥിക്കുക" എന്നു് അദ്ദേഹം അവരോടു് ആവശ്യപ്പെട്ടു.

തങ്ങൾ ചെയ്യേണ്ടതെന്തെന്നറിയാത്തതുപോലെ ആ ഇടയക്കുട്ടികൾ മുട്ടിന്മേൽനിന്നു് ആ അപരിചിതന്റെ പ്രവൃത്തികളെ അനുകരിച്ചു അദ്ദേഹം ചൊല്ലിക്കൊടുത്ത താഴെക്കാണുന്ന പ്രാർത്ഥന അവരും ആവർത്തിച്ചു.

"എന്റെ ദൈവമേ, ഞാൻ അവിടുത്തെ വിശ്വസിക്കുന്നു. അവിടുത്തെ ആരാധിക്കുന്നു. അങ്ങയിൽ ശരണം വയ്ക്കുന്നു. അവിടുത്തെ സ്നേഹിക്കുന്നു. അവിടുത്തെ വിശ്വസിക്കുകയും ആരാധിക്കുകയും ശരണം ഗമിക്കുകയും സ്നേഹിക്കുകയും ചെയ്യാത്തവർക്കുവേണ്ടി ഞാൻ മാപ്പപേക്ഷിക്കുന്നു."

ഈ പ്രാർത്ഥന മൂന്നുവട്ടം ചൊല്ലിക്കൊടുത്തിട്ടു് മാലാഖ കുഞ്ഞുങ്ങളെ നോക്കി പുഞ്ചിരിതൂകി. "ഇപ്രകാരം പ്രാർത്ഥിക്കുക. ഈശോയുടെയും മറിയത്തിന്റെയും തിരുഹൃദയങ്ങൾ നിങ്ങളുടെ യാചന ചെവിക്കൊള്ളും." മാലാഖ പറഞ്ഞു.

അടുത്ത നിമിഷത്തിൽ ആ സമാധാനദൂതൻ അപ്രത്യക്ഷനായി. കുട്ടികൾക്കു അപ്പോഴുണ്ടായതുപോലെ ഒരു ഭയം അവരുടെ ജീവിതത്തിൽ അനുഭവപ്പെട്ടിട്ടില്ല. വീട്ടിലെത്തിയിട്ടും ആ സംഭവത്തെക്കുറിച്ചു് ഒരക്ഷരം ആരോടും ഉരിയാടുവാൻപോലും അവർക്കു കഴിഞ്ഞില്ല.

മദ്ധ്യവേനലോടുകൂടി സമാധാനദൂതൻ വീണ്ടും അവർക്കു പ്രത്യക്ഷനായി.

"പ്രാർത്ഥിക്കുക, വളരെയധികമായി പ്രാർത്ഥിക്കുക. ഈശോയുടെയും മറിയത്തിന്റെയും ദിവ്യഹൃദയങ്ങൾ കരുണാർദ്രമായ ലക്ഷ്യം നിങ്ങളിൽ വച്ചിട്ടുണ്ടു്. തുടരെയുള്ള പ്രാർത്ഥനകളും ത്യാഗങ്ങളും നിങ്ങൾ ദൈവത്തിനായി സമർപ്പിക്കുക." മാലാഖ അവരോടു പറഞ്ഞു

ഒരു ദൈവദൂതനോടു സംസാരിക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ചു് ലൂസി സംശയിച്ചു. എങ്കിലും ധൈര്യം അവലംബിച്ചുകൊണ്ടു് അവൾ ചോദിച്ചു:- "ഞങ്ങൾ എങ്ങനെയാണു് ത്യാഗമനുഷ്ഠിക്കേണ്ടതു്?"

ആ സ്വർഗ്ഗീയദൂതൻ മന്ദഹസിച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു:- "നിങ്ങൾ ചെയ്യുന്നതെല്ലാം പാപികളുടെ മാനസാന്തരത്തിനും, ദൈവത്തെ വേദനപ്പെടുത്തുന്ന പാപങ്ങളുടെ പരിഹാരത്തിനുമായി അവിടുത്തേക്കു സമർപ്പിക്കുക. ഈ വിധത്തിൽ നമ്മുടെ രാജ്യത്തിൽ സമാധാനം കൈവരുത്തുക"

ദൈവദൂതൻ "നമ്മുടെ രാജ്യം" എന്നു പറഞ്ഞതും, കുട്ടികൾ പാപികളെ മാനസാന്തരപ്പെടുത്തണമെന്നു സൂചിപ്പിച്ചതും യൂറോപ്പിൽ അപ്പോൾ നടന്നുകൊണ്ടിരുന്ന അതിഭയങ്കരമായ യുദ്ധം അവസാനിപ്പിച്ചു് രാജ്യത്തു സമാധാനം

(ശേഷം 8-ാം പേജിൽ)

---

* മേരി ഫേബിയൻ വിൻഡെയററ് (Mary Fabian Windeath) അവർകളാൽ വിരചിതമായ The Children of Fatima എന്ന വിശിഷ്ടഗ്രന്ഥത്തെ ആസ്പദമാക്കി മി വറുഗീസ് കാഞ്ഞിരത്തുങ്കൽ രചിച്ചിട്ടുള്ള "ഫാത്തിമായിലെ കുട്ടികൾ" എന്നഗ്രന്ഥം ഖണ്ഡശഃ ഈ പംക്തികളിൽ പ്രസിദ്ധം ചെയ്യുന്നതിനു ഞങ്ങളുദ്ദേശിക്കുന്നു. ഷെവലിയർ ജോസഫ് തളിയത്തിന്റെ നിർദ്ദേശപ്രകാരവും മേൽനോട്ടത്തിലുമാണു് ഇതു വിരചിതമായതു്. ഫാത്തിമാനാഥയുടെ തിരുസ്വരൂപം നമ്മുടെ മാതൃഭൂമിയിൽ പര്യടനം നടത്തുവാൻ പോകുന്ന ഈ അവസരത്തിൽ, ഫാത്തിമായിലെ അത്ഭുതസംഭവങ്ങളുടെ വിവരണം കേൾക്കുന്നതിനു് ഏവർക്കും ആഗ്രഹമുണ്ടായിരിക്കുമല്ലൊ. ദൈവജനനിയുടെ സ്വർഗ്ഗീയ സന്ദേശത്തിന്റെ ചരിത്രപരമായ പശ്ചാത്തലം ഏററവും ആകർഷകമായ രീതിയിൽ ഈ ഗ്രന്ഥത്തിൽ ചിത്രീകരിച്ചിരിക്കുന്നു ഇതൊരു ചരിത്രഗ്രന്ഥമാണെങ്കിലും, ഒരു നോവലിന്റെ ആസ്വാദ്യത ഇതിനുണ്ടെന്നു് അഭിപ്രായപ്പെടുന്നതിൽ ഞങ്ങൾക്കു് അതിയായ സന്തോഷമുണ്ടു്. ഷെവലിയർ തളിയത്തിനും ശ്രീ കാഞ്ഞിരത്തുങ്കലിനും ഞങ്ങളുടെ ഹാർദ്ദമായ അനുമോദനങ്ങൾ,

പത്രാധിപർ

---

## നിങ്ങൾക്കറിയാമോ?

1 മാതാവു് ഫാത്തിമായിൽ ആദ്യമായി പ്രത്യക്ഷപ്പെട്ടതു് എന്നാണു?

2 ആകെ എത്ര പ്രാവശ്യം പ്രത്യക്ഷപ്പെട്ടു?

3 അവസാനദർശനം എന്നായിരുന്നു?

4 അന്നുണ്ടായ മഹാത്ഭുതം എന്താണു്?

5 "അങ്ങു് ആരാകുന്നു?" എന്ന ചോദ്യത്തിനു മാതാവു നല്കിയ മറുപടി എന്താണു്?

6 ഫാത്തിമാസന്ദേശത്തിന്റെ രത്നച്ചുരുക്കം എന്താണു്?

(ഉത്തരങ്ങൾ 9-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ

Vol· 23 ‖ ERNAKULAM, NOVEMBER 16, 1949 ‖ No 13


# ഫാത്തിമാനാഥയുടെ ജൈത്രയാത്ര

"തീർത്ഥാടനകന്യക" എന്ന പേരിൽ വിശ്വവിഖ്യാതമായിരിക്കുന്ന ഫാത്തിമാനാഥയുടെ തിരുസ്സ്വരൂപം അടുത്തുതന്നെ നമ്മുടെ മാതൃഭൂമിയിലേക്കു സംവഹിക്കപ്പെടുമെന്നുള്ള സദ്വാർത്ത മേരീഭക്തന്മാരെന്നു പ്രസിദ്ധിനേടിയിട്ടുള്ള കേരളീയ കത്തോലിക്കർക്ക് പ്രത്യേകിച്ചും സന്തോഷജനകമായിരിക്കുമെന്നുള്ളതിൽ സംശയമില്ല. ഇത്തരുണത്തിൽ ഫാത്തിമാനാഥയുടെ സ്വരൂപങ്ങളേയും തീർത്ഥാടനങ്ങളേയും പററി കൂടുതലായി അറിയുന്നതിനുള്ള ഔത്സുക്യം ജനിക്കുക സ്വാഭാവികംമാത്രമാണ്. 1947 മുതലുള്ള പല പത്രറിപ്പോർട്ടുകളിൽനിന്നും സമാഹരിച്ച വിവരങ്ങളാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം.

### ഫാത്തിമാസ്വരൂപം

ഫാത്തിമായിൽ മാതാവു പ്രത്യക്ഷപ്പെട്ട മൂന്നു കുട്ടികളിൽ ലൂസിമാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു. ലൂസി ഇപ്പോൾ കോയിംബ്രായിലെ കർമ്മലീത്താ കന്യകാമഠത്തിൽ ഒരു സഹോദരിയാണ്. ഒരു കല്പനയിൽ വൈദികനായ തോമസ് മാക്ഗ്ലിൻ ഈ സഹോദരിയുടെ അഭിപ്രായമനുസരിച്ച് നിർമ്മിച്ചിട്ടുള്ളതാണ് ഫാത്തിമാനാഥയുടെ ആദ്യസ്വരൂപം. മാതാവു പ്രത്യക്ഷപ്പെട്ടപ്പോൾ പ്രകാശം പല വിധത്തിലായിരുന്നുവെന്നും വിവിധവശങ്ങളിൽക്കൂടിയാണ് മുഖവും കരങ്ങളും വസ്ത്രങ്ങളിൽനിന്നും തിരിച്ചറിയുവാൻ തരമില്ലെന്നും ഈ സഹോദരി പറയുകയുണ്ടായി.

ഫാത്തിമാസ്വരൂപത്തിന് ഏകദേശം 18 വയസ്സുള്ള ഒരു പെൺകുട്ടിയുടെ പ്രതീതിയുണ്ട്. നല്ല പൊക്കം; മെലിഞ്ഞുകഴിഞ്ഞു; ഉൽകൃഷ്ടതയെ ദ്യോതിപ്പിക്കുന്ന ആകാരം. അരവാർ ഇല്ലാതെ മടക്കുകളും അരയിൽ ഒട്ടിയതും ആയ നീണ്ട ഉടുപ്പു ധരിച്ചിരിക്കുന്നു. നിർമ്മലമായ ഒരു മേൽവസ്ത്രം തലയിൽനിന്നും കാൽവരെ നീണ്ട് മുൻഭാഗം തൂങ്ങിക്കിടക്കുന്നു. നെഞ്ചിന്റെ ഇടതുവശത്ത് മുൾമുടി ധരിച്ച ഒരു ഹൃദയമുണ്ട്. കേവലം ചരടുകൊണ്ടുള്ള ഒരു കണ്ഠാഭരണത്തിൽ അരയും അല്പം മുകളിലായി ഒരു ഉണ്ട തൂക്കിയിട്ടുണ്ട്. ഇരുവശമുള്ള ചരടുകൾ പ്രകാശരേഖകളായും ഉണ്ട പ്രകാശത്തിന്റെ ഒരു ഉരുളയായും കാണപ്പെട്ടുവെന്നാണ് സിസ്റ്റർ ലൂസി പറഞ്ഞത്. വസ്ത്രത്തിന്റെ അടിവശത്ത് ഒരു നക്ഷത്രമുണ്ട്. ഇടതുകൈയിൽ ഒരു ജപമാല ഏന്തിയിരിക്കുന്നു. ഈ ജപമാല സിസ്റ്റർ ലൂസി തന്നെ ഉണ്ടാക്കിയതാണ്. വലതുകരം അല്പം മുമ്പോട്ടുതള്ളി കൈപ്പത്തി തിരിച്ചുപിടിച്ചിരിക്കുന്നു.

### "തീർത്ഥാടനം"

ഫാത്തിമാസ്വരൂപം വഹിച്ചുകൊണ്ടുള്ള തീർത്ഥയാത്രകൾ പരിശുദ്ധ കന്യകയുടെ നിർദ്ദേശാനുസരണം തുടങ്ങിയതാണോ എന്നും അല്ലെങ്കിൽ പിന്നെ അവയുടെ ഉത്ഭവം എങ്ങനെയെന്നും ഒരു മാന്യൻ കുറേനാൾമുമ്പ് ഒരു കത്തോലിക്കാപത്രത്തിന് എഴുതി ചോദിക്കുകയുണ്ടായി. ഈ തീർത്ഥയാത്രകൾ പരിശുദ്ധ കന്യകയുടെ നിർദ്ദേശാനുസരണം തുടങ്ങിയതല്ല. 1946 ഡിസംബറിൽ, പരിശുദ്ധ കന്യക പ്രത്യക്ഷപ്പെട്ട സ്ഥലമായ കോവാ ഡ ഈരിയായിൽനിന്നും ലിസ്ബണിലേക്ക് ഫാത്തിമാനാഥയുടെ തിരുസ്സ്വരൂപം വഹിച്ചുകൊണ്ട് ഒരു ഭക്തയാത്ര നടത്തുകയുണ്ടായി. അതു വാസ്തവത്തിൽ ഒരു ജൈത്രയാത്രതന്നെ ആയിരുന്നു. പോർട്ടുഗീസ് ജനതയുടെ ആദ്ധ്യാത്മികചൈതന്യത്തെ തട്ടിയുണർത്തുന്നതിന് അതു വളരെ സഹായിച്ചു. ഈ ഘട്ടത്തിലാണ് ഫാത്തിമാനാഥയുടെ തീർത്ഥയാത്രയെപ്പററിയുള്ള ആശയം സംജാതമായത്. പിന്നീട് ഫാത്തിമായിൽ സമ്മേളിച്ച സാർവദേശീയ കത്തോലിക്കാ പ്രവർത്തനകോൺഗ്രസ് ഈ ആദർശത്തിന്റെ സാഫല്യത്തിൽ ഉത്സുകരാവുകയും അവരുടെ പ്രയത്നഫലമായി "തീർത്ഥയാത്രകൾ" ആരംഭിക്കുകയും ചെയ്തു.

### "തീർത്ഥാടനകന്യക"

കോവാ ഡ ഈരിയായിൽവച്ചു ഫാത്തിമാനാഥയുടെ മൂന്നു സ്വരൂപങ്ങൾ ആഡംബരപൂർവ്വം മെത്രാന്മാർ വെഞ്ചരിക്കുകയും ഇവ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ആഘോഷപൂർവ്വം സംവഹിക്കപ്പെടുകയും ചെയ്തു. ഈ തിരുസ്സ്വരൂപങ്ങൾ ഓരോന്നിനും "തീർത്ഥാടനകന്യക" എന്നു പറഞ്ഞുവരുന്നു.

ഈ തിരുസ്സ്വരൂപങ്ങളുടെ സന്ദർശനോദ്ദേശ്യം താഴെ പറയുന്നവയാണ്: 1) ഫാത്തിമാനാഥയുടെ സന്ദേശം ലോകം മുഴുവൻ അറിയിക്കുക. 2) പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും മാർഗ്ഗത്തിൽക്കൂടി ജനാവലിയുടെ ആദ്ധ്യാത്മികചൈതന്യത്തെ ഉജ്ജ്വലിപ്പിക്കുക. 3) കിഴക്കുവശത്തും പടിഞ്ഞാറുവശത്തുംകൂടി റഷ്യയെ "ആവരണം" ചെയ്യുന്നതിനും അങ്ങനെ തന്റെ സ്നേഹപൂർവ്വമായ ആശ്ലേഷത്തിൽ റഷ്യയുൾപ്പെടെയുള്ള ലോകം മുഴുവൻ ഉൾപ്പെടുത്തുന്നതിന് ഫാത്തിമാനാഥയെ അനുവദിക്കുക. 4) ഫാത്തിമായിലേക്കു തീർത്ഥയാത്ര നടത്തുന്നതിന് അശക്തരായ ലക്ഷക്കണക്കിനു ക്രൈസ്തവർക്ക് ഫാത്തിമാനാഥയെ ഏതാണ്ടു നേരിട്ടുതന്നെ വണങ്ങുന്നതിനു സന്ദർഭം നൽകുക.

ആദ്യത്തെ സ്വരൂപം ഫാത്തിമായിലെ ആദ്യദർശനത്തിന്റെ മുപ്പതാമതു വാർഷികമായ 1947 മേയ് 13-ാംനു ഫാത്തിമായിൽനിന്നും സ്പെയിൻ, ഫ്രാൻസ്, ബെൽജിയം, ലക്സംബെർഗ് മുതലായ യൂറോപ്യൻരാജ്യങ്ങളിലേക്കു പുറപ്പെട്ടു. രണ്ടാമത്തെ സ്വരൂപം ഫാത്തിമായിലെ അവസാനദർശനത്തിന്റെ 30 ാമതു വാർഷികമായ 1947 ഒക്ടോബർ 13-ാംനു അമേരിക്കയിലേക്കു പുറപ്പെട്ടു. മൂന്നാമത്തേതു പോർട്ടുഗലിലും പോർട്ടുഗീസ് കോളനികളിലും തീർത്ഥാടനത്തിനായി പുറപ്പെട്ടു. ഇതിൽ ആദ്യത്തെ തിരുസ്സ്വരൂപമാണ് ഇൻഡ്യയിൽ വരുന്നത്.

### യൂറോപ്പിൽ

ഫാത്തിമാനാഥയുടെ തിരുസ്സ്വരൂപം സ്പെയിനിന്റെ തലസ്ഥാനമായ മാഡ്രിഡിൽ കൊണ്ടുവന്ന അവസരത്തിൽ അഞ്ചുലക്ഷത്തോളംപേർ പരിശുദ്ധകന്യകയെ വണങ്ങുന്നതിനായി അവിടെ കൂടി. മെത്രാന്മാരും രാഷ്ട്രാധികാരികളും സൈനികാധികാരികളും കത്തോലിക്കാ പ്രവർത്തനസംഘ പ്രതിനിധികളുംകൂടി തിരുസ്സ്വരൂപം സ്വീകരിച്ചു. തെരുവീഥികൾ കമനീയമായി അലങ്കരിച്ചിരുന്നു. "സാൽവെ റെജീന" പാടിക്കൊണ്ട് ആഘോഷപൂർവ്വം തിരുസ്സ്വരൂപം മെത്രാസനദേവാലയത്തിലേക്കു കൊണ്ടുപോയി. വെള്ളനിറത്തിൽ മൂന്നടിപൊക്കമുള്ള ആ സ്വരൂപം പേപ്പൽപതാകകളാൽ അലംകൃതമായ പീഠത്തിൽ സ്ഥാപിച്ചു. അപ്പോൾ പ്രാവുകൾ അതിനു ചുററും പറന്നിരുന്നു. കർദ്ദിനാൾ സെറജിറാ ദിവ്യബലി അർപ്പിച്ചതിനുശേഷം തിരുസ്വരൂപം വഹിച്ചുകൊണ്ട് രോഗികളുടെ കിടക്കകൾക്കിടയിൽക്കൂടി കടന്നുപോയി. എണ്ണായിരത്തോളം രോഗികളെ തത്സമയം അവിടെ കൊണ്ടുവന്നിരുന്നു. അവരെ പരിചരിക്കുന്നതിനായി നൂറു ഡോക്ടറന്മാരും ആയിരം നേഴ്സുമാരും ഉണ്ടായിരുന്നു. ഒൻപതു രോഗശമനങ്ങൾ ഉണ്ടായതായി പറയപ്പെടുന്നു. തിരുസ്സ്വരൂപം മാഡ്രിഡിലെ എല്ലാദേവാലയങ്ങളിലും കൊണ്ടുപോയി. ഈ രോഗശമനങ്ങളുടെ അത്ഭുതസ്വഭാവത്തെപ്പററി ഭിഷഗ്വരന്മാർ സാക്ഷിച്ചിട്ടുണ്ടെങ്കിലും വൈദികാധികാരികൾ ഔദ്യോഗികമായി യാതൊരു പ്രഖ്യാപനവും ചെയ്തിട്ടില്ല.

തീർത്ഥാടനകന്യകയുടെ യൂറോപ്യൻ പര്യടനത്തിലെ ഒരു പ്രധാന സംഭവം സ്പെയിനിന്റേയും ഫ്രാൻസിന്റേയും അതിർത്തികൾ തുറക്കപ്പെട്ടതാണ്. തന്മൂലമുണ്ടാകാവുന്ന അസൗകര്യങ്ങളെ അവഗണിച്ചുകൊണ്ട് ഇരുഗവണ്മെണ്ടുകളും നിർബാധമായ അതിർത്തിഗതാഗതത്തിനു തൽക്കാലം അനുമതിനൽകി. ആയിരക്കണക്കിനു ഫ്രഞ്ചുകാർ ഒരുവശത്തും ആയിരക്കണക്കിനു സ്പെയിൻകാർ മറുവശത്തും കൂടി. തിരുസ്സ്വരൂപം ഒരുരാജ്യത്തിൽനിന്നും മറെറാരുരാജ്യത്തേക്കു കടക്കുകയിൽ ഫ്രഞ്ചുമെത്രാപ്പോലീത്താ സ്പാനിഷ് മെത്രാപ്പോലീത്തായെ ആശ്ലേഷിച്ചു. തിരുസ്സ്വരൂപം കടന്നുപോയ ശ്രുപതകൾ പരിശുദ്ധ കന്യകയുടെ അമലോത്ഭവഹൃദയത്തിനു പ്രതിഷ്ഠിക്കപ്പെട്ടു.

### അമേരിക്കയിൽ

അമേരിക്കയിലേക്കു പുറപ്പെട്ട തീർത്ഥാടനകന്യകയുടെ സ്വരൂപം 1947 ഒക്ടോബർ 19-ാംനു കാനഡായുടെ തലസ്ഥാനമായ ഒട്ടാവയിലെത്തി. അവിടത്തെ മെത്രാപ്പോലീത്തായായ വാച്ചുൻ തിരുമനസ്സുകൊണ്ട് യൂനിവേഴ്സിററി സ്റ്റേഡിയത്തിൽവച്ച് ഫാത്തിമാനാഥയുടെ തിരുസ്സ്വരൂപത്തിനു ആഘോഷപൂർവം മുടിചാർത്തി. തദവസരത്തിൽ 20,000 പേർ അവിടെ സന്നിഹിതരായിരുന്നു. കാനഡയിലെ നാല്പത്തൊൻപതു ദിവസത്തെ "തീർത്ഥാടന"ത്തിനിടയ്ക്കു അഞ്ചുലക്ഷത്തോളം തീർത്ഥകർ തിരുസ്സ്വരൂപം സന്ദർശിച്ചു പ്രാർത്ഥിക്കുകയുണ്ടായി.

കാനഡായിൽനിന്നും അമലോത്ഭവനാഥയുടെ തിരുനാളായ ഡിസംബർ 8-ാംനു "തീർത്ഥാടനകന്യക" അമേരിക്കൻ ഐക്യരാജ്യങ്ങളിലെ നയാഗ്രാഫാൾസിൽ പ്രവേശിച്ചു. അവിടെ നിന്നും ഐക്യനാടുകളുടെ നാനാഭാഗത്തും അനന്തരം അമേരിക്കയിലെ മററുരാജ്യങ്ങളിലും പര്യടനം നടത്തി. എല്ലായിടത്തും അത്യാഘോഷപൂർവവും അതിവ ഭക്തിദ്യോതകവും ആയ സ്വീകരണമാണ് ഫാത്തിമാനാഥയ്ക്കു ലഭിച്ചത്. ചില നഗരങ്ങളിൽ തിരുസ്സ്വരൂപം പ്രവേശിച്ചദിവസം ഫാത്തിമാനാഥയോടുള്ള ബഹുമാനസൂചകമായി ഒരു പൊതു ഒഴിവുദിവസമായി പ്രഖ്യാപിക്കപ്പെട്ടു. ചിക്കാഗോയിൽ തിരുസ്സ്വരൂപം പൊതുവണക്കത്തിയായി സ്ഥാപിക്കപ്പെട്ടിരുന്ന അവസരത്തിൽ 125,000 തീർത്ഥകർ അവിടെ സമ്മേളിച്ച് ദിവ്യജനനിയെ വണങ്ങുകയുണ്ടായി. തദവസരത്തിൽ ഏതാനും രോഗശമനങ്ങൾ ഉണ്ടായതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. അവയിൽ ചിലതിനെപ്പററി അന്വേഷണങ്ങൾ നടത്തുന്നുണ്ട്.

ആഫ്രിക്കയിലും ഫാത്തിമാനാഥയുടെ തിരുസ്സ്വരൂപത്തിനു ലഭിച്ച സ്വീകരണം അത്ഭുതപൂർവമായ ആഘോഷങ്ങളോടുകൂടിയവയായിരുന്നു. അവിടത്തെ അക്രൈസ്തവജനതയും ഫാത്തിമാനാഥയോടു ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നതിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചു.

### നാം ഒരുങ്ങേണ്ടിയിരിക്കുന്നു

ഫാത്തിമാനാഥയെ യഥായോഗ്യം സ്വീകരിക്കുവാനായി നാം ഒരുങ്ങേണ്ടതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. മാതാവിന്റെ തിരുസ്സ്വരൂപം നമ്മുടെ നേത്രങ്ങൾകൊണ്ട് ദർശിക്കുന്നതിലോ ബാഹ്യമായ ആഘോഷങ്ങൾ നടത്തുന്നതിലോ അല്ല പ്രധാനമായി പുണ്യമടങ്ങിയിരിക്കുന്നത്; പ്രത്യുത, മാതാവിനു ആദ്ധ്യാത്മികമായ സ്വാഗതമരുളുന്നതിലാണ്. ബാഹ്യമായ ആഡംബരങ്ങളും ആഘോഷങ്ങളും ആവശ്യകങ്ങൾതന്നെ. പക്ഷെ അവ ആന്തരികമായ ഭക്തിയുടെയും വിശ്വാസചൈതന്യത്തിന്റെയും ചിഹ്നങ്ങളും പ്രകടനങ്ങളുമായിരിക്കണം. അല്ലെങ്കിൽ അവ നിർജ്ജീവമായ ശരീരങ്ങൾപോലെ ചൈതന്യരഹിതങ്ങളും ഫലശൂന്യങ്ങളുമായിരിക്കും. ആകയാൽ ഫാത്തിമാമാതാവിന്റെ സന്ദേശത്തിന്റെ അർത്ഥം ഗ്രഹിച്ചുകൊണ്ട് അതിനനുസൃതമായ വിധത്തിൽ നമ്മുടെ ഹൃദയം സജ്ജമാക്കുകയും ജീവിതം നവീകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പാപങ്ങൾനിമിത്തം ദൈവകോപം വർദ്ധിച്ചിരിക്കുന്നതിനാൽ മനുഷ്യരെല്ലാവരും കൂടുതലായി പ്രാർത്ഥിക്കണം, വിശിഷ്യ കൊന്തജപിക്കണം; പ്രായശ്ചിത്തമനുഷ്ഠിക്കണം; എങ്കിൽമാത്രമേ ലോകത്തിനു സമാധാനം കൈവരികയുള്ളു. ഇതാണല്ലോ മാതാവിന്റെ സന്ദേശത്തിന്റെ രത്നച്ചുരുക്കം. ഈ സന്ദേശത്തിന്റെ വെളിച്ചത്തിൽ, ഇപ്പോഴത്തെ നമ്മുടെ കർത്തവ്യം സുവ്യക്തമാണ്. നാം വർദ്ധമാനമായ ഭക്തിതീക്ഷ്ണതയോടെ പ്രാർത്ഥിക്കണ; ഉപവാസാദി തപഃക്രിയകളനുഷ്ഠിക്കണം. ആകയാൽ ഇപ്പോൾമുതൽ മാതാവിന്റെ സന്ദർശനംവരെ ദിവസേനയും ഒരു കൊന്ത വിശേഷാൽ ചൊല്ലുന്നത് അഭിലഷണീയമായിരിക്കും. കുടുംബങ്ങളിൽ കൂട്ടമായോ ഓരോരുത്തരും തനിച്ചോ അപ്രകാരം ചെയ്യാവുന്നതാണ്. കൂടാതെ മാതാവു ഫാത്തിമായിൽവച്ച് ആ കുഞ്ഞുങ്ങളെ പഠിപ്പിച്ച താഴെപറയുന്ന ജപം ജപമാലയിലെ ഓരോ ദശകത്തിനുശേഷം ചൊല്ലുന്നതും ഉചിതമായിരിക്കും. "എന്റെ ഈശോ! എന്റെ പാപങ്ങൾ പൊറുക്കണമേ. നരകാഗ്നിയിൽനിന്ന് എന്നെ രക്ഷിക്കണമേ. ശുദ്ധീകരാത്മാക്കളെ വിശിഷ്യ ഏററം ഉപേക്ഷിക്കപ്പെട്ടവരെ മോചിക്കണമേ!" പ്രാർത്ഥനയോടൊപ്പം പരിഹാരകൃത്യങ്ങളും ആവശ്യമായിരിക്കയാൽ, ഇനിയുള്ള ശനിയാഴ്ചകളിൽ നിവൃത്തിയുള്ളവരെല്ലാം മാതാവിന്റെ സ്തുതിക്കായി ഉപവാസമനുഷ്ഠിക്കുന്നതും സർവ്വഥാ ആദരണീയമാണ്. ഏവംവിധം ഫാത്തിമാനാഥ നമ്മെ സന്ദർശിക്കുന്നതിനായി വരുമ്പോൾ അവിടുത്തേക്കു സമർപ്പിക്കുന്നതിനു പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും ത്യാഗകൃത്യങ്ങളുമടങ്ങിയ ഒരു പുഷ്പമഞ്ജരി തയാറാക്കണമെന്ന് ഉൽബോധിപ്പിച്ചുകൊള്ളുന്നു.

(Contributed)

## അടുത്ത ആഴ്ചയിൽ

നവംബർ

20 ഞാ: പന്തക്കുസ്താ 24-ാം ഞായർ
21 തി: കന്യകാമറിയത്തെ ദേവാലയത്തിൽ കാഴ്ചവച്ചത്
22 ചൊ: സിസിലിയാ
23 ബു: ക്ലെമിസ്
24 വ്യാ: കുരിശിന്റെ യോഹന്നാൻ
25 വെ: കത്രീന
26 ശ: പത്രോസ് അലക്സാന്ത്രിയാ


സത്യദീപം

## വരിസംഖ്യ

| | ക. ണ. പ. |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |
| ഒററപ്രതി | 0—2—0 |


## ജൂബിലിയാഘോഷം

കറുകുററി കർമ്മലീത്താമഠം സ്ഥാപിതമായിട്ട് 50 വർഷം തികയുന്നതു സംബന്ധിച്ചുള്ള ജൂബിലി നവംബർ 11—14 തീയതികളിൽ നാല്പതുമണിയാരാധന, പൊതുയോഗം മുതലായ പരിപാടികളോടുകൂടി കൊണ്ടാടിയിരിക്കുന്നു. പൊതുയോഗത്തിൽ എറണാകുളം അതിരൂപതാവികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി പി. എച്ച്. ഡി. ഡി. ഡി. അദ്ധ്യക്ഷതവഹിക്കുകയും റവ. ഡോ. തോമസ് മൂത്തേടൻ എം. എ. ഡി. ഡി., ശ്രീ വറുഗീസ് ചിററിനപ്പിള്ളി എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

# THE CATHOLIC SYRIAN BANK LTD.,
## (കാത്തലിക്ക സിറിയൻ ബാങ്ക് ലിമിററഡ്)

ഹെഡാപ്പീസ്സ്, തൃശ്ശൂർ : : 19_0-ൽ സ്ഥാപനം

ബ്രാഞ്ചുകൾ;- കൊച്ചി, ചാലക്കുടി, ചിററൂർ, എറണാകുളം, ഈറോഡ്, ഇരിങ്ങാലക്കുട കൊടുമുടി, കുരൂർ, കുന്നംകുളം, കണ്ടശ്ശാംകടവു, പാലാരത്താട്ട (എറണാകുളംനോർത്ത്), തൃശ്ശൂർ, തൃപ്പൂണിത്തുറ, തോപ്പുംപടി (കൊച്ചി), തിരുവനന്തപുരം, വളഞ്ഞമ്പലം (എറണാകുളം സൗത്ത്)

തിരുവിതാംകൂർ കൊച്ചി ഐക്യസംസ്ഥാന ഗവമ്മേണ്ടു അനുമതിപ്രകാരം തുടങ്ങുന്ന പുതിയ

### മാസക്കുറികൾ

| കുറിതുടങ്ങുന്ന ബ്രാഞ്ചുകൾ | ആകെ നറുക്ക് | തവണകൾ | ആകെസല | നറുക്ക 1 ക്ക് സംഖ്യ | തുടങ്ങുന്നതിയതി |
|---|---|---|---|---|---|
| 1 തൃശ്ശൂർ | 111 | 111 | 11100 ക. | 100 ക. | 28 1-1950 |
| 2 എറണാകുളം | 111 | 111 | 11100 ക. | 100 ക. | 23-1-1950 |
| 3 ഇരിഞ്ഞാലക്കുട | 120 | 60 | 6000 ക. | 50 ക. | 18-1-1950 |

ഇരിങ്ങാലക്കുട ബ്രാഞ്ചിലെ കുറി തവണതോറും ഒരു നറുക്ക എടുക്കുന്നതും ഒരു നറുക്ക ലേലം ചെയ്യുന്നതും ആയിരിക്കും.

എല്ലാ കുറികളിലും കുറഞ്ഞതു് ? ക 2 ണ. യുടെ വിറ്റം വരെ ചേരാവുന്നതാണു്.

കൂടുതൽ വിവരങ്ങൾ ബ്രാഞ്ചുകളിലോ ഹെഡാപ്പീസിലോ അന്വേഷിക്കുക.

തൃശ്ശൂർ ജനറൽ മാനേജർ


## ചരമം

ഇടപ്പിള്ളി പള്ളി ഇടവക പരവര കൊച്ചുവക്കി മകൾ ഏലീശ്വ 87-ാമത്തെ വയസ്സിൽ ഒക്ടോബർ 27-ാംനു നിര്യാതയായിരിക്കുന്നു.

## വിവാഹം

ശ്രീ കെ. ഇ. ജോസഫ് എം. എ. എൽ. ടി. അവർകളുടെ പുത്രൻ ജോസിയും ശ്രീ കല്ലുകളത്തിൽ സ്കറിയ ചാക്കോ (വാഴപ്പിള്ളി) അവർകളുടെ മകൾ ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം നവംബർ 14-ാംനു ചങ്ങനാശേരി പാറേൽ പള്ളിയിൽവച്ചു നടന്നിരിക്കുന്നു.

## ഇടവകവാർത്തകൾ

കോട്ടപ്പുറം വിൻസെൻറ് ഡി പോൾ സൊസൈററിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട യോഗത്തിൽ വെ. റവ. ഫാ. മാത്യു താഴത്തേൽ അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാ. സെബാസ്റ്റ്യൻ ഐക്കരകുന്നേൽ, ശ്രീ ടി. എ. കുര്യാക്കോസ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—മുഹമ്മയിലെ ബോസ്റ്റൺ കൊയർ മാനുഫാക്ചറിംഗ് കമ്പനി ലിമിററഡിൻെറ രക്ഷാധികാരിയായിരുന്ന മൊറാൻ റവ. ഡോ. ജയിംസ് കാളാശേരി തിരുമനസ്സിലെ അകാലനിര്യാ



അഖിലകേരള കത്തോലിക്കാകോൺഗ്രസ് പ്രസിഡണ്ടായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ശ്രീ ഇ. പി. വറുഗീസ് എം. എ. ബി. എൽ അവർകൾക്ക് ഹാർദ്ദമായ അനുമോദനം.

ണത്തിൽ അനുശോചിക്കുന്നതിനായി നവംബർ 8-ാംനു റവ. ഫാ. എബ്രാഹം കണ്ടങ്കരി അവർകളുടെ അദ്ധ്യക്ഷതയിലും കമ്പനിയിൽ ജോലിചെയ്യുന്ന നാനാജാതി മതസ്ഥരായ തൊഴിലാളികളുടെയും സ്റ്റാഫംഗങ്ങളുടെയും സാന്നിദ്ധ്യത്തിലും ഒരു പൊതുയോഗം കൂടിയിരിക്കുന്നു.

—നവംബർ 6-ാംനു കൂടിയ വരാപ്പുഴ അതിരൂപതാതൊഴിലാളി ഫെഡറേഷൻെറ കേന്ദ്രഭരണസമിതിയോഗം ചങ്ങനാശേരി മെത്രാൻ തിരുമനസ്സിലെ നിര്യാണത്തിൽ അനുശോചിക്കുന്നതായ ഒരു പ്രമേയം പാസാക്കിയിരിക്കുന്നു.

### Thanksgiving

For favours received from Sister Alphonsa.

M. I. C.,
Trichur.

—ചങ്ങനാശേരി മെത്രാൻ തിരുമനസ്സിലെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി മുണ്ടക്കയത്തു് റവ. ഫാ. ജേക്കബ് ഏറത്തയ്യിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടിയിരിക്കുന്നു.

—തിടനാട്ട് ചെറുപുഷ്പമിഷൻ സംഘത്തിൻെറ ആഭിമുഖ്യത്തിൽ മോൺ ജെ. സി. പഞ്ഞിക്കാരൻ അവർകളുടെ നിര്യാണത്തിൽ അനുശോചിക്കുന്നതിനായി നവംബർ 6-ാംനു ഒരു യോഗം കൂടിയിരിക്കുന്നു.

## ചോദ്യോത്തരപംക്തി

**ചോ:** മാതാവിൻെറ അനേകം തിരുസ്വരൂപങ്ങൾ നമ്മുടെ ദേവാലയങ്ങളിലുണ്ടല്ലോ. പിന്നെ എന്തിനാണു് വിദേശത്തുനിന്നും വേറൊന്നു കൊണ്ടുവരുന്നതു ?

**ഉ:** നമ്മുടെ ദേവാലയങ്ങളിൽ മാതാവിൻെറ തിരുസ്വരൂപം പ്രതിഷ്ഠിച്ചിരിക്കുന്നതിൻെറ ഉദ്ദേശ്യം എന്തെന്നു തന്നെ ആദ്യമായി പര്യാലോചിക്കാം. മാതാവിൻെറ സ്മരണ നമ്മുടെ മനസ്സിൽകൊണ്ടുവരുന്നതിനു, അവിടുത്തെ ബഹുമാനം നല്കുകയെന്നതു് കൂടുതൽ എളുപ്പമാക്കിത്തീർക്കുന്നതിനു മാത്രം വേണ്ടിയാണു് അങ്ങനെ ചെയ്തിരിക്കുന്നതു്. പ്രതിഷ്ഠകൾ നാം നല്കുന്ന വന്ദനം അതു് ആരെ പ്രതിനിധാനം ചെയ്യുന്നുവോ ആ ആൾക്കുതന്നെയാണു നല്കപ്പെടുന്നതു്.

ഫാത്തിമാനാഥയുടെ പ്രതിമയ്ക്കു് മാതാവിൻെറ മററു പ്രതിമകളെ അപേക്ഷിച്ചു് എന്തു വിശേഷതയാണുള്ളതു് ? ഫാത്തിമായിൽ ദൈവജനനി പ്രത്യക്ഷപ്പെട്ടപ്പോൾ ഉണ്ടായിരുന്ന വേഷവിധാനങ്ങളോടുകൂടെയും അപ്പോഴത്തെ രൂപത്തിലുമാണു് ഈ പ്രതിമ നിർമ്മിതമായിരിക്കുന്നതു്. അതൊരു "അത്ഭുതപ്രതിമ" (Miraculous Statue) യാണെന്ന വസ്തുതയും പ്രസ്താവ്യമായിരിക്കുന്നു. അതിൻെറ ദർശനമാത്രയിൽ പല രോഗശമനങ്ങളുണ്ടായിട്ടുണ്ടു്; കഠിന പാപികളും നിരീശ്വരന്മാരും മററും മനസ്സുതിരിയുന്നതിനും ഇടവന്നിട്ടുണ്ടു്. കൂടാതെ, ഫാത്തിമായിൽവച്ചു മാതാവു ലോകത്തിനു നല്കിയ സന്ദേശം ഈ പ്രതിമ നമ്മെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു. ദൈവജനനി ഫാത്തിമായിലെപ്പോലെ എല്ലാസ്ഥലങ്ങളിലും പ്രത്യക്ഷപ്പെട്ടിട്ടില്ല; പ്രത്യക്ഷപ്പെടുമെന്നു പ്രതീക്ഷിച്ചിട്ടാവശ്യവുമില്ല. എന്നാൽ ഫാത്തിമാനാഥയുടെ തിരുസ്വരൂപം നമ്മുടെ പക്കൽ ആഗതമാകുമ്പോൾ മാതാവു് നമ്മെയും സന്ദർശിക്കുന്നതായി നമുക്കു സങ്കല്പിക്കാവുന്നതാണു്. അങ്ങനെ മാതാവിൻെറ സന്ദേശം നമ്മുടെ ഹൃദയത്തിലും ശ്രദ്ധമൂലമാകുന്നതിനും തദനുസരണം പ്രവർത്തിക്കുന്നതിനും നമുക്കു പ്രചോദനം ലഭിക്കുന്നതാണു്. എന്നുമാത്രമല്ല, ലോകത്തിനു സമാധാനസന്ദേശം നല്കിക്കൊണ്ടിരിക്കുന്ന ത്രിലോകരാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തെ യഥോചിതം ബഹുമാനിക്കുന്നതിനും അവിടുത്തേക്കു കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും ഇതൊരവസരവുമായിരിക്കും. "തീർത്ഥാടകകന്യക"യുടെ പര്യടനോദ്ദേശങ്ങളെപ്പററി മുഖപ്രസംഗത്തിൽ കൂടുതൽ വിശദമായി പ്രസ്താവിച്ചിട്ടുണ്ടു്. ഇതൊരു ആഗോളപര്യടനമാകയാൽ, ലോകമെങ്ങുമുള്ള കത്തോലിക്കരിൽ വർദ്ധമാനമായ ഐക്യബോധം ഉളവാക്കുന്നതിനു അതു സഹായകമായി ഭവിക്കും. പരിശുദ്ധ ജനനിക്കു് ഏവംവിധം നല്കപ്പെടുന്ന സാർവ്വത്രികബഹുമാനം നിരവധി അനുഗ്രഹങ്ങൾക്കു നിദാനമായി ഭവിക്കുമെന്നതിനും സംശയമില്ല.

## കൊച്ചി വാർത്തകൾ

—ഐക്യസംസ്ഥാന രാജപ്രമുഖൻ ശ്രീ ബാലരാമവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു് സംസ്ഥാനത്തിൻെറ വിവിധഭാഗങ്ങളിൽ പര്യടനം നടത്തിവരുന്നു. തിരുമനസ്സുകൊണ്ടു് കൊല്ലം, ആലപ്പുഴ, വൈക്കം മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം നവംബർ 14-ാംനു എറണാകുളത്തെത്തി, സേക്രഡ് ഹാർട്ട് കോളെജിൽവച്ചു് നൽകപ്പെട്ട സ്വീകരണങ്ങളിൽ പങ്കെടുക്കുകയും നഗരത്തിലെ വിവിധഭാഗങ്ങൾ സന്ദർശിക്കുകയും ചെയ്തിരിക്കുന്നു.

—കഴിഞ്ഞ വ്യാഴാഴ്ച രാത്രി ആലപ്പുഴയിൽ 200 ൽപ്പരം കമ്മ്യൂണിസ്റ്റുകാർ ചേർന്നു് വാക്കത്തികൾ, ആസിഡ് ബൾബുകൾ മുതലായ ആയുധങ്ങളോടുകൂടിയും പന്തങ്ങൾ കത്തിച്ചുപിടിച്ചുകൊണ്ടും പോലീസ്സ്റ്റേഷനെ ലാക്കാക്കി ഒരാക്രമണം നടത്തുകയുണ്ടായി. എന്നാൽ പോലീസ് അക്രമികളെ നേരിട്ടതിനെത്തുടർന്നു് ഇരുകക്ഷികളിലും പെട്ട ഏതാനുംപേർക്കു പരുക്കേല്ക്കുകയും അക്രമികൾ പിൻവാങ്ങുകയും ചെയ്തു. കമ്മ്യൂണിസ്റ്റുകാരുടെ പൊതുസമാധാനഭഞ്ജകങ്ങളായ ഈവക ശ്രമങ്ങളെ നിയന്ത്രിക്കുന്നതിനു ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണെന്നു ഉറപ്പുനൽകിക്കൊണ്ടു് ഗവമ്മെൻറിൽനിന്നും ഒരു പ്രസ്നോട്ടു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.


## ഇൻഡ്യാവാർത്തകൾ

—ഇൻഡ്യൻ ക്രിസ്ത്യൻകലകളുടെ ഒരു പ്രദർശനം ബോംബെ സെൻറ് സേവ്യേഴ്സ് കോളെജ് ഹാളിൽവച്ചു് ഇൻറർനൺഷ്യോ മോസ്റ്റ് റവ. ലിയോ പി കീയർക്കെൽസ് തിരുമനസ്സുകൊണ്ടു് നവംബർ 12-ാംനു ഉൽഘാടനം ചെയ്തിരിക്കുന്നു. 27-ാംനുവരെ അവിടെ പ്രദർശിപ്പിച്ചശേഷം കലാവസ്തുക്കൾ റോമിലേക്കയക്കുന്നതും അവിടെ അവ ഏഷ്യയിലേയും ആഫ്രിക്കയിലേയും ആതദ്ദേശീയ ക്രിസ്തീയ കലകളുടെ പ്രദർശനത്തിൻെറ ഒരു ഭാഗമായിരിക്കുന്നതുമാണു്.

—ഐക്യസംസ്ഥാനത്തെ ദേവസ്വം ഫണ്ടു് 50 ലക്ഷം ക. യായി വർദ്ധിപ്പിച്ചതു് ഉചിതമായില്ലെന്നു് സർദാർ കെ. എം. പണിക്കർ അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹം ഇപ്രകാരം തുടർന്നു പ്രസ്താവിക്കയുണ്ടായി: "കേണൽ മൺറോയാണു് ദേവസ്വം സ്വത്തുക്കൾ സർക്കാർഭരണത്തിൻകീഴിലാക്കിയതു്. മി. വാട്സിൻെറ കാലത്താണു് ദേവസ്വംഫണ്ടു് 16 ലക്ഷം ക. യായി നിശ്ചയിച്ചതു്. സർ സി. പി. രാമസ്വാമി അയ്യർ ആ തുക 26 ലക്ഷമായി വർദ്ധിപ്പിച്ചു. പക്ഷെ ഇപ്പോൾ എന്തടിസ്ഥാനത്തിലാണു് ഫണ്ടു് 50 ലക്ഷമാക്കിയതെന്നു് എനിക്കറിഞ്ഞുകൂടാ."

—അമേരിക്കൻ പര്യടനാനന്തരം പണ്ഡിററ് നെഹ്റു നവംബർ 14-ാംനു ബോംബെയിൽ തിരിച്ചെത്തിയിരിക്കുന്നു.

—നവംബർ 14-ാംനു പണ്ഡിററ് നെഹ്റുവിനു 60 വയസ്സു പൂർത്തിയായിരിക്കുന്നു.



എറണാകുളം അതിരൂപതയിൽ നിന്നും റോമിലേക്കു പോയ ബ്രദർ ജോർജ്ജ് ഒററയിൽ

## വിനോദവീഥി

നാലുമണിക്കു സ്കൂൾവിട്ടു ജോണി ഓടിവന്നു സന്തോഷസമേതം സ്വപിതാവിനോടു പറകയാണു്: "സാർ ഇന്നു അപ്പൻെറകാര്യമൊക്കെ ചോദിച്ചു."

"എന്താ ചോദിച്ചതു്?"

"പരീക്ഷയിൽ എനിക്കു കണക്കിനും കിട്ടി വട്ടപൂജ്യം. ഭാഷയ്ക്കും കിട്ടി വട്ടപൂജ്യം. അപ്പോൾ സാർ ചോദിച്ചു, നിൻെറ അപ്പൻ ആരാണെന്നു്."

* * *

പാഴ്സൺ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ തട്ടിൻമുകളിൽ ഇരുന്നിരുന്ന ഒരു ചെറുബാലൻ കൊച്ചുകൊച്ചുകല്ലുകൾ താഴെയുള്ള ജനക്കൂട്ടത്തിൻെറമേൽ എറിഞ്ഞുകൊണ്ടിരുന്നു. അതു അസഹ്യമായി തോന്നിയതിനാൽ പ്രസംഗകൻ തലയുയർത്തി നോക്കി. അപ്പോൾ ബാലൻപറഞ്ഞു: "പ്രസംഗം നിർത്തേണ്ട. ഞാൻ ഇവർ ഉറങ്ങാതെ നോക്കിക്കൊള്ളാം."

* * *

അദ്ധ്യാപകൻ: ഇത്ര മോശമായ ഒരു പന്യാസം ഞാനൊരിക്കലും വായിച്ചിട്ടില്ല. ഞാൻ നിൻെറ അപ്പനു് ഒരെഴുത്തെഴുതാൻ പോകയാണു്.

വിദ്യാർത്ഥി: അങ്ങനെതന്നെ വേണം, സാർ. അപ്പനാണു് അതെഴുതിത്തന്നതു്.

* * *

"പത്രത്തിൽ എന്തൊക്കെയാണു വിശേഷം?"

"ഓ! പഴയകാര്യങ്ങൾ തന്നെ. പുതിയ പുതിയ ആളുകൾക്കും അവ അനുഭവപ്പെടുന്നെന്നുമാത്രം."

ചെറുകഥ

# ആ നടിച്ച പെണ്ണ്

(എസ്. കിരിയാന്തൻ)

പള്ളിമുററത്ത് ഒരു തിക്കം തിരക്കം. വിളക്കത്ത് പ്രാണികൾ എന്നപോലെ ഇരുപതാംനൂററാണ്ടിലെ വസ്ത്രധാരണരീതി കാണുവാനോ എന്തോ, വളരെ യുവതികൾ സിസിലിയുടെ ചുററും കൂടിയിട്ടുണ്ട്. കൈയില്ലാത്ത ചട്ട, ചുവന്ന ഒരു ഉടുലസാരി, അല്പം ഉയർത്തിയും ഇരുണ്ടതിൽ മുന്നോട്ടും പിന്നോട്ടും ഇളകിയും നടപ്പിന് "ബാലൻസ്" പിടിക്കുന്ന വലത്തെ കൈത്തണ്ടിൽ ഒരു റിസ്റ്റ് വാച്ച്, ഇതെല്ലാമായിരുന്നു അവളുടെ വിശേഷതകൾ.

സിസിലി എന്നാണ് സ്കൂളിൽ വാദ്ധ്യാർ വിളിച്ചിരുന്നതുപോലെ. മറിയാമ്മ പുത്രിയെ വിളിച്ചിരുന്നത് "കുഞ്ഞുമോൾ" എന്നാണ്. ഉമ്മാമ്മമാർ, നടിച്ചപെണ്ണെന്ന്. നാട്ടുകാർ പരിഷ്കാരിച്ചിയെന്നും.

അരുന്നാരികൾ മറിയാമ്മ മഠത്തിൻറ പടിക്കൽ ഒരു നിരാഹാരവ്രതം തന്നെ നടത്തി. പെൺകുട്ടികൾ സ്കൂൾ വിടാറാക്കി വരുമ്പോൾ ചട്ടയ്ക്ക് അല്പം നീളമുള്ള കൈ വേണമെന്ന് നിർബന്ധമുണ്ടായിരുന്നു. സിസിലിക്ക് അങ്ങനെ ഒരു ചട്ട ഇല്ലായിരുന്നു. അതിനാൽ അന്ന കന്യാസ്ത്രീകൾ അവളെ മഠംപറമ്പിൽനിന്നും പുറത്താക്കി. ഇതായിരുന്നു നിരാഹാരവ്രതത്തിനു കാരണം. മറിയാമ്മ വാദിച്ചു:—

"അശരീമന്ദിരത്തിനു പിരിവുതന്നില്ലെങ്കിൽ, എൻറ മകളെ ഇങ്ങനെ അപമാനിക്കുകയോ? തമ്പുരാൻ സഹായിച്ചു നിങ്ങളുടെ അശരീമന്ദിരത്തിൽ എനിക്ക കയറണ്ടിവരില്ല. ഞാൻ ഒന്നും തരുകയുമില്ല." അകത്തുനിന്നും പ്രതിവചിച്ചു: "നിങ്ങൾ ഒന്നും തരണമെന്നു ഞങ്ങൾക്ക് നിർബന്ധമില്ല. വസ്ത്രധാരണത്തിൽ പെൺകുട്ടികൾ ശ്രദ്ധിക്കണമെന്ന് എത്ര പ്രാവശ്യം വികാരിയച്ചൻ പറഞ്ഞിട്ടുണ്ട് ... ... .. വികാരിയച്ചൻറ നിർദ്ദേശപ്രകാരം മാത്രമാണ് ഞങ്ങൾ അങ്ങനെ ചെയ്തത്. അവൾ ഒന്നു പഠിക്കട്ടെ."

"ഹൈസ്കൂളിൽ പഠിക്കുന്ന പെൺകുട്ടികളായാൽ കുറച്ചൊക്കെ പരിഷ്കൃതരീതിയിൽ നടക്കണം. ഞാൻ അവളെ മഠത്തിലൊന്നും അയക്കുന്നില്ല. പിന്നെ അവൾ എങ്ങനെ നടന്നാലെന്താണ്?"

പടിവാതിൽ മുറുകെ അടഞ്ഞു. അവൾ തിരിച്ചുപോന്നു.

വർഷം നാലഞ്ചു കഴിഞ്ഞു. സിസിലി ഒരു കോളേജ് വിദ്യാർത്ഥിനി. മറിയാമ്മ വരുന്നവരോടൊക്കെ പുത്രിയെക്കുറിച്ചു പുകഴ്ത്തി പറയുക പതിവായിരുന്നു. മറിയാമ്മ, എന്നു വിളിച്ചുകൊണ്ടു കിഴക്കേ വീട്ടിലെ ഉമ്മാമ്മ അന്നും പതിവുപോലെ വന്നു. അവർ ചോദിച്ചു "എന്താ ഇത്തവണ പാസ്സായോ, വല്ലേടത്തും കെട്ടാറായോ മോളെ?" "എന്താ ഉമ്മാമ്മ ഒക്കെയൻ, അവളെ ഇംഗ്ലണ്ടിൽ വിട്ടാലും പഠിപ്പിക്കണം. ഒരു ബി. എ. പാസ്സായാൽ പിന്നെ നമ്മൾ ഒന്നും അറിയേണ്ടല്ലോ. ഒന്നും കൊടുക്കാതെ വല്ലവരും..............." ഉമ്മാമ്മ നെററിചുളിച്ചു. സംഭാഷണം നീട്ടുന്നതു ഉചിതമല്ലെന്നു കരുതി വേഗം പടികടന്നു.

വനിതാസമ്മേളനം. . ഹൈസ്കൂളിൽ. പ്രസംഗം സിസിലി ബി. എ. എന്നു വാൾനോട്ടീസ് കണ്ടു. യോഗശാല നിറയെ യുവതികൾ കൂടിയിരുന്നു. സ്ത്രീകളുടെ വസ്ത്രധാരണരീതി എന്നതായിരുന്നു വിഷയം. അവൾ തുടർന്നു: "................ലോകത്തിൽ എവിടെയും എന്തിനും പുരോഗമനം തന്നെ. പുരോഗമനത്തിൻറ കാലം. എന്നാൽ സ്ത്രീലോകത്തിനു പുരോഗമനം പാടില്ലത്രേ. പുരുഷന്മാർക്ക് എങ്ങനെയും നടക്കാം. സ്ത്രീകൾ ഇന്നും പഴയ മാമൂലുകളാൽ ബന്ധിതരാണ്...........പുരുഷന്മാർ ഷർട്ട് ധരിച്ചില്ലെങ്കിലും ശരി, സ്ത്രീകളുടെ ചട്ടക്കൈയ്ക്ക് അല്പം നീളം കുറഞ്ഞാൽ അപ്പോൾ പരാതിയായി. സ്ത്രീകൾക്ക് മന്ത്രിമാരും പോലീസുകാരുമെല്ലാം ആകുവാൻ പാടുണ്ട്. പക്ഷേ പുരുഷന്മാരുടെ അടിമകൾ ആയിരിക്കണം...........മതി. ഇതുനാൾവരെയും നമ്മൾ പുരുഷന്മാരുടെ അടിമകളായി കഴിഞ്ഞു. ഇനി പുരുഷന്മാർ കുറച്ചുനാൾ നമ്മുടെ അടിമകളാകട്ടെ. നമുക്ക് പാശ്ചാത്യരീതിയെത്തന്നെ അനുകരിക്കാം. വൈദികർ പ്രസംഗിച്ചുകൊള്ളട്ടെ. നമ്മെ മുടക്കിക്കൊള്ളട്ടെ. നമുക്കും വേണം പുരോഗമനം. ഈ പഴയ മാമൂലുകളെ വലിച്ചെറിയണം... ... ..."...

"ഹിയർ" ശബ്ദം മുഴങ്ങി പല ഭാഗത്തും. പുത്രിയുടെ വാക്ചാതുര്യത്താൽ മറിയാമ്മ താനേ അറിയാതെ എഴുന്നേററു കൈ പൊക്കിപ്പോയി. ഹാളിൽ ഒരു വലിയ ആരവം കേട്ടു.

മറിയാമ്മ പുത്രിയുടെ വിവാഹകാര്യത്തിൽ തലകാഞ്ഞുതുടങ്ങി. പുത്രിയുടെ ഭാവിഭർത്താവിന് രണ്ടു ഗുണങ്ങൾ ഉണ്ടായിരിക്കണം എന്നു മറിയാമ്മയ്ക്കു നിർബന്ധമായിരുന്നു. ഒന്ന് എം. എ. പാസ്സായിരിക്കണം, രണ്ട് സ്ത്രീധനം ചോദിക്കയുമരുത്.

നവമ്പർ രണ്ടാംതിയതി. കത്തോലിക്കരുടെ ഒരു പ്രധാനദിവസം. അപ്പച്ചൻ ഭൂമുഖത്തുനിന്നും തിരോധാനം ചെയ്ത ആ ശ്മശാനസ്ഥലത്ത് അന്നു സിസിലിയും എത്തിയിരുന്നു.

ഒരു തലയോട് എടുത്തു ജനങ്ങളെ കാണിച്ചുകൊണ്ടുള്ള വൈദികൻറ ചെറുപ്രസംഗം ഇതാ:"........പരിമളധാരണിയാൽ പൂശപ്പെട്ട വാർകുന്തലാട്ടം എല്ലാംബെ ജനിമനോത്ത മുഖത്തോടുംചേന്നു, വിവിധവർണ്ണവേഷഭൂഷാദികളാൽ പ്രശോഭിച്ചിരുന്ന ഒരു തരുണീമണിയുടേതായിരിക്കാം ഈ കാണുന്ന തലയോട്......അല്ലെങ്കിൽ പിച്ചപ്പാളയുമായി അഷ്ടിക്ക നിവൃത്തിയില്ലാതെ ...കരാളടതായിരിക്കാം. വരുന്ന കൊല്ലം ഈ അവസരത്തിൽ നമ്മളിൽ ആരെല്ലാം ഈ സ്ഥിതിയിൽ എത്തിച്ചേരും? ആരെല്ലാം നമ്മുടെ അസ്ഥികളെയും ചവുട്ടിമെതിക്കും? ആരറിഞ്ഞു!" അവൾ ഒന്നു ഞെട്ടി. "നമ്മെപ്പോലെ പുല്ലാംഗത്താൽ ഭൂമുഖത്തു വസിച്ചിരുന്ന ഇവർക്കും ബന്ധുമിത്രാദികളും പുത്രകളത്രാദികളും ഉണ്ടായിരുന്നിരിക്കണം. എന്നാൽ ഇന്നു ഇവരെ ആരോർക്കുന്നു? നമ്മുടെ ഗതിയും ഇതുതന്നെ. ബന്ധുമിത്രാദികൾ കുറിമാടംവരെ ഒരുപക്ഷേ നമ്മെ പിൻചെന്നേക്കാം. പിന്നീട്?...നാം നമ്മുടെ പരമാന്ത്യത്തെ വിസ്മരിച്ച് ലൗകികസുഖങ്ങളിൽമാത്രം തൃപ്തിയടയുന്നുവെങ്കിൽ നമ്മുടെ ജീവിതംകൊണ്ട് എന്തുപ്രയോജനം? നമ്മുടെ ആത്മാവിൻറ രക്ഷ നാംതന്നെ നോക്കണം. നമ്മെ സഹായിക്കുന്നതിന് ആരുമുണ്ടായിരിക്കയില്ല."



പരേതനായ
പയ്യപ്പിള്ളിൽ
അന്തപ്പൻ വാറുണ്ണി

അവൾ വീട്ടിലേക്കു തിരിച്ചു. പുത്രി ഉദാസീനയായിക്കണ്ടതിൽ മറിയാമ്മ സംശയിച്ചു. വിവാഹനിശ്ചയത്തിനു മി. ജേക്കബ് പിറേറദിവസം സ്ഥലത്തെത്തുമെന്ന അറിയിപ്പു കിട്ടി.

അർദ്ധരാത്രിയായിട്ടും സിസിലിക്ക് ഉറക്കം വന്നില്ല. പുസ്തകങ്ങൾ ഓരോന്നും മറിച്ചുനോക്കി വായിച്ചുതുടങ്ങി. "പിതൃഗൃഹത്തിലേക്ക്" ചരിതഗമനം ചെയ്യുന്ന പുത്രൻ യാത്രാമദ്ധ്യേ പിതാവിനെയും അവിടത്തെ പ്രമാണങ്ങളെയും മറന്നുകൊണ്ട്, വഴിയരികിലെ മലർവാടികളിൽ ഉല്ലസിച്ചും വാടിപ്പോകുന്ന മലരുകളാൽ മാലകെട്ടി വിനോദിച്ചും സമയം പോക്കുന്നുവെങ്കിൽ അവൻ പിതാവിൻറ ശിക്ഷയ്ക്കു അർഹനല്ലേ?"

"ദൈവത്തെ സ്നേഹിക്കുന്നതും തനിക്കുമാത്രം ശുശ്രൂഷചെയ്യുന്നതുമൊഴികെ മറെറല്ലാം മായയാകുന്നു. തല്ക്കാലജീവിതത്തെക്കുറിച്ചുമാത്രം ചിന്തിച്ച് വരുവാനിരിക്കുന്നവയെ ഓർമ്മവെക്കാതിരിക്കുന്നതും മായയത്രെ" (ക്രിസ്ത്വാനുകരണം)

"ആരുമൂലം ഇടർച്ചകൾ വരുന്നുവോ ആ മനുഷ്യനു ശാപം. നിൻറ കൈയോ കാലോ നിനക്ക് ഇടർച്ചവരുത്തുന്നുവെങ്കിൽ അതു വെട്ടി എറിഞ്ഞുകളയുക. എന്തെന്നാൽ നീ ഇരുകൈകളുമോ കാലുകളുമോ ഉള്ളവനായി നരകത്തിൽ വീഴുന്നതിനേക്കാൾ അംഗവിഹീനനായി നിത്യായുസ്സിലേക്ക പ്രവേശിക്കുന്നതു നിനക്ക നല്ലതാകുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ചവരുത്തുന്നവൻ ആരോ, അവൻറ കഴുത്തിൽ കഴുതയുടെ തിരികല്ലു കെട്ടി ഉൾക്കടലിൻറ ആഴത്തിൽ താഴ്ത്തപ്പെടുന്നതു അവനു നന്നായിരുന്നു." വി. മത്തായി. 18.

അവൾ ചിന്തിച്ചു. എൻറ കഴമ്പില്ലാത്ത പ്രവൃത്തികൾ പലർക്കും ഉതപ്പിനു കാരണമായിട്ടില്ലേ? ഇതുകൊണ്ടു ഞാൻ എന്തു സമ്പാദിക്കുന്നു? സുഗന്ധതൈലാദികളാൽ സംരക്ഷിക്കപ്പെടുന്ന ഈ ശരീരം ഇന്നു ഞാൻ മരിക്കുന്നുവെങ്കിൽ നാളെ പുഴുക്കൾക്ക് ഇരയായിത്തീരും.

അതിരാവിലെ ഉമ്മാമ്മ ഓടിവന്നു മറിയാമ്മേ, എന്നു വിളിച്ചു. "എടി മോളെ, പെരല്ലാം കാട്ടുകാക്കിടക്കുന്നതു കണ്ടില്ലേ? അവർ ഇന്നു വരില്ലേ? ഈ മിററം ഒന്നു വെടിപ്പാക്കിയെ." എന്നിങ്ങനെയുള്ള ആജ്ഞകളോടുകൂടി അവർ വീട്ടിലേക്കു കയറി. മറിയാമ്മ സ്വപ്നത്തിൽനിന്നെന്നപോലെ എഴുന്നേററു പുത്രിയെ വിളിച്ചു. വിളി കേട്ടില്ല. ഓടി മുറിയിൽച്ചെന്നു കണ്ടില്ല. പരിസരങ്ങളിലെല്ലാം അന്വേഷിച്ചു നെഞ്ചത്തിടിച്ചു. പുത്രിയെ കണ്ടതേയില്ല. ഒരു ദീർഘനിശ്വാസത്തോടെ ഉമ്മാമ്മ പറഞ്ഞു "പെണ്ണുനടിച്ചാൽ പെരുവഴിയാണ്. പറഞ്ഞിട്ടെന്തുകാര്യം" വളരെപ്പേർ അവിടെ കൂടി, മറിയാമ്മയെ ആശ്വസിപ്പിച്ചു വരേണ്ടവർ വന്നുപോയി.

കാലം കുറച്ച് അങ്ങനെ കഴിഞ്ഞു. സിസിലിയുടെ വിദ്യാഭ്യാസത്തിനു ഒരു വലിയ തുക കടം വന്നിരുന്നു. പാപ്പരാം കടക്കാർ കൈവശപ്പെടുത്തി. പുത്രിയുടെ വിയോഗത്തിൽ നിരാലംബയായി എവരുടേയും സഹതാപത്തിനു പാത്രമായി മറിയാമ്മ അങ്ങനെ നാളുകൾ പോക്കിത്തുടങ്ങി.

മാവു പലതവണ പൂത്തു. അന്നു അഗതിമന്ദിരത്തിൽ ഒരു വിശേഷദിവസമായിരുന്നു. ബാങ്കളൂർനിന്നും പെരുശ്രേഷ്ഠത്തിയുടെ വരവുപ്രമാണിച്ചു വളരെ പേർ മന്ദിരാങ്കണത്തിൽ നിന്നിരുന്നു.

മണി പത്തടിച്ചു. ശ്രേഷ്ഠത്തി അമ്മ എത്തിക്കഴിഞ്ഞുവെന്ന് ആരോ വിളിച്ചുപറഞ്ഞു. മററു കന്യാസ്ത്രീകളുമൊരുമിച്ച് ഒരു യുവസന്യാസിനിയോടെ അഗതിമന്ദിരത്തിലെ ഒരു കട്ടിലിനടുത്തേക്കു വരുന്നതു കണ്ടു. "അമ്മച്ചി"യെന്നൊരു ശബ്ദം അവിടെ മുഴങ്ങി. മറിയാമ്മ എഴുന്നേററിരുന്നു ആരെന്നു ഒന്നു തുറിച്ചുനോക്കി. ഉടനെ മുറിയുടെ ഒരു കോണിൽനിന്നും ആരോ ചോദിച്ചു. "ആ പണ്ടത്തെ നടിച്ച പെണ്ണാണോ ശ്രേഷ്ഠത്തി അമ്മ!" മറെറാരു ഭാഗത്തുനിന്നും പ്രത്യുത്തരമായി ഇങ്ങനെ കേട്ടു: "അതേ, പഴുക്ക പറ."

---

## ഫാത്തിമായിലെ കുട്ടികൾ

(5-ാം പേജ് തുടർച്ച)

നാം സ്ഥാപിക്കണമെന്നു നിർദ്ദേശിച്ചതും കുട്ടികളിൽ പല ശങ്കകളും ഉദിപ്പിച്ചു. അവരുടെ സംശയം മനസ്സിലാക്കിയിട്ടെന്നവണ്ണം ആ വാനദൂതൻ വീണ്ടും പറഞ്ഞു:- "ഞാൻ പോർട്ടുഗലിൻറ കാവൽമാലാഖയാണ്. ഞാൻ ഇനി പറയുന്നത് എപ്പോഴും നിങ്ങളുടെ ഓർമ്മയിലിരിക്കണം. കർത്താവ നിങ്ങൾക്കായി അയക്കുന്ന എല്ലാ പീഡകളും വിസമ്മതമൊന്നും കൂടാതെ സ്വീകരിക്കയും സഹിക്കയും ചെയ്യുക."

അനന്തരം ദൈവദൂതൻ മറഞ്ഞുപോയി.

"അദ്ദേഹം എന്താണിത്ര വേഗം പൊയ്ക്കളഞ്ഞത്? പാപികളുടെ മാനസാന്തരത്തെയും യുദ്ധത്തിൻറ പര്യവസാനത്തെയും കുറിച്ച് വിശദമായി ഒന്നും പറഞ്ഞില്ലല്ലോ." കുട്ടികൾ ഖേദിച്ചു.

"അദ്ദേഹം ഇനിയും വന്നേക്കാം." ഫ്രാൻസീസ് ആശാപൂർവ്വം പറഞ്ഞു.

"മറെറാരു സന്ദേശവുംകൊണ്ട്" ജസീന്ത കൂട്ടിച്ചേർത്തു.

"അദ്ദേഹം ഇനിയും വരുമെന്നുതന്നെയാണ് എനിക്കും തോന്നുന്നത്. പക്ഷേ, അദ്ദേഹം പറഞ്ഞിട്ടുള്ളതുപോലെ നാം പ്രാർത്ഥിക്കയും ത്യാഗങ്ങളനുഷ്ഠിക്കയും വേണം." ലൂസി സാവധാനം പറഞ്ഞു.

അക്കൊല്ലം ഒക്ടോബർ അവർ വയലിൽ ആടുമേച്ചുകൊണ്ടിരിക്കെ ആ മാലാഖ പിന്നെയും അവർക്ക് കാണപ്പെട്ടു. അത്ഭുതമേ! ഇപ്രാവശ്യം അദ്ദേഹം ഒരു കൈയിൽ ഒരു സ്വർണ്ണ കാസായും മറേറക്കൈയിൽ തിരുവോസ്തിയും വഹിച്ചിരുന്നു. തിരുവോസ്തിയിൽനിന്നു രക്തകണങ്ങൾ കാസായിൽ വീണുകൊണ്ടിരുന്നു. മാലാഖ കൈ പിൻവലിച്ചെങ്കിലും തിരുവോസ്തിയും കാസായും അന്തരീക്ഷത്തിൽത്തന്നെ തങ്ങിനിന്നു. മാലാഖ നിലത്ത് അവയുടെ മുമ്പിലായി മുട്ടുകുത്തി സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു:- "പിതാവും പുത്രനും പരിശുദ്ധാത്മാവും ഉൾപ്പെട്ട ഏററം പരിശുദ്ധ ത്രിത്വമേ, ഞാൻ അവിടത്തെ അഗാധമായ ഭക്തിയോടുകൂടി ആരാധിക്കുന്നു. അവിടുത്തോടു ചെയ്യുന്ന നിന്ദകൾക്കും അനാചാരങ്ങൾക്കും ഉദാസീനതയ്ക്കും പരിഹാരമായി, ലോകത്തിലെ എല്ലാ സക്രാരകളിലും സന്നിഹിതമായിരിക്കുന്ന ഈശോമിശിഹായുടെ അമൂല്യമായ തിരുശരീരവും തിരുരക്തവും ആത്മാവും ദൈവത്വവും ഞാൻ അവിടുത്തേക്കു കാഴ്ചവയ്ക്കുന്നു.

"ഈശോയുടെ തിരുഹൃദയത്തിൻറയും മറിയത്തിൻറ വിമലഹൃദയത്തിൻറയും അനന്തമായ യോഗ്യതകളാൽ പാപികളെ മാനസാന്തരപ്പെടുത്തണമെന്നും ഞാൻ അവിടുത്തോടു യാചിക്കുന്നു."

പരിശുദ്ധ ത്രിത്വത്തോടുള്ള അത്യുൽകൃഷ്ടമായ ഈ പ്രാർത്ഥനയിൽ കുട്ടികളും അവരുടെ കഴിവുപോലെ സംബന്ധിച്ചു പ്രാർത്ഥനാനന്തരം മാലാഖ വായുവിലേക്കുയർന്ന്, തിരുവോസ്തി കൈയിലെടുത്തുകൊണ്ട് ലൂസിയെ വിളിച്ചു. പുരോഹിതനെപ്പോലെ അദ്ദേഹം അവൾക്ക് ദിവ്യകാരുണ്യം എഴുന്നള്ളിച്ചുകൊടുക്കാൻ തുടങ്ങുകയാണ്!

ലൂസി ദിവ്യകാരുണ്യസ്വീകരണത്തിനായി അണഞ്ഞതു കണ്ടപ്പോൾ, ജസീന്തയ്ക്കും ഫ്രാൻസിസിനും ആ ഭാഗ്യം ലഭിക്കുവാൻ അത്യധികമായ ആഗ്രഹമുണ്ടായി. പക്ഷേ അതിന് അവകാശമില്ലെന്ന് അവർ സമാധാനപ്പെട്ടു. അവർ ലൂസിയെപ്പോലെ ആയിരുന്നില്ലല്ലോ. വേദോപദേശം വളരെക്കുറച്ചുമാത്രമേ അവർ പഠിച്ചിരുന്നുള്ളു. എങ്കിലും ലൂസിക്ക് കുർബാന കൊടുത്തശേഷം കാസാ കൈയിലെടുത്തുകൊണ്ട് "എടുത്തു കുടിക്കുവിൻ" എന്നു പറഞ്ഞിട്ട് മുട്ടുകുത്തുവാൻ ആഗ്യം കാണിച്ചു തങ്ങൾക്കും കുർബാന നൽകാൻ ഭാവിക്കയാണെന്നുള്ള കാര്യം ബോദ്ധ്യമായപ്പോൾ അവർ കൂടുതൽ അത്ഭുതപ്പെട്ടു. എങ്കിലും ആജ്ഞാപിച്ചതുപോലെ അവർ മുട്ടുകുത്തി.

"ഈശോമിശിഹായുടെ തിരുശരീരവും തിരുരക്തവും ഉൾക്കൊള്ളുക പാപികളുടെ കുററങ്ങൾക്ക പരിഹാരം ചെയ്തുകൊണ്ട് ദൈവത്തെ സമാശ്വസിപ്പിക്കുക." എന്നു പറഞ്ഞിട്ടു മാലാഖ അവർക്കും നല്കി.

## വൈദികൻറ സ്നേഹിതൻ

അടുത്ത ജനുവരി 22-ാം നു സിദ്ധപദം പ്രാപിക്കുവാൻ പോകുന്ന ഫാദർ വിൻസെൻറ പല്ലോട്ടി സുപ്രസിദ്ധനായ ഇംഗ്ലീഷ് കർദ്ദിനാൾ വൈസ്മൻറ സ്നേഹിതനായിരുന്നു. കർദ്ദിനാൾ റോമിലെ ഇംഗ്ലീഷ് കോളേജിൻറ റെക്ടറായിരുന്നപ്പോഴാണ് ഈ വൈദികനുമായി പരിചയപ്പെടാനിടയായത്.

# അഞ്ചാംപത്തിപ്രവർത്തനം

കമ്മ്യൂണിസ്റ്റ് സംഘടന രാഷ്ട്രീയകക്ഷിയാണോ എന്നും അവർ രാജ്യഭക്തന്മാരാണോ എന്നും മററുമുള്ള വിവരം നിഷ്പക്ഷബുദ്ധികൾ തന്നെ തീരുമാനിക്കട്ടെ.

(എ. ററി. ദേവസ്യാ ബി. എ.)

ഇക്കഴിഞ്ഞ ലോകമഹാസമരത്തിൽ ബെൽജിയം, നോർവെ, പോളണ്ടു്, ചെക്കോസ്ലോവാക്കിയാ മുതലായ രാജ്യങ്ങളിൽ ജർമ്മൻ ചാരന്മാരായി വർത്തിച്ചിരുന്നവരെ അഞ്ചാംപത്തിക്കാർ എന്നു വിളിച്ചുവരുന്നു. ഇവരിൽ അധികവും സ്വരാജ്യത്തെ ജർമ്മൻസ്വേച്ഛാധിപതിക്കു് ഒററിക്കൊടുത്ത ഏതദ്ദേശവാസികൾ ആയിരുന്നതിനാൽ സ്വരാജ്യദ്രോഹികൾ എന്നു് ഇക്കൂട്ടരെ ഗണിക്കുന്നതിൽ വലിയ തെററില്ല. പുരോഗമിച്ചുകൊണ്ടിരിക്കുന്ന ശത്രുരാജ്യസൈന്യത്തിനു് സ്വരാജ്യസേനയുടെ സന്നാഹങ്ങളും സ്ഥിതിഗതികളും അറിയിച്ചുകൊടുക്കുകയും,



ഗോറില്ലായുദ്ധരീതി സാദ്ധ്യമാകുന്നിടത്തെല്ലാം പ്രയോഗത്തിൽവരുത്തുകയുമാണു് അവർ ചെയ്തിരുന്നതു്. പശ്ചിമരംഗത്തെ നാസിസൈന്യത്തിനു വിവിധഭൂവിഭാഗങ്ങളിൽ ഇരമ്പിക്കയറുന്നതിനു് അത്രയും സൗകര്യം ലഭിച്ചതും ഇത്തരത്തിലുള്ള അഞ്ചാംപത്തിപ്രവർത്തനംമൂലമായിരുന്നുവെന്നു് പരക്കെ സമ്മതിക്കപ്പെട്ടിട്ടുള്ള വസ്തുതയാണു്.

മഹായുദ്ധാനന്തരം നിണപങ്കിലമായ ഒരാഗോളവിപ്ലവത്തിനു കളം ഒരുക്കുന്ന റഷ്യയാണു ജർമ്മനിയിൽനിന്നും പഠിച്ചപാഠം ഇപ്പോൾ പ്രയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുന്നതു്. ലോകമാസകലമുള്ള കമ്മ്യൂണിസ്റ്റു് സംഘടനകൾ മോസ്കോയുടെ അഞ്ചാംപത്തികളായിട്ടാണു് പ്രവർത്തിക്കുന്നതെന്നു് ഏവർക്കും അറിയാം. നിരീശ്വരപ്രസ്ഥാനത്തിനു സഹായിക്കുന്ന എല്ലാ പ്രധാനപ്രവർത്തകർക്കും സോവ്യററുനാട്ടിൽനിന്നു് ശമ്പളവും, മാറുവേതനങ്ങളും ലഭിക്കുന്നതിനാൽ അവർ തങ്ങളുടെ യജമാനന്മാരായി ഗണിക്കുന്നതു് ക്രംലിനിലെ നായകന്മാരെയാണു്. അവനവൻ ജനിച്ചുവളർന്ന നാടിനെത്തന്നെ നശിപ്പിക്കേണ്ടതു കമ്മ്യൂണിസ്റ്റുശക്തി പ്രചരണത്തിനു അനുപേക്ഷണീയമാണെന്നു സൂചനലഭിച്ചാൽ ഈ നേതാക്കന്മാർ അതിനു മടിക്കുകയില്ല. ഓരോരാജ്യത്തിലെയും സൈന്യങ്ങളുടെ സംഖ്യ, ഗവർമ്മെണ്ടിന്റെനയം, അന്തഃഛിദ്രത്തിനുള്ള സാദ്ധ്യതകൾ, മതവിഭാഗങ്ങളുടെ സാമാന്യശക്തി ഇവയെല്ലാം മോസ്കോയ്ക്കു് ഉടനുടൻ ഈ നേതാക്കന്മാർ അറിവുകൊടുക്കുന്നു. ഏതൊരവസരത്തിലും ഇപ്രകാരം പ്രവർത്തിക്കുന്നതിനു് എല്ലാ കമ്മ്യൂണിസ്റ്റുകാരനും ബാദ്ധ്യസ്ഥനാണു്. സമാധാനകാലഘട്ടത്തിൽ ഇങ്ങനെ വേഷംകെട്ടുന്നവർ നിശ്ചയമായും യുദ്ധാവസരത്തിൽ സ്വരാജ്യത്തെയും, ജനങ്ങളെയും, റഷ്യൻകരടിയുടെ പാദത്തിൽ അർപ്പിക്കുമെന്നുള്ളതിനു് സന്ദേഹമില്ല.

ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറി മി: ഹാരി പൊള്ളിററു് ഒരു തികഞ്ഞ റഷ്യൻ ഏജൻറാണെന്നുള്ളതിനു് തെളിവുകളുണ്ടു്. മി: പൊള്ളിററിനു് ഈയിടെ റഷ്യയിൽനിന്നു കിട്ടിയതായി പറയപ്പെടുന്ന ഒരു കുറിപ്പു് "ഫോർട്ടുനൈററ്ലി" പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിലെ ഒരു ഭാഗം ചുവടെ ചേർക്കാം. "നമ്മുടെ ഐക്യമുന്നണി ഉറപ്പിക്കുവാൻ പണിമുടക്കം, കലാപവും അഴിച്ചുവിടേണ്ടതാണു്. രക്തത്തിലൂടെ നമ്മുടെ ആധിപത്യം ഉറപ്പിക്കുവാനുള്ള സമയം സമാഗതമാകുന്നു. ഒരുങ്ങിക്കൊള്ളുക." ഒരു തൊഴിലാളിഗവർമ്മെണ്ടു് ഭരണംനടത്തിക്കൊണ്ടിരിക്കുന്ന ഇംഗ്ലണ്ടിൽ നിണച്ചൊരിച്ചിലിൽക്കൂടി അധികാരംപിടിച്ചു പററിക്കൊള്ളുവാനുള്ള ഒരാഹ്വാനമാണു് മി: പൊള്ളിററിനു സിദ്ധിച്ചിരിക്കുന്നതു്. അടുത്തുവരാൻപോകുന്ന സമരത്തിൽ റഷ്യൻ പാർശ്വവർത്തിയായി പ്രവർത്തിക്കുവാൻ ഒരുങ്ങിക്കൊള്ളുക എന്നാണിതിന്റെ സാരം.

മി: ആററ്ലി കമ്മ്യൂണിസ്റ്റുസംഘടനകളെല്ലാം റഷ്യൻചാരന്മാരുടെ സങ്കേതമാണെന്നും, ഇംഗ്ലണ്ടിനെ റഷ്യയുടെ ദാസിയാക്കുവാൻവേണ്ടി ശ്രമിക്കുന്ന ആത്മാഭിമാനമില്ലാത്തവരുടെ ആസ്ഥാനമാണെന്നും ഏററം ശക്തിയായ ഭാഷയിൽ പറഞ്ഞിട്ടു ദിവസങ്ങൾ അധികമായിട്ടില്ല. ബ്രിട്ടീഷുകാരുടെ വക "അമെത്തിസ്റ്റ്" എന്ന യുദ്ധക്കപ്പൽ ചൈനീസു് കമ്മ്യൂണിസ്റ്റു് സൈന്യത്തിന്റെ പിരങ്കിയുണ്ടയ്ക്കു പാത്രമാകുകയും തൽഫലമായി അനേകം യോദ്ധാക്കൾ ചരമംപ്രാപിക്കുകയുംചെയ്ത വാർത്ത വായനക്കാർ ഓർമ്മിക്കുമല്ലോ. അതിൽ ഉൾപ്പെട്ടിരുന്ന തന്റെ പുത്രൻ മരണമടഞ്ഞു എന്ന കേബിൾ കിട്ടിയ പിതാവു്, മി: പൊള്ളിററിന്റെ അദ്ധ്യക്ഷതയിൽക്കൂടിയ ഒരു മീററിംഗിൽ കയറിച്ചെല്ലുകയും, കേബിൾ കാണിച്ചുകൊണ്ടു് "ഇതു്, ഇതാണു് നിങ്ങളുടെ കമ്മ്യൂണിസം ഞങ്ങൾക്കു തരുന്നതു്" എന്നു വികാരഭരിതനും, ശോകാവേശനുമായി പറയുകയും ചെയ്തു. ചൈനയിലെ രക്തവർണ്ണസേന ബ്രി: കപ്പൽ തകർക്കാൻ ശ്രമിച്ചതിനെ നീതികരിച്ചുകൊണ്ടു് മി: പൊള്ളിററു് ഒരു പ്രസ്താവനയും ഇറക്കിയിരുന്നു. സ്വജനങ്ങളുടെമേൽ അന്യർ കുതിരകയറുന്നതു നീതികരിക്കുവാൻ ശ്രമിച്ച മി: പൊള്ളിററിന്റെയും സഖാക്കളുടെയും സ്വരാജ്യസ്നേഹം! ഏതായാലും പ്രതികാരത്തിനായി വെമ്പൽകൊണ്ട സഭാവാസികളിൽനിന്നും മി: പൊള്ളിററു് രക്ഷപെട്ടതു് പോലീസു് അകമ്പടിയോടുകൂടിയാണു്.

ഒരു മഹായുദ്ധത്തിനു വേണ്ടിയുള്ള വട്ടങ്ങൾ റഷ്യയും അവളുടെ പാവകളും കൂട്ടിക്കൊണ്ടിരിക്കുകയാണു്. ആ ക്ഷണത്തിൽ ക്രംലിനിലെ നേതാക്കന്മാരുടെ ആജ്ഞക്കനുസരണം പ്രവർത്തിക്കുവാൻ ഏജൻറന്മാർ തയാറെടുക്കുന്നുണ്ടു്. യുദ്ധക്ലിഷ്ടതനിമിത്തം ക്ഷീണഗാത്രയായിത്തീർന്ന ഫ്രാൻസിനെ വിർപ്പുമുട്ടിക്കുവാൻ അവിടത്തെ തൊഴിലാളികൾ തുടർച്ചയായി പണിമുടക്കുന്നു. ഫ്രഞ്ചു കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു വക്താവു് ഒരു യോഗത്തിൽ പ്രസ്താവിച്ചതു് "റഷ്യയും ഫ്രാൻസുമായി യുദ്ധമുണ്ടാകുന്നപക്ഷം ഫ്രഞ്ചുകമ്മ്യൂണിസ്റ്റുകൾ സോവ്യററു റഷ്യക്കെതിരായി സമരം ചെയ്യുകയില്ല" എന്നാണു്. ഇതിന്റെ അർത്ഥം? ഫ്രാൻസിനെക്കാൾ കൂടുതൽ അവർ സ്നേഹിക്കുന്നതു്, സേവിക്കുവാൻ ആഗ്രഹിക്കുന്നതു്, റഷ്യയെ ആണെന്നാകുന്നു. സ്വജീവനെപ്പോലും ബലികഴിച്ചു് മാതൃരാജ്യത്തെ ശത്രുഹസ്തങ്ങളിൽനിന്നും രക്ഷിക്കുവാൻ രണാങ്കണത്തിലേക്കു കുതിച്ചുപാഞ്ഞ രക്തസാക്ഷികളുടെ ചിതാഭസ്മംപോലും ഇത്തരം നിരുത്തരവാദപരമായ പ്രസ്താവനകൾ ശ്രവിക്കുമ്പോൾ ഉരുകുന്നുണ്ടായിരിക്കണം.

ബാൾക്കൻരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റുപാർട്ടിയാണു് ഇപ്പോൾ അധികാരത്തിൽ വന്നിരിക്കുന്നതു്. വിദൂരവ്യാപകഫലങ്ങൾ ഉളവാക്കുന്ന ഏതൊരു നിയമം പാസ്സാക്കുന്നതിനും റദ്ദാക്കുന്നതിനും സ്റ്റാലിന്റെയും കൂട്ടാളികളുടെയും രഹസ്യാനുജ്ഞ വേണമെന്നുള്ളതും നിസ്തർക്കമാണു്. ഇങ്ങനെ സ്വതന്ത്രമായി ഭരണം നടത്തുവാനുള്ള അവകാശം ഓരോ രാഷ്ട്രത്തിലെ ഗവർമ്മെൻറിനും നഷ്ടമായിരിക്കുന്നു. ആഭ്യന്തരകാര്യങ്ങളിൽ റഷ്യൻകൈകടത്തൽ ദുസ്സഹമായിത്തീർന്നപ്പോളാണു് നിരാലംബനായ പ്രസിഡണ്ടു് മസ്സാറിക്കു് ആത്മഹത്യക്കു മുതിർന്നതും. പ്രഖ്യാപിതനയത്തിനെതിരായി ഏതെങ്കിലും രാജ്യത്തെ ഗവർമ്മെൻറു് പ്രവർത്തിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ അതുടൻ മോസ്കോയിൽ എത്തിക്കുന്നതിൽ രഹസ്യചാരന്മാർ സദാപി വ്യാപൃതരായിരിക്കുന്നു. ഇവരിൽ ഭൂരിഭാഗവും റഷ്യയിൽനിന്നു പ്രതിഫലം പററുന്ന അതതുരാജ്യത്തെ പ്രജകൾതന്നെ ആയിരിക്കുമെന്നൊരു പ്രത്യേകതയുണ്ടു്. കമ്മ്യൂണിസ്റ്റുഭരണംതന്നെ പരസ്പരാവിശ്വാസത്തിന്മേൽ സ്ഥിതിചെയ്യുന്നതുകൊണ്ടു് അത്തരത്തിലുള്ള അഞ്ചാംപത്തിപ്രവർത്തനം അത്യന്താപേക്ഷിതമാണു്.

റഷ്യയുടെ ആജ്ഞാനുവർത്തിയല്ലാതെ ഏതൊരു ബോൾഷെവിക്കുരാഷ്ട്രം പ്രവർത്തിച്ചാലും അതിൽ പ്രതികാരനടപടി എടുക്കാൻ സ്റ്റാലിൻ മടിക്കാറില്ല. യൂഗോസ്ലേവ്യൻ സ്വേച്ഛാധിപതി ആയ മാർഷൽ ടിറേറാ, സ്റ്റാലിന്റെ ആജ്ഞകളനുസരിച്ചു പ്രവർത്തിക്കാത്തതിനാൽ മോസ്കോ ദ്വേഷംകൊണ്ടു തുള്ളുകയാണു്. പട്ടാളങ്ങൾ ഓരോവശത്തും അണിനിരക്കുന്നു. ബൾഗേറിയാ, ഹംഗറി, റുമേനിയാ മുതലായ രാജ്യങ്ങളെക്കൊണ്ടു് പ്രതിപുരുഷന്മാരെ തിരിച്ചുവിളിപ്പിക്കുന്നു. രാജ്യത്തിൽ റഷ്യൻചാരന്മാരെയും, അഞ്ചാംപത്തി പ്രവർത്തകരെയും സജ്ജമാക്കുന്നു. അവിടെ ഒരു വിപ്ലവം കുത്തിപ്പൊക്കി ടിറേറായെ ബഹിഷ്കരിക്കുവാൻ, സാദ്ധ്യമെങ്കിൽ വധിക്കുവാൻ, യത്നിക്കുന്നു. എന്തിനു്? ടിറേറായുടെ ഭാഷയിൽ പറഞ്ഞാൽ "ഹിററ്ലർമാത്രം ധൈര്യപ്പെട്ടിട്ടുള്ള ചെറുരാജ്യവാസികളെ മർദ്ദിക്കുവാൻ സ്റ്റാലിന്റെ കുബുദ്ധി തയാറാകുന്നുണ്ടു്. റഷ്യയെ എത്രമാത്രം സ്നേഹിക്കാമെന്നിരുന്നാലും, സ്വരാജ്യത്തെ കാണിക്കകൊടുക്കുവാൻ ഞങ്ങൾ തയാറല്ല. അതിനുള്ള സ്വജനദ്രോഹികൾ ഇവിടെയുണ്ടാകുകയില്ല." ചൈനയിലെ മേയോട്സെ സിടംഗും ടിറേറായെ അനുഗമിച്ചേക്കുമെന്നുള്ളതിനു ലക്ഷ്യങ്ങൾ ഇല്ലാതില്ല.

ഇന്ത്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയുടെ സേവനചരിത്രം വളരെ വിചിത്രമാണു്. ആയിരക്കണക്കിനു ദേശാഭിമാനികൾ 1942ലെ "ക്വിററു്ഇന്ത്യാ"സമരവേളയിൽ കാരിരുമ്പഴികൾക്കുള്ളിൽ അടയ്ക്കപ്പെട്ടപ്പോൾ മാതൃരാജ്യസേവനാർത്ഥം ഒരു ചെറുവിരൽപോലും ഉയർത്താൻ ഇവിടത്തെ കമ്മ്യൂണിസ്റ്റുകൾ തുനിഞ്ഞില്ല. റഷ്യയും ബ്രിട്ടനും ജർമ്മനിക്കെതിരായി യുദ്ധംചെയ്യുന്നതുകൊണ്ടു് സ്റ്റാലിന്റെ വിജയത്തിനു് ഇന്ത്യയിലെ ബ്രിട്ടീഷു് അധികാരശക്തി നിലനിൽക്കേണ്ടതു് ആവശ്യമായിരുന്നതിനാൽ ഭാരതത്തിലെ കമ്മ്യൂണിസ്റ്റുപ്രവർത്തകർ സ്വരാജ്യത്തെ വിദേശാധിപത്യത്തിൽനിന്നും രക്ഷിക്കുവാൻ ശ്രമിച്ചില്ല. ഇന്നു് ആത്മാർത്ഥതയുടെ മൂർത്തീകരണവും ത്യാഗസമ്പന്നനുമായ പണ്ഡിററു് നെഹ്റുവിന്റെ ഗവർമ്മെൻറിനെ തകിടംമറിക്കുന്നതിനുള്ള തീവ്രശ്രമമാണു് അവർ നടത്തുന്നതു്. രാഷ്ട്രത്തിന്റെ പുരോഗതിക്കായി ഏവരും തീക്ഷ്ണമായി പരിശ്രമിക്കേണ്ട ഈ അവസരത്തിൽ അസംതൃപ്തിയും അസമാധാനവും അഴിച്ചുവിടാനാണു് ഇവരുടെ പുറപ്പാടു്. ഇക്കൂട്ടരുടെ സ്വരാജ്യസ്നേഹത്തെപ്പററി എനിക്കൊന്നും പറയാനില്ല.

19-ാം നൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ ജീവിച്ചിരുന്ന ഒരു രാജ്യതന്ത്രജ്ഞൻ രാഷ്ട്രീയകക്ഷികളെ നിർവചനംചെയ്തുകൊണ്ടു പറഞ്ഞ വാക്കുകൾ അതിശ്രദ്ധേയങ്ങളാണു്. "ഓരോ രാഷ്ട്രീയകക്ഷിയും അതതുരാജ്യത്തെ ജനങ്ങളുടെ പരമാധികാരത്തിനു വിധേയമായിരിക്കണം. അന്യരാജ്യത്തെ യാതൊരു കക്ഷിയുടെയും നിർദ്ദേശങ്ങൾ സ്വീകരിക്കാൻ ബാദ്ധ്യസ്ഥപ്പെടുകയോ, സ്വന്തമായി വ്യക്തിത്വം നിലനിർത്തുവാനും, പദ്ധതികൾ രൂപീകരിക്കുവാനുമുള്ള അവകാശത്തെ ചോദ്യം ചെയ്യുവാൻ ഭൂമുഖത്തു് ഒരു ശക്തിയെയും അനുവദിക്കുകയോ ചെയ്യുന്ന ഒരു സംഘടനയും രാഷ്ട്രീയകക്ഷിയേ അല്ല." ഇങ്ങനെയെങ്കിൽ റഷ്യയുടെ ഇഷ്ടത്തിനൊത്തു് അവർക്കുവേണ്ടി സ്വരാജ്യത്തെ ബലികഴിക്കാനും അഞ്ചാംപത്തിപ്രവർത്തനത്തിനൊരുങ്ങാനും മടിക്കാത്ത ബോൾഷെവിക്കു സംഘടനകൾ രാഷ്ട്രീയകക്ഷികളാകുകയില്ലല്ലോ. സോഷ്യലിസ്റ്റു് നേതാവായ ശ്രീ അശോകമേത്താപോലും പറഞ്ഞവാക്കുകൾ സ്മരണീയങ്ങളാണു്. "സോവ്യററുയൂണിയൻ കമ്മ്യൂണിസത്തിന്റെ മാതൃകാസ്ഥാപനമാണെന്നും അതിനെ സംരക്ഷിക്കുന്നതിനു സ്വന്തം സ്വാതന്ത്ര്യത്തെപ്പോലും ത്യജിക്കാമെന്നും കമ്മ്യൂണിസ്റ്റുകൾ അഭിപ്രായപ്പെടുന്നു...... തൊഴിലാളികളെ പ്രത്യേകിച്ചും, നാട്ടുകാരെ പൊതുവെയും അവർ വഞ്ചിച്ചു. ഇവർ ഇന്ത്യയിലെ ഭ്രാന്തന്മാരാണെന്നാണെന്റെ അഭിപ്രായം." ഇത്തരത്തിലുള്ള കമ്മ്യൂണിസ്റ്റുസംഘടന രാഷ്ട്രീയകക്ഷിയാണോ എന്നും അവർ രാജ്യഭക്തന്മാരാണോ എന്നും മററുമുള്ളവിവരം നിഷ്പക്ഷബുദ്ധികൾതന്നെ തീരുമാനിക്കട്ടെ.

—— 

## 40 മണി ആരാധന

മുതലക്കോടം പള്ളിയിൽ

നവംബർ 22, 23, 24.

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1 1917 മേയ് 13-ാംനു-

2 ആറു പ്രാവശ്യം

3 1917 ഒക്ടോബർ 13-ാംനു-

4 സൂര്യനൃത്തം (സൂര്യൻ കിരണങ്ങൾ നാലുപാടും വിതറിക്കൊണ്ടു് ചുററിക്കറങ്ങി. കിരണങ്ങളുടെ നിറം പലതായി മാറി. ഒരു നിമിഷത്തേക്കു് സൂര്യൻ നിശ്ചലനായി നിന്നശേഷം വീണ്ടും ചുററിത്തിരിയാൻ തുടങ്ങി. മൂന്നാമതൊരു പ്രാവശ്യവും കൂടി നിശ്ചലനായശേഷം സൂര്യൻ കറങ്ങുകയുണ്ടായി. തദനന്തരം പെട്ടെന്നു് സൂര്യഗോളം വക്രഗതിയിൽ കീഴ്പോട്ടു വരുന്നതുപോലെ തോന്നി. ജനങ്ങൾ ഭയവിഹ്വലരായി. പിന്നീടു് അതു് വക്രഗതിയിൽത്തന്നെ ഉയർന്നു് പൂർവ്വസ്ഥാനം പ്രാപിച്ചു. ഈ അത്ഭുതം ഉദ്ദേശം പത്തു മിനിട്ടുനേരം നീണ്ടുനിന്നു.)

5 "ഞാൻ ജപമാലരാജ്ഞിയാകുന്നു."

6 ദൈവകോപം ശമിക്കുന്നതിനുവേണ്ടി മനുഷ്യർ കൂടുതലായി പ്രാർത്ഥിക്കുകയും പ്രായശ്ചിത്തമനുഷ്ഠിക്കുകയും ചെയ്യണം.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. പി. ജോസഫ്
നിലീശ്വരം

---

## ഉറപ്പു നല്കി

പരിക്ഷണത്തിന്റെയും യാതനകളുടെയും ഘട്ടങ്ങളിൽ ദേശതാല്പര്യങ്ങൾക്കായി വിശ്വസ്തതയോടുകൂടി വർത്തിച്ച പ്രമുഖ ദേശാഭിമാനികളെ ഉൾക്കൊള്ളുന്ന ഇൻഡ്യൻ ക്രിസ്ത്യാനികൾക്കു് അർഹമായ പ്രാതിനിധ്യം നല്കുവാൻ കോൺഗ്രസ് അങ്ങേഅററംവരെ യത്നിക്കുന്നതാണെന്നു് കോൺഗ്രസ് പ്രസിഡണ്ടു് ഡോക്ടർ പട്ടാഭി സീതാരാമയ്യ കാത്തലിക്യൂണിയൻ പ്രസിഡണ്ടായ ഷെവലിയർ എം. രത്നസ്വാമിക്കയച്ച ഒരു കത്തിൽ ഉറപ്പുനല്കിയിരിക്കുന്നു.

പ്രൊഫസർ ഹാൽഡെയിൻ കഴിഞ്ഞ ആഗസ്റ്റ് 14-ാംനു-യിലെ ഹിന്ദുവിൽ "ഒരു ഭൗതികവാദി സ്വയം നീതീകരിക്കുന്നു" എന്ന തലക്കെട്ടിൽ ഒരു ലേഖനമെഴുതിയിരുന്നു. താനൊരു ഭൗതികവാദിയാണെന്ന് ഏറ്റുപറഞ്ഞശേഷം അദ്ദേഹം ഇങ്ങനെ തുടരുന്നു:

"മതപരവും തത്വപരവുമായ അഭിപ്രായങ്ങളുള്ള ആളുകളുടെ ഒരു കണക്കെടുത്തുകൊണ്ട്, ഭൗതികവാദികൾ മറ്റുള്ള ആളുകളെക്കാൾ മോശമായിട്ടാണോ യഥാർത്ഥത്തിൽ പെരുമാറുന്നതെന്നു പരിശോധിച്ചാൽകൊള്ളാമായിരുന്നുവെന്ന് എനിക്കാഗ്രഹമുണ്ട്. ഹാളണ്ടിലെ അനുഭവങ്ങൾ പഠിക്കുന്നപക്ഷം അത്തരം ഒരു കണക്ക് ഏകദേശമായിട്ടെങ്കിലും നമുക്കു ലഭിക്കുവാൻ കഴിയും. അവിടെ ഓരോ ആളും അവന്റേയോ അല്ലെങ്കിൽ അവളുടേയോ മതമേതാണെന്നു രേഖപ്പെടുത്തിക്കൊടുക്കേണ്ടിയിരിക്കുന്നു. അവിടെ 1901-ാം 1909-ാം മദ്ധ്യേ ജനസംഖ്യയിൽ ഏകദേശം ഏഴുശതമാനം രേഖപ്പെടുത്തിക്കൊടുത്തത് അവർ യാതൊരു മതത്തിന്റേയും അനുയായികളല്ലെന്നാണ്. അവരുടെയിടയിൽ ഒരു ലക്ഷത്തിനു 84 ആളുകൾ വീതം കുറ്റക്കാരായി ശിക്ഷിക്കപ്പെട്ടവരായിരുന്നു. എന്നാൽ യഹൂദന്മാരുടെയിടയിൽ ഒരു ലക്ഷത്തിനു 213 പേർ വീതവും, പ്രോട്ടസ്റ്റൻറുകാരുടെയിടയിൽ 309 പേർ വീതവും കത്തോലിക്കരുടെയിടയിൽ 416 പേർ വീതവും കുറ്റക്കാരായിശിക്ഷിക്കപ്പെട്ടവരായിരുന്നു. നിർമ്മതന്മാരായ ആളുകളുടെയിടയിൽ അധികവും സാധാരണമായിരുന്ന കുറ്റം "അധികാരത്തിനെതിരായ എതിർപ്പാണ്." നിർമ്മതന്മാരായ ആളുകളിൽ അധികവും ഭൗതികവാദികളായിരുന്നു. ആകയാൽ ഭൗതികവാദം മനുഷ്യരുടെ നടത്തയെ സംബന്ധിച്ചിടത്തോളം ദോഷത്തെക്കാൾ ഗുണമാണു ചെയ്യുന്നതെന്നു തോന്നുന്നു. ഇംഗ്ലണ്ടിലെ വിദ്യാർത്ഥികളുടെ സ്ഥിതിവിവരക്കണക്കും ഇതേ നിഗമനമാണ് പ്രദാനം ചെയ്യുന്നതു. തന്മൂലം ഭൗതികവാദം മനുഷ്യരെ ചീത്തയാക്കുന്നുവെന്ന ധാരണയെ നമുക്കു തിരസ്കരിക്കുവാൻ കഴിയും. അതു മനുഷ്യരെ നല്ലവരാക്കുമെന്നു വിചാരിക്കാനാണ് കൂടുതൽ ന്യായം കാണുന്നതു്."

## ഭൗതികവാദികളും മതാനുയായികളും

വിമർശനവീഥി

### നന്മതിന്മയുടെ മാനദണ്ഡമേതു്?

പ്രൊഫസർ ഹാൽഡെയിൻ പീനൽകോഡനുസരിച്ചു കുറ്റങ്ങൾക്കു ശിക്ഷിക്കപ്പെട്ടവരുടെ സംഖ്യകൾ താരതമ്യം ചെയ്തുകൊണ്ടാണല്ലോ, മനുഷ്യരുടെ നടത്തയെ ഭൗതികവാദം ഒരുവശത്തും മതവിശ്വാസം മറ്റൊരുവശത്തും ബാധിക്കുന്നതെങ്ങനെയെന്നു കണ്ടുപിടിക്കാൻ ശ്രമിച്ചിരിക്കുന്നതു്. ഹാളണ്ടിൽ പീനൽകോഡനുസരിച്ചു കോടതിയിൽ കുറ്റക്കാരായി ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം നിർമ്മതന്മാരായ ഭൗതികവാദികളുടെയിടയിൽ, മതവിശ്വാസികളായ യഹൂദന്മാരുടേയും പ്രോട്ടസ്റ്റൻറുകാരുടേയും കത്തോലിക്കരുടേയും ഇടയിലെക്കാൾ വളരെ കുറവാണെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. ആ വസ്തുതയിൽനിന്നു നിർമ്മതന്മാർ മതവിശ്വാസികളെക്കാൾ നല്ലനടത്തയുള്ളവരാണെന്ന് അദ്ദേഹം അനുമിക്കുകയും ചെയ്യുന്നു. ഇവിടെ നടത്തയുടെ നന്മതിന്മ നിർണ്ണയിക്കുവാൻ അദ്ദേഹം സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം പീനൽകോഡാണ്. ഇതാണ് പ്രൊഫസറുടെ നിഗമനത്തിലുള്ള ഒന്നാമത്തെ യുക്തിഭംഗം. പീനൽകോഡിൽ ശിക്ഷയിൻകീഴ് നിരോധിച്ചിട്ടുള്ള കുറ്റങ്ങൾ ചെയ്യുന്നതും ചെയ്യാതിരിക്കുന്നതും ഒരു മനുഷ്യന്റെ നടത്തയുടെ നന്മതിന്മക്കു മാനദണ്ഡമായി സ്വീകരിക്കുന്നവനു ധാർമ്മികദൃഷ്ടിയിലുള്ള നന്മതിന്മയെപ്പറ്റി ശരിയായ ബോധമില്ലെന്നു സ്പഷ്ടമാണല്ലോ. ധർമ്മാധർമ്മങ്ങൾ വിചാരത്തിലും വാക്കിലും ബാഹ്യമായ പ്രവൃത്തിയിലും അടങ്ങിയിരിക്കുന്നുണ്ട്. ഇവയിൽ വിചാരങ്ങളും അവയോടനുബന്ധിച്ചുള്ള ആഗ്രഹങ്ങളും പീനൽകോഡിന്റെ പരിധിയിൽ പെടുന്നില്ലെന്നു പറയണമെന്നുണ്ടോ? അധർമ്മങ്ങളായ വാക്കുകൾതന്നെയും അതിന്റെ പരിധിയിൽ സാമാന്യമായി പെടുന്നില്ലെന്നുവേണം പറയുവാൻ. അധർമ്മങ്ങളായ പ്രവൃത്തികൾമാത്രമേ അതിന്റെ പരിധിയിൽ സാമാന്യേന ഉൾപ്പെടുന്നുള്ളു. മോഷണം എന്ന ബാഹ്യപ്രവൃത്തി പീനൽകോഡിന്റെ പരിധിയിൽ പെടുന്നുണ്ട്. എന്നാൽ മോഷ്ടിക്കണമെന്നുള്ള വിചാരവും ആഗ്രഹവും, അവയെ പ്രകാശിപ്പിക്കുന്ന വാക്കുകളും അതിന്റെ പരിധിയിൽ പെടുന്നില്ല. മോഷണമെന്ന ബാഹ്യമായ പ്രവൃത്തി ചെയ്യാതിരുന്നാൽമാത്രം, മോഷ്ടിക്കരുതെന്നുള്ള ധാർമ്മികനിയമം ഒരു മനുഷ്യൻ പൂർണ്ണമായും അനുഷ്ഠിക്കുന്നുവെന്നും തന്നിമിത്തം ആ നിയമത്തെ സംബന്ധിച്ചിടത്തോളം അവൻ നല്ലവനാണെന്നും പറയാമോ? മോഷണമെന്ന ബാഹ്യപ്രവൃത്തി സന്ദർഭം ലഭിക്കായ്കകൊണ്ടോ മറ്റോ ചെയ്യുന്നില്ലെങ്കിലും, മോഷ്ടിക്കണമെന്നുള്ള വിചാരവും ആഗ്രഹവും ബുദ്ധിയിലും ഹൃദയത്തിലും പാലിച്ചുകൊണ്ടിരിക്കുന്നവൻ മോഷ്ടിക്കരുതെന്നുള്ള ധാർമ്മികനിയമത്തിന്റെ കാര്യത്തിൽ നല്ലവനല്ലെന്നല്ലേ പറയേണ്ടതു്? ഇതുപോലെ മറ്റു സകല ധാർമ്മികനിയമങ്ങളുടെ കാര്യവും ചിന്താർഹമാണ്. തന്മൂലം നടത്തയുടെ നന്മതിന്മ നിർണ്ണയിക്കുവാൻ പ്രൊഫസർ ഹാൽഡെയിൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം അബദ്ധമാണെന്നാണ് സാമാന്യമായ യുക്തി തെളിയിക്കുന്നതു്.

ഈ മാനദണ്ഡത്തിൽ വേറൊരു യുക്തിഭംഗവും ഉണ്ട്. മോഷണം തന്നെ ഉദാഹരണത്തിനെടുക്കുക: പീനൽകോഡു ശിക്ഷയിൻകീഴ് വിലക്കുന്ന മോഷണമെന്ന ബാഹ്യപ്രവൃത്തി ചെയ്തിട്ടുള്ളവരാരൊക്കെയാണെന്നു നിർണ്ണയിക്കുവാൻ, മോഷണക്കുറ്റത്തിനു ശിക്ഷിക്കപ്പെട്ട ആളുകളുടെ കണക്കു പര്യാപ്തമായ മാനദണ്ഡമാണോ? പര്യാപ്തമായ മാനദണ്ഡമാകണമെങ്കിൽ, മോഷണം ചെയ്തവരെല്ലാം ആ കുറ്റം ചുമത്തി ശിക്ഷിക്കപ്പെട്ടവരായിരിക്കണം. യഥാർത്ഥത്തിൽ ഇങ്ങനെ സംഭവിക്കുന്നുണ്ടോ? സംഭവിക്കുക സാധ്യമാണോ? മോഷണം യഥാർത്ഥത്തിൽചെയ്ത എത്രപേർ ആ കുറ്റം ചുമത്തി ശിക്ഷിക്കപ്പെടാതുണ്ടാകാം. സമർത്ഥന്മാരായ എത്ര മോഷ്ടാക്കൾ പോലീസിന്റെ പിടിയിൽ യാതൊരുവിധത്തിലും പെടാൻ സാധ്യമല്ലാത്തവണ്ണം മോഷണം നടത്തിട്ടുണ്ടാകാം. അങ്ങനെയുള്ളവർ മോഷണക്കുറ്റം ചുമത്തി ശിക്ഷിക്കപ്പെട്ടവരുടെ ഗണത്തിൽ പെടുന്നില്ലെങ്കിലും, മോഷ്ടിക്കരുതെന്നുള്ള ധാർമ്മികനിയമം അനുസരിക്കാത്തവരും തന്മൂലം നല്ലനടത്തക്കാരായി ഗണിക്കപ്പെടുവാൻ പാടില്ലാത്തവരുമാണെന്ന സമ്മതിക്കണ്ടേ? മാത്രമല്ല, മോഷ്ടിക്കരുതെന്നുള്ള ധാർമ്മികനിയമത്തിന്റെ പൂർണ്ണമായ അർത്ഥം ആലോചിക്കുമ്പോൾ പീനൽകോഡിന്റെ നിരോധനത്തിൽപെടാത്ത പലതരം മോഷണങ്ങൾ ഉണ്ടെന്നും സമ്മതിക്കേണ്ടതായിരിക്കുന്നു. മറ്റൊരുവനു അവകാശപ്പെട്ടതുമുതൽ ഏതുവിധത്തിലെങ്കിലും അന്യായമായി അവനിൽ നിന്നെടുക്കുകയോ അവനു കൊടുക്കാതിരിക്കുകയോ ചെയ്യുന്നതു മോഷ്ടിക്കരുതെന്നുള്ള ധാർമ്മികനിയമത്തിന്റെ ലംഘനമല്ലയോ? ഇന്നത്തെ മുതലാളി തൊഴിലാളി പ്രശ്നമെടുക്കുക. തനിക്കു വേലചെയ്യുന്ന തൊഴിലാളിക്കു ന്യായമായി കിട്ടാനർഹതയുള്ള പ്രതിഫലം കൊടുക്കാതെ, കുറഞ്ഞ പ്രതിഫലത്തിനു വേലചെയ്തുകൊള്ളാമെന്നുള്ള സമ്മതം ഗത്യന്തരമില്ലാത്ത പാവപ്പെട്ട തൊഴിലാളിയിൽനിന്നു വാങ്ങുന്ന, മുതലാളി ഒരുതരത്തിലുള്ള മോഷണമല്ലയോ ചെയ്യുന്നതു്? ഈ മോഷണം പീനൽകോഡിൽ ഉൾപ്പെടുന്ന കുറ്റമല്ലല്ലോ. അതിനാൽ മോഷണക്കുറ്റം ചുമത്തി ആ മുതലാളി ശിക്ഷിക്കപ്പെടുകയുമില്ല. എന്നുവച്ച് അയാൾ നല്ല നടത്തക്കാരനാണെന്നു ധാർമ്മികനിയമമനുസരിച്ചു പറയാവുന്നതാണോ?

### ആരാണു യഥാർത്ഥമതവിശ്വാസി?

യഥാർത്ഥമതവിശ്വാസി ആരാണെന്നു നിർണ്ണയിക്കുന്നതിലും പ്രൊഫസർ ഹാൽഡെയിനു യുക്തിഭംഗം പറ്റിയിട്ടുണ്ട്. ഒരു മതത്തിന്റെ അനുയായിയായിരിക്കുകയും, അനുയായിയാണെന്നു രേഖപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നവരെല്ലാം ആ മതത്തിലെ യഥാർത്ഥവിശ്വാസികളാണെന്നു പറഞ്ഞുകൂടാ. നാമമാത്രമായ മതവിശ്വാസികൾ വളരെയുണ്ടെന്ന് ആർക്കാണറിഞ്ഞുകൂടാത്തതു്? ഉദാഹരണത്തിനു കത്തോലിക്കരുടെ കാര്യംതന്നെയെടുക്കാം. യഥാർത്ഥകത്തോലിക്കാമതവിശ്വാസിയും നാമമാത്രകത്തോലിക്കാമതവിശ്വാസിയും തമ്മിൽ നടത്തയുടെ കാര്യത്തിൽ വലിയ അന്തരമുണ്ട്. നാമമാത്രവിശ്വാസി തന്റെ മതത്തിലെ തത്വങ്ങൾ ബുദ്ധിപരമായി സമ്മതിക്കുന്നുണ്ടാകാം. ആ മതത്തിലെ ചടങ്ങുകൾ ബാഹ്യമായി ഏറെക്കുറെ അനുഷ്ഠിക്കുന്നുമുണ്ടാകാം. എന്നാൽ ഇവയൊന്നും അവന്റെ നടത്തയെ നയിക്കുവാനും നിയന്ത്രിക്കുവാനും മതിയാകുന്നതല്ല. മതിയാകണമെങ്കിൽ അവൻ ആ മതതത്വങ്ങളെപ്പറ്റി ആഴമായ ബോധ്യമുള്ളവനായിരിക്കുകയും മതചടങ്ങുകളെ അവയുടെ ചൈതന്യമനുസരിച്ചു ഹൃദയംഗമമായി നിയമേന അനുഷ്ഠിച്ചുകൊണ്ടിരിക്കുകയും വേണം. അങ്ങനെ അവന്റെ സകലവിചാരങ്ങളും, ആഗ്രഹങ്ങളും, വാക്കുകളും, പെരുമാറ്റങ്ങളും, ഇടപാടുകളും പ്രസ്തുത ബോധ്യത്തിനു വിധേയമാക്കപ്പെടുകയും പ്രസ്തുതമതചടങ്ങുകൾവഴി ലഭിക്കുന്ന പ്രത്യേകമായ ദൈവാനുഗ്രഹങ്ങളാൽ സഹായിക്കപ്പെടുകയും വേണം. അങ്ങനെ ചെയ്യുന്ന കത്തോലിക്കരാണ് യഥാർത്ഥ കത്തോലിക്കാമതവിശ്വാസികൾ. പീനൽകോഡനുസരിച്ചു കുറ്റക്കാരായി ശിക്ഷിക്കപ്പെട്ടിട്ടുള്ള കത്തോലിക്കരുടെ ഗണത്തിൽ ഇങ്ങനെയുള്ള യഥാർത്ഥവിശ്വാസികളെ വളരെ ചുരുക്കമായിമാത്രമേ കാണുകയുള്ളു. ആ ഗണത്തിൽ ഉൾപ്പെടുന്നവർ മിക്കവരും നാമമാത്ര കത്തോലിക്കാമതവിശ്വാസികളാണെന്നു കാണാം. ആകയാൽ കത്തോലിക്കർ വല്ലവരും കുറ്റക്കാരായി ശിക്ഷിക്കപ്പെടുന്നുണ്ടെങ്കിൽ അതിനു കാരണം അവർ യഥാർത്ഥത്തിൽ കത്തോലിക്കരല്ലാത്തതാണ്; കത്തോലിക്കാമതചൈതന്യത്തിന്റെ പ്രേരണയ്ക്കും സ്വാധീനത്തിനും അവരുടെ നടത്തകൾ വിധേയങ്ങളാക്കപ്പെടാത്തതാണ്. അങ്ങനെയുള്ളവരുടെ കണക്കുകളെ ആധാരമാക്കി, കത്തോലിക്കാമതത്തിനു മനുഷ്യരുടെ നടത്തയെ നല്ലതാക്കുവാൻ ശക്തിയില്ലെന്നനുമാനിക്കുന്നതു യുക്തിഹീനമല്ലയോ?

മതം പൊതുവിൽ മനുഷ്യരുടെ സ്വാഭാവികമായ ദുർവാസനകളാകുന്ന രോഗത്തിനുള്ള ഔഷധമാണ്. ഔഷധത്തിന്റെ ഫലസിദ്ധിയറിയുന്നതു് വിധിക്കപ്പെട്ട പഥ്യങ്ങളോടുകൂടിയും മററും അതു ശരിയായി സേവിക്കുന്നവരിൽ അതുളവാക്കുന്ന ഫലത്തിൽ നിന്നായിരിക്കണം; അല്ലാതെ അതുസേവിക്കാത്തവരിലോ, വേണ്ട പഥ്യങ്ങളൊന്നും കൂടാതെ സേവിക്കുന്നവരിലോ അതു ഫലം ഉളവാക്കുന്നുണ്ടോയെന്നു പരിശോധിച്ചല്ല. കത്തോലിക്കാമതമാകുന്ന ഔഷധം വേണ്ട പഥ്യങ്ങളോടുകൂടി ആചരിക്കുന്ന നാനാതരക്കാരായ സ്ത്രീപുരുഷന്മാരെ അനേകായിരങ്ങളായി കാണാൻ കഴിയും. ലോകവ്യവഹാരങ്ങളിൽ ഉൾപ്പെട്ടു ജീവിക്കുന്ന വളരെ സ്ത്രീപുരുഷന്മാർ ആ ഗണത്തിലുണ്ട്. എന്നാൽ ലോകബന്ധമുപേക്ഷിച്ചു സന്യാസവൃത്തി സ്വീകരിച്ചിട്ടുള്ള സ്ത്രീപുരുഷന്മാർ പ്രത്യേകിച്ചും അങ്ങനെയുള്ളവരാണ്. അവരുടെ ജീവിതം പരിശോധിച്ചാൽ കാണാം, കത്തോലിക്കാമതം അവരുടെ നടത്തയെ സാമാന്യേന നല്ലതാക്കുന്നുണ്ടെന്നു മാത്രമല്ല, വീരപരമായ നിലയിലേക്കു ഉയർത്തിവയ്ക്കുന്നുണ്ടെന്നും. ഈ യുക്തികളും വസ്തുതകളും അറിയാതെയോ വിസ്മരിച്ചുകൊണ്ടോ ആണ് പ്രൊഫസർ ഹാൽഡെയിൻ കുറ്റക്കാരായി ശിക്ഷിക്കപ്പെട്ട ആളുകളുടെ താരതമ്യേനയുള്ള കണക്കിൽനിന്നു ഭൗതികവാദികളായ നിർമ്മതന്മാരാണോ, ദൈവവിശ്വാസികളായ മതാനുയായികളാണോ നല്ല നടത്തക്കാരായിരിക്കുന്നതെന്നു നിർണ്ണയിക്കുവാൻ പുറപ്പെട്ടിരിക്കുന്നതു്.

ഇംഗ്ലണ്ടിലെ ഇന്നത്തെ ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനായ ഒരാൾ എന്നു "യുക്തിവാദി" സർട്ടിഫിക്കററു നല്കിയിരിക്കുന്ന പ്രൊഫസർ ഹാൽഡെയിൻ ഈ വിഷയത്തിൽ എത്ര യുക്തിഹീനമായിട്ടാണ് യുക്തിവാദം ചെയ്യുന്നതെന്നു കണ്ടാലും!

---



ST. ALOYSIOUS ELECTROPLATING WORKS
AND CATHOLIC DEPOT,
MUNICIPAL OFFICE ROAD, TRICHUR.
PROPRIETOR: C. O. LOUIS.
*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*
1. Chalices 2. Ciboriums 3. Monstrances 4. Incense Boats 5. Thuribles 6. Communion Plates 7. Candlesticks 8. Holy Oil Stoks Etc.
AND ALL KINDS OF CHURCH REQUISITES
NEAT ELECTROPLATING
*N. B. Prepared to go over to anywhere for neat execution if so wanted.*

---

മലങ്കരയാക്കോബായസഭാ

## സമാധാനസമ്മേളനം

(3-ാം പേജ് തുടർച്ച)

എങ്ങനെ തീരുമാനം ഉണ്ടാകുന്നാണ്? തീരുമാനം ഉണ്ടാകണമെന്ന് നമ്മുടെ ആളുകൾക്കു യഥാർത്ഥത്തിൽ ആഗ്രഹമുണ്ടോ? അതല്ലെങ്കിൽ മറെറാരുവിധത്തിൽ പറഞ്ഞാൽ കല്യാണങ്ങൾക്കും മററു സാമൂഹ്യകാര്യങ്ങൾക്കും ഈ കക്ഷിവഴക്കു വിഘാതമാകാത്തകാലത്തോളം, കക്ഷിവഴക്കിൽതന്നെ ഈ കമ്പത്തിൽ കവിഞ്ഞ കഴമ്പു വല്ലതുമുണ്ടോ എന്നു ഗാഢമായി ചിന്തിക്കേണ്ടതാണ്.

നമ്മുടെ കക്ഷിവഴക്കുകൾ തീരണമെങ്കിൽ നമ്മുടെ ഈ "കമ്പഭ്രമം" തീർന്നു യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറാകണം. അതായതു മുഖംനോക്കാതെ ജവഹരിയെപ്പോലെ കാര്യം തുറന്നു പറയുന്നവർ നമ്മുടെ സമുദായത്തിൽ ഉണ്ടാകണം. അല്ലെങ്കിൽ വെട്ടൊന്നു മുറി രണ്ടു് എന്നു പറയുകയും പ്രവർത്തിക്കുകയും ചെയ്യാനുള്ള അധികാരം ഉള്ള, ഒരു മൌണ്ട്ബാററൻ പ്രഭു എവിടെനിന്നെങ്കിലും വരണം. ഇതിനുത്തരം എളുപ്പമുള്ള കാര്യങ്ങളുമല്ല. അതുകൊണ്ടു് സമാധാനവും തീരുമാനവും ഒന്നും ഉണ്ടാകുവാനുള്ള മാർഗ്ഗങ്ങൾ കാണുന്നില്ല." ("പത്രിക." 23 ഒക്ടോബർ 1949)

## അന്ത്യകൂദാശകൾ കൂടാതെ

ജർമ്മനിയിൽ അഭയാർത്ഥികൾ വസിക്കുന്ന പ്രദേശങ്ങളിൽ കത്തോലിക്കാ പുരോഹിതന്മാരുടെ കുറവുനിമിത്തം വളരെപ്പേർ അന്ത്യകൂദാശകൾ കൂടാതെ മരിക്കാനിടവരുന്നുണ്ടെന്നു ഒരു റിപ്പോർട്ടിൽ കാണുന്നു.

പ്രഭാഷണം

# ക്രിസ്തുവിന്റെ മരണപത്രം

"പരിശുദ്ധ മറിയമേ, ദൈവമാതാവേ," (നന്മനിറഞ്ഞ മറിയത്തിലെ അഞ്ചാം വാക്യം).

"ഞാൻ സുന്ദരമായ സ്നേഹത്തിന്റെ മാതാവാകുന്നു...വഴിയുടേയും സത്യത്തിന്റെയും എല്ലാ പ്രസാദവരങ്ങളും എന്നിലുണ്ടു് ജീവന്റെയും പുണ്യത്തിന്റെയും എല്ലാ പ്രതീക്ഷയും എന്നിൽ സ്ഥിതിചെയ്യുന്നു." (Eccli· XXIV; 24,25).

മരണാസന്നനായിരിക്കുന്ന ഒരു മനുഷ്യൻ അവശ്യം അനുഷ്ഠിക്കേണ്ട ഒരു കർത്തവ്യമാണു മരണപത്രമെഴുതുകയെന്നുള്ളതു്. സമ്പൽസമൃദ്ധി അല്പമെങ്കിലും കടാക്ഷിച്ചിട്ടുള്ള ഒരുവൻ അവയെല്ലാം മരണപത്രംവഴിയായി മക്കൾക്കും സംബന്ധികൾക്കും ഭാഗിച്ചുകൊടുത്തുകൊണ്ടു കാലഗതിയടയുന്നു. "കുറുനരികൾക്കു ഗുഹകളും പക്ഷികൾക്കു കൂടുകളും ഉണ്ടു്; എന്നാൽ മനുഷ്യപുത്രനു തലചായ്ക്കാൻ സ്ഥലമില്ല" എന്നരുളിച്ചെയ്ത ക്രിസ്തുനാഥൻ—ദാരിദ്ര്യത്തിന്റെ മൂർത്തീകരണം—കുരിശാകുന്ന മരണശയ്യയിൽ കിടന്നുകൊണ്ടു് ഒരു മരണപത്രം വാഗ്രൂപേണ തയ്യാറാക്കുകയും വി. യോഹന്നാൻ അതു് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. "ഈശോ തന്റെ അമ്മയും താൻ സ്നേഹിച്ചിരുന്ന ശിഷ്യനും നില്ക്കുന്നതുകണ്ടിട്ടു്, തന്റെ അമ്മയോടു്: സ്ത്രീ ഇതാ നിന്റെ മകൻ എന്നരുളിച്ചെയ്തു. പിന്നെ ആ ശിഷ്യനോടു്: ഇതാ നിന്റെ അമ്മ എന്നും അരുളിച്ചെയ്തു." വി. യോഹന്നാൻ മനുഷ്യവർഗ്ഗത്തെ പ്രതിനിധീകരിക്കുന്നു. തന്നിമിത്തം പരി. കന്യക മനുഷ്യവർഗ്ഗം മുഴുവന്റെയും മാതാവായിട്ടാണു നൽകപ്പെട്ടതെന്നാണു തിരുസ്സഭയുടെ പ്രബോധനം. "ഇതാ! നിന്റെ അമ്മ," എന്നുള്ള സംക്ഷിപ്തമായ മരണപത്രത്തിൽ നമുക്കു നൽകപ്പെട്ടിരിക്കുന്നതു് വിശിഷ്ടതമമായ ഒരു നിധിയാണെന്നുള്ളതു നാം കൃതജ്ഞതയോടെ സ്മരിക്കണം. മനുഷ്യചരിത്രത്തിന്റെ പുലരിയിൽ ആദം തന്റെ ഭാര്യക്കു ഹവ്വ എന്നു പേർനൽകി; "എന്തുകൊണ്ടെന്നാൽ അവൾ ജീവനുള്ള എല്ലാവരുടേയും മാതാവായിരുന്നു" (സൃഷ്ടി III-20). പക്ഷെ, യഥാർത്ഥത്തിൽ, ഹവ്വ ജീവിക്കുന്നവരുടെയല്ല, പ്രത്യുത, മരിക്കുന്നവരുടെയാണു് മാതാവായിപ്പരിണമിച്ചതു്. എന്നാൽ രണ്ടാമത്തെ ഹവ്വയായ പരി. മറിയമാകട്ടെ യഥാർത്ഥത്തിൽ ജീവിക്കുന്ന സകലരുടേയും മാതാവായിത്തീർന്നു; പോരാ, നിത്യജീവന്റെതന്നെ മാതൃപദം സമലങ്കരിച്ചു.

എന്നാൽ ക്രിസ്തുനാഥന്റെ മരണപത്രമില്ലെങ്കിൽത്തന്നെയും അതേ മാതാവു് നമ്മുടെയും മാതാവാണു്. ദൈവവും മനുഷ്യനുമായ ക്രിസ്തുവിന്റെ അമ്മയാണു് പരി. മറിയം എന്നു പറയുമ്പോൾ വെറും വ്യക്തിയായ ക്രിസ്തുവിന്റെ മാത്രമല്ല, പ്രത്യുത, ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെയും അമ്മയാണു് അവിടുന്നു് എന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കണം. ക്രിസ്തു ശിരസ്സും നാം അവയവങ്ങളുമാണെന്നുള്ള വി. പൗലോസിന്റെ സിദ്ധാന്തം സുപ്രസിദ്ധമാണല്ലോ. അങ്ങനെയെങ്കിൽ സ്വാഭാവികനിയമമനുസരിച്ചു് ശിരസ്സിന്റെ അമ്മ അവയവങ്ങളുടേയും അമ്മയായിരിക്കണം. മനുഷ്യാവതാരത്തിനു സമ്മതിച്ചപ്പോൾ പരി. കന്യക നമ്മെയെല്ലാവരേയും തന്റെ ഉദരത്തിൽ ക്രിസ്തുവിനോടൊപ്പം ഗർഭം ധരിച്ചു; കാൽവരിയിലെ യാതനകളിൽ അവിടുന്നു നമ്മെ നിത്യജീവനിലേക്കു പ്രസവിക്കയും ചെയ്തു. അവയവങ്ങളില്ലാതെ ശിരസ്സുമാത്രം ജനിക്കുകയെന്നുള്ളതു ബീഭത്സമായിരിക്കുമല്ലോ. കൂടാതെ. നാമെല്ലാവരും ദൈവത്തിന്റെ മക്കൾ—ദത്തുപുത്രന്മാർ—ആണെന്നും ക്രിസ്തു നമ്മുടെ ജ്യേഷ്ഠസഹോദരനാണെന്നുമുള്ളതു് വാസ്തവമെങ്കിൽ ക്രിസ്തുവിന്റെ അമ്മ നമ്മുടേയും അമ്മയായിരിക്കേണ്ടയോ? ദൈവം തന്റെ ഏകജാതനെ ലോകത്തിനു നൽകിയതുപോലെതന്നെ പരി. മറിയവും തന്റെ ഏകജാതനെ ലോകത്തിനു നൽകി; തന്നിമിത്തം ദൈവം നമ്മുടെ പിതാവാണെങ്കിൽ പരി. മറിയം നമ്മുടെ മാതാവുമാണു്. ക്രിസ്തുവിന്റെ മൗതികശരീരത്തിന്റെ അമ്മയെന്നു പറയുമ്പോൾ ആ മാതൃത്വം വെറും സങ്കല്പംമാത്രമാണെന്നോ, അല്ലെങ്കിൽ, അത്രതന്നെ യഥാർത്ഥമല്ലെന്നോ ആരുംതന്നെ തെറ്റിദ്ധരിക്കരുതു്. ശാരീരിക (Physical) മാതൃത്വത്തെപ്പോലെതന്നെയോ, അതിൽ കൂടുതലോ, യാഥാർത്ഥ്യമുള്ളതാണു മൗതിക (mystical) മാതൃത്വം എന്നുള്ളതു് നാം പ്രത്യേകം സ്മരിക്കയും തജ്ജന്യമായ വാത്സല്യവിശ്വാസങ്ങൾ പരി. കന്യകയിൽ നാം സമർപ്പിക്കയും ചെയ്യേണ്ടതാണു്.

"ദൈവം സ്നേഹമാകുന്നു. ഈ സ്നേഹത്തെപ്പറ്റി ഒരു ഏകദേശജ്ഞാനം നമുക്കു നൽകുന്നതിനായി അവിടുന്നു് അതിന്റെ ഒരംശം മാതാക്കൾക്കു നൽകിയിരിക്കുന്നു. തനിക്കു നമ്മോടുള്ള സ്നേഹത്തിന്റെ ഒരു കണികമാത്രമേ അവിടുന്നു് അവരിൽ നിക്ഷേപിച്ചിട്ടുള്ളുവെങ്കിലും അന്യൂനമായ മൃദുലതയും സുസ്ഥിരമായ ഔൽസുക്യവും അക്ഷയമായ വാത്സല്യവും വഴിഞ്ഞൊഴുകുന്ന മാതൃഹൃദയം വാസ്തവത്തിൽ ഈശ്വരസൃഷ്ടിതന്നെ" (Dom Marmion). ഒരു സാധാരണ മാതാവിന്റെ ഹൃദയം ഇപ്രകാരമെങ്കിൽ ദൈവത്തിന്റെയും മനുഷ്യകുലത്തിന്റെയും മാതാവായ മറിയത്തിന്റെ ഹൃദയത്തിൽ നിക്ഷിപ്തമായിരിക്കുന്ന വാത്സല്യവായ്പു് അളന്നുതിട്ടപ്പെടുത്തുവാൻ ആർക്കും കഴിയും? ദൈവം ഇസ്രായേൽജനത്തെ സ്ലോമോന്റെ പരിപാലനത്തിനേൽപ്പിച്ചപ്പോൾ "സമുദ്രതീരത്തിലെ മണൽത്തരികളെപ്പോലെയുള്ള വിസ്തൃതി അദ്ദേഹത്തിന്റെ ഹൃദയത്തിനു നൽകി" (III രാജ. IV-29) അങ്ങനെയെങ്കിൽ മനുഷ്യകുലം മുഴുവന്റേയും അമ്മയായ പരി. മറിയത്തിന്റെ ഹൃദയവിസ്തൃതി അപാരംതന്നെ. ഇതുപോലെതന്നെ, മാതാവിനെപ്പറ്റിയുള്ള സ്മരണ മനുഷ്യചരിത്രത്തിൽ ഏതെല്ലാം മഹൽകൃത്യങ്ങൾക്കാണു് ഉത്തേജകമാകാതിരുന്നിട്ടുള്ളതു്! ദുരാഗ്രഹം, മാത്സര്യം, വിഷയേച്ഛ തുടങ്ങിയ വികാരങ്ങളുടെ പ്രക്ഷോഭണങ്ങൾക്കും പ്രകമ്പനങ്ങൾക്കും പിന്നിൽ നിഗൂഢമായി പ്രവർത്തിക്കുന്ന ഈ ശക്തി ലോകചരിത്രത്തെ ഏതെല്ലാംവിധത്തിൽ നയിച്ചിട്ടുണ്ടെന്നു ചിത്രീകരിക്കുക അസാദ്ധ്യമാണു. അങ്ങനെയെങ്കിൽ നമ്മുടെ സ്വർഗ്ഗീയമാതാവിന്റെ സ്മരണ നമ്മുടെ ഹൃദയസാഗരത്തിലെ വികാരവിജൃംഭണങ്ങളേയും പാപക്കൊടുങ്കാറ്റുകളേയും എത്രമേൽ അമർത്തുകയും പവിത്രീകരിക്കുകയും ചെയ്യുകയില്ല!

ബാലനായ വി. സ്റ്റനിസ്ലാവുസ് പരിശുദ്ധ ജനനിയുടെ ഓമനമകനായിരുന്നു. തിരുസ്സഭ ഈ പുണ്യബാലനെക്കുറിച്ചു പറയുന്നതു്, "അവൻ തന്റെ സുകൃതജീവിതത്തിന്റെ തീക്ഷ്ണതയാൽ അല്പകാലംകൊണ്ടു അനേകവർഷങ്ങൾ പിന്നിലാക്കി" എന്നാണു്. "ദൈവത്തിന്റെ അമ്മ എന്റേയും അമ്മയാണു്" എന്നുള്ള ചിന്താശകലം അവനു് എല്ലാഴും അത്ഭുതാവഹവും ഭക്തിജനകവുമായിത്തോന്നിയിരുന്നു. സംക്ഷിപ്തമെങ്കിലും, ഗഹനങ്ങളായ രണ്ടു മഹാസത്യങ്ങൾ അടങ്ങിയിരിക്കുന്ന ഒരു മഹാവാക്യമത്രെ അതു്. മനുഷ്യാവതാരരഹസ്യത്തോടു അവിഭാജ്യബന്ധമുള്ള ആ സത്യം—ദൈവത്തിനു് ഒരു അമ്മയുണ്ടു് എന്ന പരമാർത്ഥം—ആണു് ആദ്യത്തേതു്. രണ്ടാമത്തേതും അതിൽ ഒട്ടും പ്രാധാന്യം കുറഞ്ഞതല്ല. "ദൈവജനനി നാമോരോരുത്തരുടേയും മാതാവാകുന്നു." ഈ വാക്യത്തെക്കുറിച്ചു് നിരന്തരം ധ്യാനിക്കുകയും അതിന്റെ അർത്ഥവ്യാപ്തി കൂടുതൽ കൂടുതൽ ഗ്രഹിക്കുകയും ചെയ്തതിന്റെ ഫലമായി വി. സ്റ്റനിസ്ലാവുസ് പുണ്യസോപാനപരമ്പരകൾ ഓടിക്കയറിയതിൽ എന്താണു് വിസ്മയിക്കാനുള്ളതു? എന്തുകൊണ്ടു് നമുക്കും ഈ പുണ്യബാലനെ അനുകരിച്ചുകൂടാ? ദിനകൃത്യങ്ങളിലേർപ്പെട്ടിരിക്കുന്ന ഓരോ മണിക്കൂറിലും "ദൈവത്തിന്റെ അമ്മ എന്റെയും അമ്മയാകുന്നു" എന്നുള്ള ചൈതന്യദായകമായ വാക്യത്തെപ്പറ്റി ചിന്തിച്ചിരുന്നെങ്കിൽ അതു നമുക്കും എത്ര വലിയ ആനന്ദവും ആശ്വാസവും നൽകുമായിരുന്നു!

ഒരു വത്സലമാതാവിന്റെ യാചനകൾക്കും കണ്ണീർക്കണങ്ങൾക്കുമുള്ള ശക്തി അപ്രതിഹതമാണു്. അലക്സാണ്ടർ യുദ്ധത്തിനു പോയപ്പോൾ ആന്തിപ്പാത്തർ എന്നൊരാളെ രാജ്യഭരണത്തിനു നിയോഗിച്ചു. എന്നാൽ അദ്ദേഹത്തിന്റെ വത്സലമാതാവായ ഒളിമ്പിയ രാജ്യകാര്യങ്ങളിൽ തലയിട്ടു് ആന്തിപ്പാത്തറിനെ അലട്ടിയിരുന്നു. ആന്തിപ്പാത്തർ ഈ വിവരം അലക്സാണ്ടറിനെഴുതി. കത്തു വായിച്ചു് അലക്സാണ്ടർ പറഞ്ഞു: "ഒരു മാതാവിന്റെ ഒരു തുള്ളി കണ്ണുനീരിനു് ഇതുപോലെയുള്ള ആയിരം കത്തുകൾ ചവറ്റുകൊട്ടയിൽ തള്ളിക്കാൻ ശക്തിയുണ്ടെന്നു ഒരുപക്ഷെ ആന്തിപ്പാത്തറിനു് അറിഞ്ഞുകൂടാ!" ഫ്രഞ്ചു വിപ്ലവകാലത്തു് സുപ്രസിദ്ധ സാഹിത്യകാരനായിരുന്ന ഷാദനാബ്രിയൻ ഒരു അവിശ്വാസിയായി ലണ്ടനിൽ താമസിക്കുകയായിരുന്നു. ഒരുദിവസം അദ്ദേഹത്തിനു ഒരെഴുത്തു ലഭിച്ചു. അതിൽ, തന്റെ വത്സലമാതാവു് ജയിലിൽ കിടന്നു മരിച്ചുവെന്നും, മരണവേളയിൽ പുത്രന്റെ മതത്യാഗത്തെക്കുറിച്ചുള്ള സ്മരണ അവളെ വളരെ ദുഃഖിപ്പിച്ചുവെന്നും, കത്തോലിക്കാസഭയിലേക്കു് പിന്തിരിഞ്ഞുവരുവാനുള്ള ഒരു സ്നേഹശാസനം പുത്രനു നൽകിക്കൊണ്ടാണു് അവൾ കണ്ണടച്ചതെന്നും ഹൃദയസ്പൃക്കായ വിധത്തിൽ വിവരിച്ചിരുന്നു. തന്നെ ഉദരത്തിൽ വഹിച്ച അമ്മയെ ദുഃഖിപ്പിച്ചതോർത്തപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു; അതോടെ ബാല്യകാലത്തിലെ ക്രിസ്തീയവികാരങ്ങൾ അദ്ദേഹത്തിൽ പുനർജന്മമെടുക്കയും ചെയ്തു. "ഞാൻ കരഞ്ഞുകൊണ്ടു വിശ്വസിച്ചു" (I wept and I believed) എന്നാണു് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നതു്. ഇങ്ങനെയെങ്കിൽ നമ്മുടെ സ്വർഗ്ഗീയമാതാവിന്റെ പ്രേരണകളും അഭ്യർത്ഥനകളും ജീവിതമാതൃകയും നമ്മെ ഉത്തേജിപ്പിക്കാതിരിക്കുമോ? ഫാത്തിമായിലും ലൂപ്പായിലും മററും പ്രത്യക്ഷപ്പെട്ടുകൊണ്ടു അങ്ങുന്നു് സ്നേഹത്തോടും ഉൽകണ്ഠയോടുംകൂടി നൽകുന്ന ആഹ്വാനങ്ങളേയും മുന്നറിയിപ്പുകളേയും നമുക്കു് എങ്ങനെ അവഗണിക്കാൻ കഴിയും? സെറഫാത്തായിലെ വിധവയുടെ ദുഃഖത്തെ കണ്ടുകൊണ്ടു് ഏലിയാസ് ദീർഘദർശി അവളുടെ ശിശുവിനു് ജീവൻ നൽകി. സുനമിത്തക്കാരിയുടെ പ്രലാപത്താൽ ആർദ്രചിത്തനായി എലീസേവൂസ് അവളുടെ പുത്രനെ ഉയിർപ്പിച്ചു. നായിം പട്ടണത്തിലെ വിധവയുടെ ദുഃഖത്തെ കണ്ടുകൊണ്ടു ക്രിസ്തുനാഥൻ, അവൾ ആവശ്യപ്പെടാതെതന്നെ, അവളുടെ പുത്രനു ജീവൻ നൽകി. ഇങ്ങനെയെങ്കിൽ പാപികളായ—പാപത്താൽ മൃതരായ—നമുക്കുവേണ്ടി പരിശുദ്ധ ജനനി തന്റെ തിരുക്കുമാരനോടു് കേണപേക്ഷിക്കുമ്പോൾ അങ്ങുന്നു നമ്മെ ഒരിക്കലും ഉപേക്ഷിക്കയില്ല. "ദൈവത്തിന്റെ അമ്മ എന്റെയും അമ്മയാണു്" എന്നുള്ള വിശിഷ്ടവാക്യത്തിൽ സഞ്ചിതമായിരിക്കുന്ന അർത്ഥത്തെ സ്വകൃത്യപരമ്പരകളിൽ പകർത്തുവാൻ നാം ബദ്ധശ്രദ്ധരായിരിക്കണം.

(ജെ. ചെമ്മണ്ണൂർ)


## പുതിയശാഖ ആരംഭിക്കുന്നു

### ട്രാവൻകൂർ ഫെഡറൽ ബാങ്ക് ലിമിറ്റഡ്

### H. O. ആലുവാ.

ബ്രാഞ്ചുകൾ:—അങ്കമാലി, പെരുമ്പാവൂർ

ബാങ്കിന്റെ ഒരു ശാഖ എറണാകുളത്തു അരമനയ്ക്കു സമീപമുള്ള മാമ്പിള്ളി ബിൽഡിംഗ്സിൽ ഉടനെ ഉൽഘാടനം ചെയ്തു പ്രവർത്തനം ആരംഭിക്കുന്നതാണു്.

ക്യാപ്റ്റൻ ഫ്രാൻസിസ് പാനികുളം, ചെയർമൻ


### സുവിശേഷങ്ങൾ

(2-ാം പേജ് തുടർച്ച)

മാർഗ്ഗം സജ്ജമാക്കുവിൻ." മാണിയച്ചന്റെ തർജ്ജമ: "ആ നാളുകളിൽ സ്നാപകയോഹന്നാൻവന്നു യൂദയായിലെ മരുഭൂമിയിൽ പ്രസംഗിച്ചു്, നിങ്ങൾ പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പറഞ്ഞിരുന്നു. കർത്താവിന്റെ വഴി ഒരുക്കുവിൻ."

ഈ തർജ്ജമകളിൽ ഏതാണു നല്ലതെന്നു് അനുവാചകർ വിധിച്ചുകൊള്ളട്ടെ ഓരോന്നിനും ഓരോ തരത്തിലുള്ള ഗുണമുണ്ടു്. ശ്രീ തോമസു ഒന്നുരണ്ടു വാക്യങ്ങൾ സംഘടിപ്പിച്ചു പരിഭാഷപ്പെടുത്തിയിരിക്കുന്നു മൂന്നു കഠിനപദങ്ങൾ ആവശ്യംകൂടാതെ ചേർത്തിട്ടുണ്ടു്. മാണിയച്ചൻ ആദ്യത്തെ വാക്യം മുൻവിനയെച്ചമായി അവസാനിപ്പിച്ചതും പറഞ്ഞിരുന്നുവെന്നു പ്രയോഗിച്ചിട്ടുള്ളതും മധുരമായിത്തോന്നുന്നില്ല. നിരൂപണവിഷയമായ വിവർത്തനത്തിലെ ഒന്നാമത്തെ വാക്യം ക്ലിഷ്ടമായിത്തോന്നുന്നു. വഴിയെ ഒരുക്കുവിൻ എന്ന വാക്യത്തിലെ ദ്വിതീയവിഭക്തിപ്രത്യയം ആവശ്യമില്ല. ശ്രീ മയ്യനാടിന്റെ ഭഗവച്ചൂർണ്ണം ചിലക്കു രുചിക്കയില്ല ഒരു കഠിനപദം ഉപയോഗിച്ചിട്ടുണ്ടു്.

ഈ പ്രത്യേകവാക്യം വിവിധപരിഭാഷകളുടെ ഉൽകൃഷ്ടത നിർണ്ണയിക്കുവാനുള്ള മാനദണ്ഡമായി ആരും കരുതേണ്ട. എല്ലാത്തിനും ഗുണങ്ങളും ദോഷങ്ങളും ഉണ്ടു്. ഒരു നല്ലപരിഭാഷ മലയാളത്തിലുണ്ടാകുവാൻ ഇവയെല്ലാം മാർഗ്ഗം തെളിക്കുന്നുണ്ടു്. ശ്രീ മയ്യനാടൻ സെയിന്റ് മാത്യുവിന്റെ സുവിശേഷമേ പ്രസിദ്ധപ്പെടുത്തിട്ടുള്ളു. ശ്രീ. എൽ. എം. തോമസിന്റെ മൂലം അമേരിക്കൻ പരിഷ്കരിച്ച പതിപ്പാണു്. മോൺസിഞ്ഞോർ നോക്സിന്റെ പ്രസിദ്ധമായ ആംഗ്ലേയവിവർത്തനമൂലമാക്കി പരിഭാഷപ്പെടുത്തിയിട്ടുള്ള നിരൂപണവിധേയമായ സുവിശേഷഗ്രന്ഥം വേദപുസ്തകപഠനത്തിൽ ഏത്രയും സഹായകമായിരിക്കും. ആകയാൽ മംഗലപ്പുഴ സെമിനാരിയിലെ നവവൈദികരുടെ ഈ സുവിശേഷവിവർത്തനം കേരളീയർ സ്വാഗതംചെയ്യുമെന്നും ആ നവവൈദികരുടെ സുവിശേഷപ്രചരണതീക്ഷ്ണത അവർക്കു് എന്നുംആനന്ദകാരണമായിരിക്കുമെന്നും പ്രതീക്ഷിക്കുന്നു. അവരെല്ലാം ഹാർദ്ദമായ അനുമോദനം (T. M.)

---

കമ്മ്യൂണിസ്റ്റ് ചൈനായിലെ

## ലീജിയൻ

ലീജിയൻ ഓഫ് മേരി എന്ന സംഘത്തിലെ അംഗങ്ങൾ ചൈനായിൽ കമ്മ്യൂണിസ്റ്റുകാർ കരസ്ഥമാക്കിയിട്ടുള്ളതും വൈദികർക്കു പ്രവർത്തനസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിട്ടുള്ളതുമായ ഭാഗങ്ങളിൽ പ്രാർത്ഥനാസംഘങ്ങൾ നയിച്ചു് ഉപദേഷ്ടാക്കളുടെ ജോലി നിർവ്വഹിച്ചുപോരുന്നു. ചൈനായിൽ ഹുപ്പെ പ്രോവിൻസിലുള്ള ഹാനിയാങ് രൂപതയിലാണു 1937-ൽ ലീജിയൻ ഇദംപ്രഥമമായി സ്ഥാപിക്കപ്പെട്ടതു്. ഇന്നു അവിടെ 14 രൂപതകളിൽ ലീജിയനറിസ് വേലചെയ്യുന്നുണ്ടു്. ലീജിയന്റെ നിയമഗ്രന്ഥം ചൈനീസ്ഭാഷയിലേക്കു വിവർത്തനംചെയ്യപ്പെട്ടിട്ടുമുണ്ടു്.

# Sathya Deepam

Vo. 23 Ernakulam November 16 1949 No. 13


## ഹേമന്തപ്പനിനീർപ്പൂവ്

(1-ാം പേജ് തുടർച്ച)

നേയും പററി ഓർത്തപ്പോൾ മിഴികളിൽ നിറഞ്ഞുവന്ന ചുടുനീർത്തുള്ളികൾ മെല്ലെന്നൊഴുകിത്തുടങ്ങി.

എന്നാൽ യാതൊരു ക്ലേശത്തിനും ഖേദത്തിനും അവളുടെ ശിശുസഹജമായ ഭക്തിയെ ഹനിക്കുവാൻ കഴിഞ്ഞില്ല. രാത്രിയിൽ വളരെനേരം പ്രാർത്ഥനയിൽ കഴിക്കുന്നതിനും പാവപ്പെട്ടവർക്കു ധാരാളമായി ദാനംചെയ്യുന്നതിനും അവൾ ഇതിനുമുൻപുതന്നെ അഭ്യസിച്ചിരുന്നു.

ഹെർമ്മൻ മരിച്ചു. അയാളുടെ അനുജനായ ലുഡ്‌വിഗ്ഗിനെക്കൊണ്ടു എലിസബത്തിനെ കല്യാണം കഴിപ്പിക്കുവാൻ രാജാവു തീരുമാനിച്ചുകഴിഞ്ഞു. ഏറെനാൾ കഴിയുന്നതിനു മുൻപു രാജാവും ചരമഗതിപ്രാപിച്ചു. നാലു വർഷങ്ങൾക്കുശേഷം ലുഡ്‌വിഗ്ഗ് എലിസബത്തിനെ സഹധർമ്മിണിയായി സ്വീകരിച്ചു. അവൾക്കന്നു പതിന്നാലേ വയസ്സുള്ളു.

ഇന്നു എലിസബത്ത് രാജ്ഞിയാണ്. അവൾക്കു ലുഡ്‌വിഗ്ഗുമായി തീരെ നേരിയ പരിചയമേ ഉണ്ടായിരുന്നുള്ളു. അയാൾ അവളെപ്പററി—പ്രത്യേകിച്ചു അവളുടെ ദാനനിരതയെപ്പററി—എന്തു ചിന്തിക്കുമെന്നു അവൾക്കു സന്ദേഹമുണ്ടായി. കൊട്ടാരത്തിലെ രാജസേവകന്മാർ അവളെ നേരത്തേതന്നെ പരിഹസിക്കാറുണ്ടായിരുന്നു. അവർ പറയും, "ഓ, പോരാ, ഒരു ഹംഗേറിയൻ കന്യാസ്ത്രീ. അവൾക്കു പോയി വല്ലമഠത്തിലും ചേരരുതോ?"

അവളുടെ ദീനജനസേവനതല്പരതയെപ്പററി പ്രസിദ്ധമായ ഒരു കഥയുണ്ട്.

മഞ്ഞുകാലത്തെ മരംകോച്ചുന്ന ഒരു ദിവസം. ഉത്തരസമുദ്രത്തിൽനിന്നും വരുന്ന കാററു തുറിംഗിയൻ വനാന്തരങ്ങളിലെ മരങ്ങളെ കുനിപ്പിക്കുമാറു ആഞ്ഞടിക്കുന്നുണ്ട്. കാററിൽനിന്നു രക്ഷപെടാനെന്നപോലെ പാഞ്ഞുവരുന്ന മഞ്ഞുകട്ടകൾ ഇടയ്ക്കിടെ നിലത്തുവീഴുന്നു. അപ്പോൾ ഒരു വലിയ വട്ടിയും തൂക്കിപ്പിടിച്ചുകൊണ്ടു എലിസബത്ത് രാജ്ഞി തെന്നിത്തെറിക്കുന്ന വഴിയിലൂടെ നടന്നുപോകുകയാണ്.

അവൾ വിചാരിച്ചു, "ആ പാവം ജോസഫിനും കുഞ്ഞുങ്ങൾക്കും ഇപ്പോൾ പട്ടിണിയായിരിക്കും. കുറെ ദിവസമായി അവർക്കൊന്നും തിന്നാനില്ലായിരുന്നു. ഇന്നിതു കിട്ടുമ്പോൾ അവർക്കല്പസമാധാനമാകും."

പൊടുന്നനെ അവൾ കുതിരയുടെ കുളമ്പടി കേട്ടു. തലയുയർത്തി നോക്കിയപ്പോളുണ്ടു ലുഡ്‌വിഗ്ഗ് അശ്വാരൂഢനായി മുൻപിൽ നില്ക്കുന്നു.

"ലിസി", ആശ്ചര്യവും സന്ദേഹവും സമ്മേളിച്ചസ്വരത്തിൽ അയാൾ ചോദിച്ചു "ഈ മഞ്ഞും കാററുമുള്ളപ്പോൾ ഇവിടെ എന്തെടുക്കുകയാ? ഇതു ആപത്താണല്ലോ. ആ വട്ടിയിലെന്താ ഉള്ളത്, കാണട്ടെ."

അയാൾ പെട്ടെന്നു കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി വട്ടിയുടെ മുകളിൽ ഇട്ടിരുന്ന തുണിക്കഷണം ഒരു അററത്തേക്കു മാററി. എലിസബത്ത് പേടിച്ചു വിറച്ചുപോയി. അതിനുള്ളിൽ അപ്പമാണെന്നു മനസ്സിലാക്കിയാൽ ഇനി ഇത്തരം വിഡ്ഢിത്തങ്ങൾക്കൊന്നിനും പോകാതെ കൊട്ടാരത്തിൽ ഇരുന്നുകൊള്ളണമെന്നു ലുഡ്‌വിഗ്ഗ് കല്പിക്കുമെന്നു അവൾ ശങ്കിച്ചു. ആ പതിഭക്തയ്ക്കു ഭർത്താവിന്റെ ആജ്ഞ ലംഘിച്ചു ഈദൃശപ്രയാണങ്ങൾ നടത്തുവാൻ നിർവാഹമില്ലല്ലോ. തണുത്തുവിറയ്ക്കുന്ന ധവളാധരങ്ങൾകൊണ്ടു അവൾ മന്ദം മന്ത്രിച്ചു, "എന്റെ മാതാവേ, അപ്പം കാണുമ്പോൾ "അവിടെ" അരിശപ്പെടല്ലേ."

മഞ്ജുഷയുടെ യവനിക പറന്നു നിലത്തുവീണു. ലുഡ്‌വിഗ്ഗ് അതിനുള്ളിലേക്കുനോക്കി. അയാൾ അത്ഭുതപരതന്ത്രനായി പുറകോട്ടു വലിഞ്ഞുകൊണ്ടു പറഞ്ഞു "ഈ മഞ്ഞുകാലത്തോ ഇതു?"

തൽക്ഷണം മധുമാസത്തെ പൂമണം അന്തരീക്ഷമെങ്ങും വ്യാപിച്ചു. എലിസബത്ത് നോക്കിയപ്പോൾ വട്ടിക്കുള്ളിൽ കണ്ടു, അപ്പക്കഷണങ്ങൾക്കു പകരം, ചെമ്പനിനീർപ്പൂക്കൾ!

ഈ അത്ഭുതസംഭവത്തിനുശേഷം ലുഡ്‌വിഗ്ഗ് എലിസബത്തിനെ പൂർവ്വാധികം സ്നേഹിക്കുകയും അവളുടെ ദീനജനസേവനത്തിൽ സഹായിക്കുകയും ചെയ്തുപോന്നു.

ലുഡ്‌വിഗ്ഗ് ഇററലിയിൽ ആയിരുന്നപ്പോൾ തുറിംഗിയായിൽ പട്ടിണിയും പ്ലേഗും പടർന്നുപിടിച്ചു. എലിസബത്തിനു കൊട്ടാരത്തിന്റെ ജനാലകളിലൂടെ നോക്കുമ്പോൾ കാണാമായിരുന്നു, സാധുജനങ്ങൾ പട്ടിണിനിമിത്തം കഷ്ടപ്പെടുന്നതു്. ഒരുദിവസം അവൾ കൊട്ടാരം സർവ്വാധികാര്യക്കാരനെ വിളിച്ചു പറഞ്ഞു, "ഇവിടത്തെ പാനപാത്രങ്ങൾ എടുത്തോണ്ടുവരൂ, രാജകീയവിരുന്നുകൾക്കു ഉപയോഗിക്കുന്ന പാനപാത്രങ്ങൾ. അവയെല്ലാം ആ പാ



വപ്പെട്ടവർക്കു കൊടുക്കൂ." സർവ്വാധികാര്യക്കാർ അമ്പരന്നുപോയി. അയാൾക്കു വിശ്വാസമായില്ല, രാജ്ഞി സുബോധത്തോടെയാണു പറയുന്നതെന്നു്. ആശ്ചര്യത്തോടെ അയാൾ ചോദിച്ചു, "രാജകീയവിരുന്നിനു വച്ചിരിക്കുന്ന പാനപാത്രങ്ങളോ? പൊന്നും വെള്ളിയും കൊണ്ടുള്ള പാനപാത്രങ്ങളോ?"

"അതേ, താനൊന്നും പേടിക്കേണ്ട. രാജാവു തന്നെ കുററപ്പെടുത്തുകയില്ല. ഞാൻ അതിന്റെ ചുമതല ഏറേറാളാം. ആ പാവങ്ങൾ മരിക്കുന്നതിനു മുൻപു താനൊന്നു കൊടുക്കൂ."

സ്വർണ്ണപാത്രങ്ങളെടുത്തു പാവപ്പെട്ടവർക്കു കൊടുത്ത വിവരം ലുഡ്‌വിഗ്ഗ് തിരിച്ചുവന്നപ്പോൾ എലിസബത്ത് അയാളെ അറിയിച്ചു. അയാൾ ഒരു കൊച്ചു പുഞ്ചിരിയോടെ അവളുടെ കവിളിൽ നുള്ളിക്കൊണ്ടു പറഞ്ഞു "എന്റെ ലിസിക്കു അതാണ് ഇഷ്ടമെങ്കിൽ, ഞാൻ തകരപ്പാത്രത്തിൽ ഉണ്ടുകൊള്ളാം. ലിസി സന്തുഷ്ടയായിരിക്കുമ്പോൾ ലിസിയെക്കണ്ടാൽ എന്തു സുന്ദരിയാണെന്നോ?"

എലിസബത്തിനു നാണം വന്നു. അവൾ മന്ദാക്ഷമനോഹരയായി മുഖം കുനിച്ചു നിന്നുകൊണ്ടു പറഞ്ഞു, "തമ്പുരാന് അതാണ് ഇഷ്ടമെന്നു തോന്നുന്നു."

"എന്നാൽ അങ്ങനെയാവട്ടെ. ലിസി ദാനത്തിൽ ഒട്ടും കുറയ്ക്കേണ്ടാ." അവളുടെ പ്രിയതമൻ പ്രതിവചിച്ചു.

താമസിയാതെ, തീരാവ്യാധി ബാധിച്ചവർക്കുവേണ്ടി എലിസബത്ത് ഒരു ആശുപത്രി പണികഴിപ്പിച്ചു. അവിടത്തെ രോഗികളെ അവൾ പ്രതിദിനം സന്ദർശിക്കാറുണ്ടായിരുന്നു. തൊള്ളായിരം പാവപ്പെട്ടവർക്കു അവൾ നിത്യം ഭക്ഷണം കൊടുത്തുപോന്നു.

ഈശ്വരൻ അവർക്കു രണ്ടു കുഞ്ഞുങ്ങളെ നൽകി. അവൾ ആനന്ദത്തിൽ ആറാടി. ദുഃഖത്തിൽ വളർന്നുവന്ന എലിസബത്തിനു ജീവിതം ഒരു മോഹനസ്വപ്നമായിത്തോന്നി.

ആനന്ദം ചുററിലും തുളുമ്പിനിന്നപ്പോഴും പ്രാർത്ഥനയിലോ തപഃക്രിയകളിലോ അവൾ വിരസയായില്ല. ആത്മീകോപദേഷ്ടാവു അവളോടു പറഞ്ഞിട്ടുണ്ടായിരുന്നു ഈശ്വരൻ നമുക്കു തരുന്ന നിത്യഭാഗ്യത്തിനു പകരം അവിടുത്തേക്കു നാം എന്തുതന്നെ കൊടുത്താലും മതിയാകയില്ലെന്നു്.

ക്രിസ്തുവർഷം 1227. ചക്രവർത്തിയോടുകൂടി ലുഡ്‌വിഗ്ഗ് പലസ്തീനായിലേക്കു കുരിശുയുദ്ധത്തിനായിപ്പോയി. ചെമന്ന കുരിശടയാളമുള്ള കുപ്പായം ധരിച്ചു വന്നു് പ്രേയസിയോടു യാത്രപറഞ്ഞു ചുംബിച്ചുശേഷം, അയാൾ യോദ്ധാക്കളൊന്നിച്ചു കുതിരപ്പുറത്തു ഓടിച്ചുപോയപ്പോൾ, എലിസബത്ത് ജനാലയിലൂടെ നോക്കി കണ്ണുനീർ വാർത്തു. ഗർഭവതിയായ എലിസബത്ത് ദിനംതോറും ഭർത്താവിനെ കാത്തിരുന്നു. വസന്തം പോയി, വേനൽക്കാലം വന്നു, തനു തണുപ്പിക്കുന്ന മഞ്ഞുകാലത്തു എലിസബത്തിന്റെ ഉൾക്കളം കുളിർപ്പിച്ചുകൊണ്ടു് ഒരു പിഞ്ചുകുഞ്ഞു സമാഗതയായി.

അവളുടെ തൃതീയശിശു ജനിച്ചുദിവസം, ആ പൊൽക്കുഞ്ഞു പൂഞ്ചുണ്ടുകളിൽ ഉദിച്ചുയർന്ന പുഞ്ചിരിയെത്തല്ല തള്ളയെ നോക്കിക്കൊണ്ടു മെല്ലെന്നു ഒളിച്ചുകളഞ്ഞദിവസം, വനാന്തരങ്ങൾ കടന്നു ഒരു സന്ദേശഹരൻ കൊട്ടാരത്തിൽ വന്നുചേർന്നു. മധുരപ്രതീക്ഷകളോടെ എലിസബത്ത് മന്ദം എഴുന്നേററുചെന്നു പ്രിയതമന്റെ കത്തിനായി കൈനീട്ടി.

കുരിശടയാളം അണിഞ്ഞിരുന്ന ആ ദൂതൻ പറഞ്ഞു, "കത്ത്, ലുഡ്‌വിഗ്ഗ് തിരുമേനിയുടേതല്ല, ചക്രവർത്തി തിരുമനസ്സിലെതാണ്."

എലിസബത്ത് കത്തു പൊളിച്ചുവായിച്ചു. അവൾ ഒരുവരിയേ വായിച്ചുള്ളു. അവളുടെ നിർജ്ജീവകരങ്ങളിൽനിന്നു ലേഖനം നിലംപതിച്ചു. സമീപം നമ്രമുഖനായി നിന്നിരുന്ന സന്ദേശഹരനെ നോക്കി അവൾ അല്പനേരം നിന്നിമേഷയായി നിന്നുപോയി. ഒടുവിൽ അവൾ നിലവിളിച്ചുപറഞ്ഞു, "എല്ലാം തീർന്നു, ലോകവും ലോകസന്തോഷങ്ങളുമെല്ലാം എനിക്കു അസ്തമിച്ചു."

അവളുടെ ലുഡ്‌വിഗ്ഗ് ഇനി തിരിച്ചുവരികയില്ല. അവൾക്കു അന്നു വയസ്സു ഇരുപതുമാത്രം. അവളുടെ പിഞ്ചുകുഞ്ഞു പുഞ്ചിരിതൂകുകയും കൊഞ്ചിക്കുഴയുകയും ചെയ്യുന്നുണ്ടു്. പക്ഷെ അവളതൊന്നും കണ്ടില്ല.

"നാഥാ, എനിക്കിനി ഒരു കാര്യം മാത്രമേ ചെയ്യാനുള്ളു." അവൾ ലുഡ്‌വിഗ്ഗിനോടെന്നപോലെ സ്വയം പറഞ്ഞു. അയാളുടെ അനുവാദവചസ്സിന്റെ മാറൊലി അവളുടെ മനസ്സിൽ മുഴങ്ങിക്കൊണ്ടിരുന്നു, "എന്നാൽ അങ്ങനെയാവട്ടെ. ദാനത്തിൽ ഒട്ടും കുറയ്ക്കേണ്ടാ." ദാരിദ്ര്യം വരിക്കണമെന്നു എലിസബത്ത് നിശ്ചയിച്ചുകഴിഞ്ഞു. "തപഃക്രിയകൾ ചെയ്യുക, ഫ്രാൻസിസ്കൻ സഭാംഗമാകണമെന്നുള്ള നിന്റെ അഭിലാഷം ദൈവം സാധിച്ചുതരും" എന്നു ആത്മീകോപദേഷ്ടാവു നിർദ്ദേശിച്ചു.

അവളുടെ ദീനജനസേവനം ഉത്തരോത്തരം വർദ്ധിച്ചുവന്നു. പക്ഷെ ഇന്നവൾക്കു കൂട്ടുനില്ക്കുവാൻ ലുഡ്‌വിഗ്ഗ് ഉണ്ടായിരുന്നില്ല. അവളുടെ സകല വസ്തുക്കളും കൈവശപ്പെടുത്തിയതിനുശേഷം മഞ്ഞുകാലത്തെ ഒരു തണുത്ത രാത്രിയിൽ ഭർത്തൃസഹോദരൻ അവളെ കൊട്ടാരത്തിൽനിന്നും ഇറക്കിവിട്ടു. അവൾ അടുത്തുള്ള ഫ്രാൻസിസ്കൻ സന്യാസാലയത്തെ അഭയംപ്രാപിച്ചു. അവളുടെ അഭിലാഷാനുസാരം അവിടത്തെ യോഗിമാർ അന്നു ഈശ്വരനു കൃതജ്ഞതപ്രകാശിപ്പിച്ചുകൊണ്ടു്, "തേ ദേവും" എന്ന ഗീതം ആലപിച്ചു. "ഞാൻ ഇന്നു ദരിദ്രയാണ്", അതിനായി ദൈവത്തിനു നന്ദി. എനിക്കിന്നു പുണ്യമായ ദാരിദ്ര്യത്തിൽ ജീവിക്കുവാൻ കഴിയും. അതിനായി ഈശ്വരനു സ്തുതി." എന്നു എലിസബത്തിന്റെ ഹൃദയം ഏററുപാടി.

പുനർവിവാഹം കഴിക്കണമെന്നു ഒരു അമ്മാവൻ അവളെ ഉപദേശിച്ചുവെങ്കിലും അവൾ സമ്മതിച്ചില്ല. മറെറാരു ഭർത്താവു തനിക്കുണ്ടാകുകയില്ലെന്നു ലുഡ്‌വിഗ്ഗ് ജീവിച്ചിരുന്നപ്പോൾ തന്നെ അവൾ പ്രതിജ്ഞചെയ്തിരുന്നു. ബന്ധുക്കൾ അവളുടെ കുഞ്ഞുങ്ങളെ വളർത്തിക്കൊണ്ടുപോന്നു. അവളുടെ സ്ത്രീധനമായി കൊടുത്തിട്ടുണ്ടായിരുന്ന 2000 മാർക്കു അവർ തിരിയെ വാങ്ങി അവളെ ഏല്പിച്ചു. എലിസബത്താകട്ടെ, അതിൽ 500 മാർക്ക് ഒരുദിവസംകൊണ്ടുതന്നെ പാവപ്പെട്ടവർക്കു ദാനം ചെയ്തു.

1228-ലെ ദുഃഖവെള്ളിയാഴ്ച എലിസബത്ത് ലോകം പൂർണ്ണമായി ഉപേക്ഷിക്കുകയും ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ സ്ഥാനവസ്ത്രം സ്വീകരിക്കുകയും ചെയ്തു.

അക്കാലംതന്നെ അവൾ വാർട്ട്ബർഗ്ഗിൽ ഒരു ആശുപത്രി സ്ഥാപിച്ചു, അതിഗർഹിതമായ രോഗങ്ങൾ ബാധിച്ചവരെ ചികിത്സിക്കുന്നതിനായി. തുറിംഗിയായിലെ രാജ്ഞിയായിരുന്ന എലിസബത്ത് സ്വന്തകരങ്ങൾകൊണ്ടു്, ലുഡ്‌വിഗ്ഗ് രാജകുമാരൻ താലോലിച്ചു തലോടിവന്ന അവളുടെ മൃദുലകരങ്ങൾകൊണ്ടു്, ആ രോഗികളുടെ വ്രണനിബിഡമായ ശരീരങ്ങളിൽ തലോടി അവരെ ശുശ്രൂഷിച്ചു, സമാശ്വസിപ്പിച്ചു. ധരാധിപന്മാരും വൈദികാദ്ധ്യക്ഷന്മാരും പതിമൂന്നാംശതകത്തിലെ നയതന്ത്രബന്ധങ്ങളിൽ ഭാഗഭാഗിത്വം വഹിച്ചു യൂറോപ്യൻ ചരിത്രത്തെ തെല്ലൊന്നു പൊളിച്ചെഴുതി ലോകരംഗത്തുനിന്നും മനുഷ്യഹൃദയങ്ങളിൽനിന്നും മറഞ്ഞു. എന്നാൽ ദാരിദ്ര്യത്തിന്റെ കളിത്തോഴിയായ എലിസബത്ത് ലോകത്തിനു കൊള്ളരുതാത്ത ദീനരേയും രോഗികളേയും ആശ്വസിപ്പിച്ചു് ജർമ്മൻ ജനഹൃദയങ്ങളിൽ സ്ഥിരപ്രതിഷ്ഠ സമ്പാദിച്ചു.

1231-ൽ ഇരുപത്തിനാലാമത്തെ വയസ്സിൽ ദീനജനങ്ങളുടെ രാജകുമാരി നിര്യാതയായപ്പോൾ, ജർമ്മൻ ജനങ്ങൾ നിരർഗ്ഗളം അശ്രുക്കൾ പൊഴിച്ചു. അവളും ജർമ്മൻകാരെ മറന്നില്ല. മരണശേഷം അവളുടെ കുടീരത്തിങ്കൽ പല അത്ഭുതങ്ങളും നടന്നു, തീർത്ഥസംഘങ്ങൾ പലതും അവിടെ വന്നു. ഒടുവിൽ 1235-ൽ, മരണശേഷം നാലുകൊല്ലം കഴിഞ്ഞതോടെ, പരിശുദ്ധപിതാവു ഗ്രിഗറി ഒൻപതാമൻ അവളെ വിശുദ്ധയെന്നു പ്രഖ്യാപനംചെയ്തു.

വിശുദ്ധ എലിസബത്ത് അപ്പക്കാരുടെ മദ്ധ്യസ്ഥയാണ്, ഫ്രാൻസിസ്കൻ മൂന്നാം സഭക്കാരുടേയും. പാവപ്പെട്ടവർക്കു അപ്പമേകി അവരുടെ പട്ടിണി കെടുത്തിയ വിശുദ്ധ എലിസബത്ത്, നാം പ്രാർത്ഥിച്ചാൽ നമ്മുടെ ക്ലേശങ്ങൾ ശമിപ്പിക്കുവാൻ സന്നദ്ധയായി. ഇന്നും ഓടിയെത്താതിരിക്കുകയില്ല. ഒരു മനോഹരമഞ്ജുഷനിറയെ ശാന്തിയും ആനന്ദവുമായി എത്തുന്ന അവളെ നമുക്കു അഭിവാദ്യംചെയ്യാം. [ഈ പുണ്യവതിയുടെ തിരുനാൾ അടുത്ത ശനിയാഴ്ചയാണ്.]

ഇംഗ്ലീഷിൽനിന്നു ഭാഗികമായ ആശയാനുവാദം.


### നിങ്ങളുടെ ആരോഗ്യം

സുരക്ഷിതമായിരിക്കുവാൻ, രോഗബാധകൂടാതെ ജീവിക്കുവാൻ സുവാനന്ദകല്പം ബുക്ക് വായിക്കുക. എല്ലാവർക്കും ഇനാമായിട്ടയക്കും.

ദിവ്യൗഷധശാല, മണ്ണൂർ, C. T. U.



*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam